# തളിര്

കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക


2024 സെപ്റ്റംബർ
വില ₹25



# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുതിയ പുസ്തകങ്ങൾ




**ദിയ മോളുടെ തൂവൽ**
**എസ് ശാന്തി**
(ചിത്രപുസ്തകം)
വില ₹60





**കിലുക്കിട്ടം**
**എൻ കെ ദേശം**
(ചിത്രപുസ്തകം)
വില ₹130





**രണ്ട് ഡൈനസോർ കുട്ടികൾ**
**സൈജ എസ്**
(ചിത്രപുസ്തകം)
വില ₹90




**മീശ**
**ഷിനോജ് രാജ്**
(ചിത്രപുസ്തകം)
വില ₹60




**ആകാശമത്സ്യം**
**ഡോ. ടി പി കലാധരൻ**
(ചിത്രപുസ്തകം)
വില ₹90




**ഒരു പ്ലാവിലക്കഥ**
**അനിത എസ്**
(ചിത്രപുസ്തകം)
വില ₹60

## കൂടുതൽ പുസ്തകങ്ങൾക്ക്

**website : www.ksicl.org**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, പാളയം, സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34, ഫോൺ** 0471-233 3790, e-mail : director@ksicl.org
**താഴെ കാണുന്ന അക്കൗണ്ട് നമ്പറിൽ പണം അടച്ചതിനു ശേഷം മൊബൈൽ നമ്പറിലേക്ക് രസീതും വിലാസവും വാട്സാപ്പ് മെസേജ് ചെയ്യുക.** MOB: 8547971483
ACCOUNT NUMBER : 67178297569. IFSC : SBIN0000941

## തളിര് മാസിക തപാലിൽ ലഭിക്കാൻ

**വാർഷികവരിസംഖ്യയായ 250 രൂപ**
**ബാങ്ക് ട്രാൻസ്ഫർ/മണിയോർഡർ/ഡിഡി ആയി അയയ്ക്കുക.**
**ACCOUNT NUMBER : 30583524448 | IFS Code : SBIN0004360**
**BANK: SBI - SPL PBB, THIRUVANANTHAPURAM**

ഓൺലൈൻ ട്രാൻസ്ഫർ മുഖേന വരിസംഖ്യ അടയ്ക്കുമ്പോൾ താമസം കൂടാതെ മാസിക ലഭിക്കുന്നതിന് ബാങ്ക് ട്രാൻസ്ഫർ വിവരങ്ങളും മാസിക ലഭിക്കേണ്ട പൂർണവിലാസവും (പിൻകോഡും മൊബൈൽനമ്പറും ഉൾപ്പെടെ) കാണിച്ച് ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് ഒരു കത്ത്/ ഇമെയിൽ (thaliru@ksicl.org)അയക്കേണ്ടതാണ്. **8547971483** എന്ന നമ്പറിലേക്ക് വാട്സാപ്പ് ആയും രസീതും വിലാസവും അയക്കാവുന്നതാണ്.

പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

സെപ്റ്റംബർ 2024
വില ₹25
വാർഷികവരിസംഖ്യ ₹250

# തളിര്

September 2024 Vol:31, Issue: 9

ഉള്ളടക്കം



## അമ്മ

പ്രഭാവർമ്മ

7

ഓടിക്കളിച്ചു ഞാൻ വീണുവെന്നാൽ
വീഴിച്ച കല്ലിനെത്തല്ലുമമ്മ!
പേടിച്ചരണ്ടുകരഞ്ഞുണർന്നാൽ
താരാട്ടുപാടിയുറക്കുമമ്മ!

## ചിറകുള്ള കുതിര

കെ ജയകുമാർ

6



നിഗൂഢരഹസ്യങ്ങൾ പങ്കുവയ്ക്കുംപോലെ
കുതിരയ്ക്കു ചിറകുകൾ വിതിർന്നു.
ഞൊടിയിടയ്ക്കുള്ളിൽ ആ ചിറകുകൾ
പിന്നെയും ഉടലിനോടൊട്ടിപ്പിടിച്ചു.



8

## ചിത്രം വരയ്ക്കുന്ന ജീവികൾ

ഡോ. അജിത്കുമാർ ജി

മനുഷ്യർ മാത്രമല്ല ചിത്രംവരയ്ക്കാൻ കഴിവുള്ള ജീവി. കോംഗോ എന്ന ചിമ്പാൻസി മുതൽ ഒരു പ്രത്യേകതരം പഫർ മത്സ്യംവരെ കലാസൃഷ്ടി നടത്തുന്നവരാണ്.

പൂത്തുമ്പി......14
സുഭാഷിണി തങ്കച്ചി

ഓണമെന്നും വേണം......15
ഡോ. എഴുമറ്റൂർ രാജരാജവർമ്മ

പടവുകൾ......16
പയ്യന്നൂർ കുഞ്ഞിരാമൻ

ബഹിരാകാശസഞ്ചാരിയായ ഒരു പൂക്കാലം......18
അരുൺ രവി

അത്തം പത്തോണം......22
പള്ളിയറ ശ്രീധരൻ

ഛത്രപതി ശിവാജി ടെർമിനസ്......24
കെ രമ

റിക്കി ടിക്കി ടാവി......28
റഡ്യാഡ് കിപ്ലിങ്
പുനരാഖ്യാനം: രജ്ന കെ ആസാദ്

ഓണനിലാവ്......33
ജാസ്മിൻ കാക്കനാട്ട്

ഹസൈ ഹിമെ രാജകുമാരിയുടെ കഥ......34
പുനരാഖ്യാനം: ഇ പി പവിത്രൻ

പ്രതീക്ഷയുടെ ഓസോൺ കവചം......40
സീമ ശ്രീലയം

ഇളംതളിര്......44

ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**സജി ചെറിയാൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

സ്ഥാപക എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**കെ രമ**
**കെ എൻ കുട്ടി കടമ്പഴിപ്പുറം**
**ചേർത്തല രാജൻ**
**ആലപ്പി രമണൻ**

എക്സിക്യൂട്ടീവ് എഡിറ്റർ
**നവനീത് കൃഷ്ണൻ എസ്**
**അഞ്ജന സി ജി**

ഡിസൈൻ , ലേഔട്ട്
**നവനീത് കൃഷ്ണൻ എസ്**

കവർ
**രശ്മി രാഘവൻ**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034

**ഫോൺ**
0471-233 3790, 8547971483
e-mail : thaliru@ksicl.org,
director@ksicl.org

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
www.ksicl.org



വര: ബോബി എം പ്രഭ

# മാനുഷരെല്ലാരുമൊന്നു പോലെ...

ഒരു ഓണക്കാലംകൂടി നമുക്കരികിലെത്തിയിരിക്കുകയാണ്. സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും ഉത്സവമാണ് ഓണം. വർണ്ണാഭമായ പൂക്കളങ്ങൾ തീർത്ത്, പുതുവസ്ത്രങ്ങളണിഞ്ഞ്, വിഭവസമൃദ്ധമായ സദ്യയൊരുക്കി, വീട്ടുകാർക്കും കൂട്ടുകാർക്കുമൊപ്പം ആഹ്ലാദിച്ചുല്ലസിക്കുന്ന ദിവസങ്ങൾ. കേരളത്തിന്റെ സ്വന്തം ഉത്സവമായ ഓണം ഇത്തവണയും നമ്മൾ ആഘോഷിക്കണം.

ഇതൊക്കെയാണെങ്കിലും ദുഃഖത്തോടെയല്ലാതെ ഇത്തവണത്തെ ഓണം നമുക്ക് ആഘോഷിക്കാനാവില്ല. വയനാട്ടിലെ ഉരുൾപൊട്ടൽ വലിയൊരു നൊമ്പരമായി നമ്മുടെ മനസ്സിലുണ്ടാവും. മാനുഷരെല്ലാരുമൊന്നുപോലെ എന്ന മഹാസന്ദേശമാണ് ഓരോ ഓണക്കാലവും നമുക്കേകുന്നത്. കുറച്ചുപേർക്ക് എല്ലാം നഷ്ടപ്പെട്ടിരിക്കുമ്പോൾ അവർക്കു താങ്ങായി നമ്മൾ ഒപ്പമുണ്ടാവണം. മാനുഷരെല്ലാരുമൊന്നു പോലെ എന്ന ആശയം അതിലൂടെ നമുക്ക് പ്രാവർത്തികമാക്കാനാവും. വയനാടിനു വേണ്ടി നമുക്കെന്തെങ്കിലും ചെയ്യാൻ കഴിഞ്ഞാൽ ഇത്തവണത്തെ ഓണാഘോഷം കൂടുതൽ അർത്ഥവത്താവും.

നമ്മൾ നൽകുന്ന ചെറിയ കരുതൽപോലും അവർക്ക് വലിയ ആശ്വാസമാണ്. നിങ്ങൾക്കു ചെയ്യാവുന്ന ചെറിയ സഹായങ്ങൾ എന്തെല്ലാം ആണെന്ന് കൂട്ടുകാരുമായി ചേർന്ന്

ആലോചിച്ചുനോക്കൂ. അവിടത്തെ കുരുന്നുകൾക്ക് അവർക്ക് ഏറെ പ്രിയപ്പെട്ട പുസ്തകങ്ങളും പെൻസിലും പിറന്നാൾ സമ്മാനങ്ങളും യൂണിഫോമും അടക്കം എല്ലാമാണ് നഷ്ടപ്പെട്ടത്. നാളെ അവർക്കും നിങ്ങളെപ്പോലെ സ്കൂളിൽ പോയി പഠിച്ച് മിടുക്കരാവാൻ കഴിയട്ടെ.

ലോക ഓസോൺ ദിനം വരുന്നത് സെപ്റ്റംബറിലാണ്. ഓസോൺ പാളി ക്ഷയിക്കുന്നതു തടഞ്ഞ് ഭൂമിയെ സംരക്ഷിക്കാൻ ലോകരാഷ്ട്രങ്ങൾ മുഴുവൻ ഒന്നുചേർന്ന് പോരാട്ടം തുടങ്ങിയ ദിനമാണ് സെപ്റ്റംബർ 16. മാനുഷർ മുഴുവൻ ഒന്നുചേർന്ന് ഭൂമിയെ സംരക്ഷിക്കാൻ ഒരുമിക്കുക എന്നത് ഏറെ പ്രതീക്ഷയുണർത്തുന്ന കാര്യമാണ്. ഓണത്തിന്റെ സന്ദേശവും ഇതുതന്നെ. മാനുഷരെല്ലാരും ഒന്നുപോലെ ഒന്നുചേരുക. ജീവന്റെ നിലനിൽപ്പിനായി കൈകോർക്കുക.

എല്ലാ കൂട്ടുകാർക്കും ഓണാശംസകൾ...

സ്നേഹത്തോടെ,


**പള്ളിയറ ശ്രീധരൻ**
എഡിറ്റർ

**ദുഃഖത്തോടെയല്ലാതെ ഇത്തവണത്തെ ഓണം നമുക്ക് ആഘോഷിക്കാനാവില്ല. വയനാട്ടിലെ ഉരുൾപൊട്ടൽ വലിയൊരു നൊമ്പരമായി നമ്മുടെ മനസ്സിലുണ്ടാവും. മാനുഷരെല്ലാരുമൊന്നുപോലെ എന്ന മഹാസന്ദേശമാണ് ഓരോ ഓണക്കാലവും നമുക്കേകുന്നത്. കുറച്ചുപേർക്ക് എല്ലാം നഷ്ടപ്പെട്ടിരിക്കുമ്പോൾ അവർക്കു താങ്ങായി നമ്മൾ ഒപ്പമുണ്ടാവണം. മാനുഷരെല്ലാരുമൊന്നുപോലെ എന്ന ആശയം അതിലൂടെ നമുക്ക് പ്രാവർത്തികമാക്കാനാവും.**

## സാഹിത്യകാരിലൂടെ ഒരു യാത്ര

# ചെറുശ്ശേരി

**ജനനം: പതിനഞ്ചാം നൂറ്റാണ്ട്**
**ജനനസ്ഥലം: വടകര**




കൃഷ്ണഗാഥ രചിച്ച കവിയായിട്ടാണ് ചെറുശ്ശേരി അറിയപ്പെടുന്നത്. വടകരയ്ക്കു സമീപമുള്ള ചെറുശ്ശേരി ഇല്ലത്ത് പതിനഞ്ചാം നൂറ്റാണ്ടിലാണ് അദ്ദേഹം ജീവിച്ചിരുന്നതായി കരുതപ്പെടുന്നത്. പ്രാചീന കവിത്രയങ്ങളിൽ ഒരാളാണ് ചെറുശ്ശേരി. സംസ്കൃതഭാഷയുടെ അതിപ്രസരത്തിൽനിന്നു മാറി സാധാരണക്കാരുടെ മലയാളത്തോട് അടുത്തുനിൽക്കുന്ന ഭാഷയാണ് കൃഷ്ണഗാഥയിൽ ഉപയോഗിച്ചിട്ടുള്ളത്. അതിനാൽത്തന്നെ മലയാളസാഹിത്യത്തിൽ കൃഷ്ണഗാഥയ്ക്കും ചെറുശ്ശേരിക്കും പ്രത്യേക സ്ഥാനമാണ് സാഹിത്യലോകം കല്പിച്ചുനൽകിയിട്ടുള്ളത്.

മലയാളത്തിലെ സാഹിത്യകാരെ അറിയാൻ ഒരു അവസരം. ഓരോ മാസവും ഓരോ സാഹിത്യകാരെ നമുക്കു പരിചയപ്പെടാം.



# ചിറകുള്ള കുതിര

കെ ജയകുമാർ

വര: അരവിന്ദ് രാമചന്ദ്രൻ



കുട്ടിയുടെ മുന്നിലതാ വന്നു നിൽക്കുന്നു
ചെമ്പിന്റെ നിറമുള്ള കുതിര.
തലയെടുപ്പുള്ള കുതിര-
ഒരാൾ പൊക്കമുള്ള കുതിര.
നെറ്റിയിൽ പൊട്ടുള്ള കുതിര
കുഞ്ചിരോമം കറുപ്പിച്ച കുതിര.

വിസ്മയക്കാഴ്ചയത് വിശ്വസിക്കാൻ തന്നെ
കുട്ടിക്കു വല്ലാത്ത ഭാരം.
കുതിരയുടെ ചിരിയേറ്റു കുട്ടിയുടെ ഹൃദയത്തിൽ
അദ്ഭുതത്തിൻ വേലിയേറ്റം.

നിഗൂഢരഹസ്യങ്ങൾ പങ്കുവയ്ക്കുംപോലെ
കുതിരയ്ക്കു ചിറകുകൾ വിതിർന്നു.
ഞൊടിയിടയ്ക്കുള്ളിൽ ആ ചിറകുകൾ പിന്നെയും
ഉടലിനോടൊട്ടിപ്പിടിച്ചു.

"എന്നെയുംകൊണ്ട് പറക്കുമോ നീ" എന്ന്
കുട്ടി വിചാരിച്ചു നിൽക്കെ,
മുൻകാലു രണ്ടും മടക്കി, കുട്ടിയുടെ
മുന്നിൽ നിൽക്കുന്നൂ കുതിര.
ചിറകുകൾ വീണ്ടും വിതിർന്നൂ, കുതിര
കുട്ടിയെക്കൊണ്ട് പറന്നൂ.

കാറ്റ്, നിലയ്ക്കാത്ത കാറ്റ്, വെൺ-
മേഘങ്ങൾ നിർമ്മിച്ച കോട്ടകൾ ഭേദിച്ചും
അകലങ്ങൾ താണ്ടിയും
നഗരങ്ങൾ താണ്ടിയും
ഹരിതങ്ങൾ താണ്ടിയും
ചിറകുകൾ വീശിപ്പറന്നൂ- കുതിര,
കുട്ടിയെക്കൊണ്ട് പറന്നൂ.

ഒടുവിൽ ഒരു മഹാകാനനമധ്യത്തിൽ
ഒരു സ്ഫടികജലാശയക്കരയിൽ
കുതിര പറന്നു വന്നെത്തി;
കുട്ടിയെ മണ്ണിലിറക്കി.

നീന്തിത്തുടിച്ചു രസിച്ചൂ- കുട്ടി
മധുജലം ഏറെക്കുടിച്ചൂ.
കരയിലെച്ചെടികളിലെ മധുരഫലങ്ങൾ
മതിവരുവോളം രുചിച്ചൂ, ചുറ്റും

പക്ഷികൾ പാടുന്ന പാട്ടിലാ പരിസരം
സംഗീതസാന്ദ്രമായ് തീർന്നു.

സൂര്യൻ പടിഞ്ഞാറ് ചാഞ്ഞു;
നിഴലുകൾ നീണ്ടു വളർന്നു.
തിരികെപ്പറക്കുവാൻ നേരമായ്, എങ്കിലും
തിരികെപ്പറക്കുവാൻ കുതിരയില്ല.
കാട്ടിലും മേട്ടിലും വള്ളിപ്പടർപ്പിലും
ചിറകുള്ള കുതിരയെത്തേടി.
കുതിരയെക്കാണുവാനില്ല- കുതിര-
ച്ചിറകുകൾ കാണുവാനില്ല.

എന്നുമീ മായാജലാശയതീരത്തു
കഴിയുകയെന്നതേ ശാപം.
പകലന്തിയോളം നടത്തിയ ജലകേളി
ഓർക്കുമ്പോഴേ ഭയം മാത്രം.

മായാവിയാണീ പറക്കുന്ന കുതിര;
ഭ്രമചിത്രമാണീ ജലാശയഭൂമിക.

കവിത

# അമ്മ

പ്രഭാവർമ്മ



ആദ്യമായ് ഞാൻ കണ്ടതീരൂപം-
എന്നമ്മതന്നലി-
വോലുമീ വാത്സല്യലയഭാവം!
ആദ്യമായ് ഞാൻ കേട്ടതീനാദം-
എന്നമ്മ തൻ കനി-
വോലുമീ സംഗീതസമനാദം!

ഓടിക്കളിച്ചു ഞാൻ വീണുവെന്നാൽ
വീഴിച്ച കല്ലിനെത്തല്ലുമമ്മ!
പേടിച്ചരണ്ടുകരഞ്ഞുണർന്നാൽ
താരാട്ടുപാടിയുറക്കുമമ്മ!
നേർത്ത പരിഭവമാകെയെന്നും
പുഞ്ചിരിപ്പീലിയാൽ മായ്ക്കുമമ്മ!

വാടിത്തളർന്നു ഞാൻ പോന്നുവെന്നാൽ
നീർമണിക്കാറ്റായ് തലോടുമമ്മ!
തേടിക്കുഴഞ്ഞുവലഞ്ഞുപോയാൽ
തേടുന്ന വള്ളിയായ് പോരുമമ്മ
സങ്കടത്തിൽ വിങ്ങിവിങ്ങിനിന്നാൽ
കണ്ണുനീരുമ്മയാലൊപ്പുമമ്മ!

വര: വെങ്കി



# ചിത്രം വരയ്ക്കുന്ന ജീവികൾ

**ഡോ. അജിത് കുമാർ ജി**



ഏവരെയും അദ്ഭുതപ്പെടുത്തിക്കൊണ്ട് കോംഗോയുടെ (Congo)ചിത്രങ്ങൾ വൻതുകയ്ക്കാണ് ലേലത്തിൽ വിറ്റുപോയത്. അമേരിക്കയിൽനിന്നുള്ള അതിപ്രശസ്ത ചിത്രകാരൻ ആൻഡി വാർഹോൾ (Andy Warhol), ഫ്രഞ്ച് ഇംപ്രഷനിസ്റ്റ് ചിത്രകാരനായ റെനോ (Renoir) എന്നിവരുടേത് ഒന്നുപോലും വില്പന നേടിയില്ല. 2005 ൽ ലണ്ടനിലെ ബോൺഹംസിൽ (Bonhams) നടന്ന ലേലത്തിൽ കോംഗോയുടെ മൂന്ന് ചിത്രങ്ങൾക്ക് 25000 അമേരിക്കൻ ഡോളർ ലഭിച്ചു. 1964 ൽ അന്തരിച്ച കോംഗോ ജീവിച്ചിരിക്കവേതന്നെ നിരവധി പ്രദർശനങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. പ്രശസ്തിയുടെ കാര്യത്തിലും മോശക്കാരനല്ല. സ്പാനിഷ് ചിത്രകാരനായ പാബ്ലോ പികാസോയുടെ ചുവരുകളെ അലങ്കരിച്ചവയിൽ അദ്ദേഹത്തിന് സമ്മാനമായി ലഭിച്ച കോംഗോയുടെ ഒരു ചിത്രവും ഉൾപ്പെട്ടിരുന്നു.

> കോംഗോ പക്ഷേ മനുഷ്യവിഭാഗത്തിൽപ്പെട്ട ചിത്രകാരനായിരുന്നില്ല. ഡെസ്മണ്ട് മോറിസ്സ് (Desmond Morris) എന്ന ജന്തുശാസ്ത്രജ്ഞന്റെ പരീക്ഷണശാലയിലെ ഒരു ചിമ്പാൻസിയാണ് കോംഗോ.

ഡെസ്മണ്ട് മോറിസ്സിന്റെ 'നേക്കഡ് ഏപ്' എന്ന പുസ്തകം വളരെ പ്രസിദ്ധമായ ഒന്നാണ്. ആഫ്രിക്കൻ കാടുകളിൽനിന്നുമാണ് ഒരു വയസ്സ് പ്രായത്തിൽ കോംഗോയെ ലണ്ടനിലേക്ക് കൊണ്ടു



കോംഗോ ചിമ്പാൻസി
ചിത്രം വരയ്ക്കുന്നു.
Photo: Desmond Morris



കോംഗോ
വരച്ച ഒരു ചിത്രം.
Photo: Desmond Morris

വരുന്നത്, 1955 ൽ. അന്ന് ഒരു കൈയിൽ പെൻസിൽ കൂട്ടിക്കെട്ടിവച്ച് മോറിസ് കടലാസ്സുകൾ നൽകി. കോംഗോ പെൻസിൽ കടലാസ്സിലമർത്തി പ്രത്യേക രൂപമൊന്നുമില്ലാതെ കുനുകുനെ വരഞ്ഞു. അവന്റെ ആദ്യചിത്രം അങ്ങനെയാണുണ്ടായത്. ഘട്ടം ഘട്ടമായി അവൻ ബ്രഷുകളും നിറങ്ങളും കൊണ്ട് ക്യാൻവാസ് രചനകളിലേക്കു കടന്നു. ഇതേ കാലത്തുതന്നെ ബാൾട്ടിമോർ ബെറ്റ്സി (Baltimore Betsy) എന്ന പെൺചിമ്പാൻസി സമാനമായ വരകളിലൂടെ ടെലിവിഷൻ പ്രോഗ്രാമുകളിൽ പ്രത്യക്ഷപ്പെടുമായിരുന്നു. ഇരുവരും ചേർന്ന് രചിച്ച 20 ഓളം ചിത്രങ്ങൾ 1957 ൽ ലണ്ടനിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കണ്ടമ്പററി ആർട്ടിൽ വിജയകരമായി പ്രദർശിപ്പിക്കപ്പെട്ടു.

കുട്ടികൾക്കായുള്ള ഒരു കസേരയിലിരുന്നാണ് കോംഗോയുടെ ചിത്രമെഴുത്ത്. ചെമ്മണ്ണിന്റേതിന് തുല്യമായ ഒരു ബ്രൗൺ നിറത്തിനോടാണ് ഏറെ പ്രിയം. പല നിറങ്ങൾ ചേർത്ത ബ്രഷുകൾ നൽകിയാൽ കോംഗോ അവയെ മിശ്രണം ചെയ്ത് ബ്രൗൺ നിറത്തിലേക്ക് എത്തിക്കും. ചിത്രരചനയ്ക്കിടയിൽ വലിയ ഗൗരവമാണ്. വര പൂർത്തിയാകുന്നതുവരെ ശല്യപ്പെടുത്തുന്നത് ഇഷ്ടമല്ല. ബ്രഷോ നിറമോ നൽകാതിരിക്കുകയോ അവ പിൻവലിക്കുകയോ ചെയ്താൽ അവയ്ക്കുവേണ്ടി വാശി പിടിക്കും. ചിത്രം പൂർത്തിയായെന്ന് തോന്നിയാൽ പെൻസിലും ചോക്കും ബ്രഷുമെല്ലാം സഹായിക്ക് മടക്കിനൽകും. അല്ലെങ്കിൽ അവ ഉപേക്ഷിച്ചിട്ട് കളിക്കുവാനോ ആഹാരം കഴിക്കുവാനോ നീങ്ങും. ഏതാണ്ട് 15 മുതൽ 30 മിനുട്ട് വരെയാണ് ഒരു സിറ്റിംഗ്. ചിലപ്പോൾ വരയ്ക്കിടയിൽ മടുപ്പോ അരിശമോ തോന്നാം. ഒരിക്കൽ ചിത്രത്തിൽത്തന്നെ മൂത്രമൊഴിച്ച് അത് നിറവുമായി കൂട്ടിക്കലർത്തുന്ന 'കലാപരിപാടി'യും ഉണ്ടായത്രേ!

ഇങ്ങനെയൊക്കെയാണെങ്കിലും മോറിസ്സിന്റെ പരിശീലനം അപൂർവമായ ചിത്രരചനാസിദ്ധി വളർത്തിയെടുക്കുന്നതിൽ നിർണ്ണായകമായിരുന്നു. തുടക്കത്തിൽ പെൻസിൽ കടിച്ചുപറിക്കുക, ഒടിച്ചുകളയുക തുടങ്ങിയ രീതികൾ ഒഴിവാക്കുന്നതിനായി ചെറിയ ശാസനകളോ ശിക്ഷകളോ നൽകേണ്ടിവന്നിരുന്നു. ചില നല്ല പെരുമാറ്റങ്ങൾക്കോ, ഉണക്കമുന്തിരി സമ്മാനവും. പത്ത് വർഷം ജീവിച്ചിരുന്ന കോംഗോ നാനൂറിലധികം ഡ്രോയിംഗുകളും പെയിന്റിംഗുകളുമാണ് രചിച്ചത്.

**എന്ത് തരത്തിലുള്ള പ്രതിഫലമാണ് ഒരു കലാസൃഷ്ടി ഉണ്ടാക്കുന്നതിന് മനുഷ്യരെ പ്രേരിപ്പിക്കുന്നത് എന്നത് കാലങ്ങളോളം ആവർത്തിക്കപ്പെട്ട ചോദ്യമാണ്. കലാകാരരും കലാനിരൂപകരും തത്വചിന്തകരും സയന്റിസ്റ്റുകളുമെല്ലാം ഇതിന് പല വീക്ഷണങ്ങളിലൂടെ ഉത്തരം നൽകാൻ ശ്രമിച്ചുവരുന്നു.**

എങ്കിലും ചിത്രങ്ങൾ അടക്കമുള്ള കലാനിർമ്മാണത്തിന് പ്രേരണയാകുന്നത് ചിത്രം രചിക്കുമ്പോൾത്തന്നെ അനുഭവിക്കുന്ന ആനന്ദമാണ് എന്നത് എല്ലാവരും അംഗീകരിക്കുന്നുണ്ട്. ഒരു നാടകമോ സിനിമയോ അവതരിപ്പിക്കുമ്പോൾ കലാകാർ അനുഭവിക്കുന്ന ആനന്ദം അവയിൽ നിന്നു വരുമാനമുണ്ടാകുന്ന സന്ദർഭത്തിനെക്കാൾ മികച്ചതാണെന്ന് കരുതപ്പെടുന്നു. ഇത് സത്യമാണെങ്കിൽ കോംഗോ എന്ന ചിമ്പാൻസിയുടെ പ്രവർത്തനത്തെ കലാവിഷ്ക്കാരമായി കണക്കാക്കേണ്ടി വരുമെന്നാണ് ഡെസ്മണ്ട് മോറിസ്സിനെ



ക്യാൻസി എന്ന ബോണോബോ കുരങ്ങ് വാക്കുകളുമായി ബന്ധപ്പെട്ട ചിഹ്നങ്ങൾ ഉപയോഗിച്ച് മനുഷ്യരുമായി സംവദിക്കുന്നു.
Photo: William H. Calvin, PhD / Wikimedia Commons

പോലുള്ളവരുടെ അഭിപ്രായം. കോംഗോ തന്റെ ചിത്രരചനയെ ആഘോഷിക്കുകയും അതിൽ സന്തോഷപൂർവം അഭിരമിക്കുകയും ചെയ്യുന്നു. അതുപോലെ ഒരു പ്രത്യേക മുഹൂർത്തത്തിൽ ചിത്രം പൂർത്തിയാക്കിയതായി കണക്കാക്കുന്നു. എത്രതന്നെ നിർബന്ധിച്ചാലും അത്തരം പെയിന്റിംഗിനു മേൽ വീണ്ടും നിറം പിടിപ്പിക്കാൻ കോംഗോ വിസമ്മതിക്കും.

**ചിമ്പാൻസിപോലുള്ള പ്രൈമേറ്റുകളിൽ ഇത്തരം പഠനം നടത്തുന്നതിൽ ചില സവിശേഷ താല്പര്യങ്ങളുണ്ട്. ജൈവപരിണാമത്തിൽ ഹോമോ സാപിയൻ എന്ന ഇന്ന് ജീവിച്ചിരിക്കുന്ന മനുഷ്യരുമായി 98 ശതമാനം ജനിതകസാമ്യം ഇവരുടെ ജനിതകഘടനയ്ക്കുണ്ട്. അതിനാൽ ഇവയെക്കുറിച്ചുള്ള പഠനങ്ങൾ വഴി ഇന്ന് ജീവിച്ചിരിപ്പില്ലാത്ത നമ്മുടെ മനുഷ്യപൂർവികരെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാനായേക്കും.**

ചിമ്പാൻസികൾക്കൊപ്പം ബൊണോബോകൾ, ഗറില്ലകൾ, ഒറാംഗുട്ടന്മാർ തുടങ്ങിയ പ്രൈമേറ്റുകളിലും കല, ഭാഷ, സംസ്കാരം തുടങ്ങിയ മനുഷ്യസവിശേഷതകളുടെ ആദിമവേരുകൾ അന്വേഷിക്കുന്നുണ്ട്.

ഭാഷയെക്കുറിച്ച് ഇത്തരത്തിൽ ഏറെ പഠനം നടത്തിയത് ക്യാൻസി (Kanzi) എന്നു പേരുള്ള ബൊണോബോയിലൂടെയാണ്. ഭാഷ പഠിക്കുന്നതിൽ അനന്യമായ നൈപുണ്യമാണ് ക്യാൻസി കാഴ്ചവച്ചത്. 1980 ൽ അറ്റ്ലാന്റയിലെ ഒരു ഗവേഷണകേന്ദ്രത്തിലാണ് ക്യാൻസി ജനിച്ചത്. വാക്കുകൾക്കു പകരം ഉപയോഗിക്കുന്ന ചിഹ്നങ്ങളെ കീബോർഡിൽ ചൂണ്ടിക്കാണിച്ചുകൊണ്ട് മികച്ച ഭാഷാപഠനം ക്യാൻസി പ്രകടിപ്പിച്ചു. നൂറുകണക്കിന് വാക്കുകൾ മനസ്സിലാക്കുവാൻ ക്യാൻസിക്ക് കഴിയും. ഹോമോ സാപിയൻസുമായി താരതമ്യം ചെയ്താൽ മൂന്നു വയസ്സായ ഒരു കുട്ടിക്ക് സമമായ ഭാഷ വൈദഗ്ധ്യം! 2023 ൽ മൈൻ ക്രാഫ്റ്റ് എന്നതിന്റെ ഒരു പരിഷ്കരിച്ച ഗെയിം കളിക്കുന്ന ക്യാൻസിയുടെ വീഡിയോ യുട്യൂബിൽ വന്നത് ദശലക്ഷക്കണക്കിനു പേരാണു കണ്ടത്. ഈ ബൊണോബോയ്ക്ക് മനുഷ്യപൂർവികരായ ഹോമോ ഹാബിലിസ് നിർമ്മിച്ചിരുന്നപോലുള്ള കല്ലുളികൾ ഉണ്ടാക്കിയെടുക്കുന്നതു പഠിച്ചെടുക്കാനും കഴിഞ്ഞു. അതായത്, ആദ്യകല്ലുളികൾ നിർമ്മിച്ച മനുഷ്യപൂർവികർക്ക് ബൊണോബോകൾക്ക് സമമായ മസ്തിഷ്കസാമർത്ഥ്യം ഉണ്ടായിരുന്നതായി കരുതാം.

അമേരിക്കയിൽ അഭ്യസിപ്പിച്ച കോകോ എന്ന ഒരു പെൺഗറില്ലയും ക്യാൻസിയെപ്പോലെ ഭാഷാനൈപുണ്യം പ്രദർശിപ്പിച്ച പ്രൈമേറ്റുകളിൽപ്പെടുന്നു. സ്വന്തം പഠനം കൂടാതെ മൈക്കിൾ എന്ന പേരുള്ള ആൺഗറില്ലയെ താൻ പരിശീലിച്ച ആംഗ്യഭാഷ പഠിപ്പിക്കുന്നതിനും കോകോയ്ക്ക് കഴിഞ്ഞു. ഇരുവരും ഈ ഭാഷയിലൂടെ 'നല്ലതും വ്യാജവും' എന്നതുപോലുള്ള അമൂർത്ത ആശയങ്ങൾപോലും വിനിമയം നടത്തിയിരുന്നു.

ഇത്തരം ഉദാഹരണങ്ങളിൽനിന്നും നമുക്ക് ചില സംശയങ്ങൾ ഉണ്ടായേക്കാം. മനുഷ്യരെപ്പോലെ മറ്റ് ജീവികൾക്കും കലാപരമായ കഴിവുകൾ പഠിക്കുവാൻ കഴിയുമോ? അവ ചെയ്യുന്ന

ചിത്രങ്ങൾക്ക് എന്തെങ്കിലും അർത്ഥമോ ഉദ്ദേശ്യമോ ഉണ്ടോ? അവർ കലാപരമായ സൃഷ്ടികളോട് പ്രതികരിക്കാറുണ്ടോ? ഈ ജീവികൾക്ക് മനുഷ്യർക്ക് സമാനമായ മനസ്സ് അഥവാ ബുദ്ധി ആർജ്ജിച്ചെടുക്കാനാവുമോ? അങ്ങനെയങ്ങനെ നിരവധി ചോദ്യങ്ങൾ. കൃത്യമായ ഉത്തരങ്ങളില്ല.

മെരുക്കിയ ആനകളുടെ തുമ്പിക്കൈയിൽ ബ്രഷ് പിടിപ്പിച്ച് ചിത്രങ്ങൾ കോറിയിടുന്നത് പല വിനോദസഞ്ചാരകേന്ദ്രങ്ങളിലും നമുക്ക് കാണാം. ഇവയൊക്കെ അനുകരിപ്പിക്കലോ അനുസരിപ്പിക്കലോ എന്നതിനപ്പുറത്തേക്ക് കലാതാല്പര്യത്തോടെയാണ് അവ ചെയ്യുന്നതെന്ന് കരുതപ്പെടുന്നില്ല.

> **ഏതെങ്കിലും വസ്തുക്കളെക്കുറിച്ചുള്ള രൂപസാദൃശ്യമോ ഓർമ്മകളോ ചിത്രത്തിൽ സന്നിവേശിപ്പിക്കാൻ കോംഗോ ആഗ്രഹിക്കുന്നുണ്ടോ എന്നതും അറിയില്ല. ഒരു പക്ഷേ ചില നിറങ്ങളുടെ സമ്മേളനം തരുന്ന ക്രമമോ പാറ്റേണുകളോ അവനെ ആനന്ദിപ്പിക്കുന്നുണ്ടാവാം. അതുമല്ലെങ്കിൽ തന്റെ ജന്മവാസനായാൽ സാധ്യമല്ലാത്ത ഒരു പാടവം കൈവിരലുകൾക്ക് സാധ്യമാകുമ്പോൾ ലഭിക്കുന്ന അനുഭൂതി മാത്രമാകാം.**

എങ്കിലും മനുഷ്യനിർമ്മിതമായ ദൃശ്യകലകളോട് ചില ജീവികൾക്ക് താല്പര്യം തോന്നാറുള്ളതായാണ് 'Evolution of Beauty' എന്ന പുസ്തകത്തിൽ റിച്ചാർഡ് പ്രം വിവരിക്കുന്നത്. പക്ഷേ, അത്തരം സന്ദർഭങ്ങളിൽ അവയുടെ മസ്തിഷ്കത്തിൽ എന്തു തരം പ്രവർത്തനമാണ് നടക്കുന്നത് എന്നതിൽ നമുക്ക് വ്യക്തതയില്ല.

പികാസോയെ അനുസ്മരിപ്പിക്കുന്ന തരത്തിൽ, പിഗ്കാസോ (Pigcasso) എന്നു പേരിട്ട ദക്ഷിണാഫ്രിക്കയിലെ ചിത്രകാരനായ പന്നിക്കുട്ടി അടുത്ത കാലത്ത് അന്തരിച്ചു. 700 കിലോഗ്രാം തൂക്കമുള്ള ഈ പന്നിക്കുട്ടിയെ അഭ്യസിപ്പിച്ച് വരച്ച ചിത്രങ്ങൾ ദശലക്ഷക്കണക്കിന് വിലയ്ക്കാണ് വിറ്റുപോയത്. തന്റെ കൂടിനുള്ളിലുള്ള ചായബ്രഷുകളൊഴികെ എല്ലാം കടിച്ചുകീറി നശിപ്പിക്കുന്ന പ്രകൃതമായിരുന്നു പിഗ്കാസോയുടേത്. ഇത് ശ്രദ്ധയിൽപ്പെട്ടതോടെയാണ് മൃഗശാല നടത്തിപ്പുകാരിയായ ലെഫ്സൺ (Joanne Lefson) പിഗ്കാസോയുടെ വായിൽ ബ്രഷ് കടിപ്പിച്ച് കാൻവാസിൽ വരയ്ക്കാൻ അഭ്യസിപ്പിച്ചത്. പൂർത്തിയായ ചിത്രത്തിൽ ബീറ്റ്റൂട്ട് നിറം ചാലിച്ച് അതിന്റെ ഒപ്പും വയ്പ്പിക്കും. കോംഗോയെപ്പോലെ തന്നെ മനുഷ്യരുടെ അബ്സ്ട്രാക്റ്റ് ചിത്രങ്ങളെ ഓർമ്മിപ്പിക്കുന്ന തരത്തിലുള്ള വർണ്ണചിത്രങ്ങളാണ് പിഗ്കാസ്സോ വരച്ചത്.

മനുഷ്യർ പരിശീലിപ്പിച്ചെടുക്കാതെതന്നെ സൗന്ദര്യാത്മകമായ പ്രകടനങ്ങൾ ചെയ്യുന്ന ചില ജീവികളുമുണ്ട്. ഇരുപതാം നൂറ്റാണ്ടിൽ പ്രചാരത്തിലായ പെർഫോമൻസ് ആർട്ട് എന്ന കലാവിഭാഗത്തെക്കുറിച്ച് ഓർത്തുകൊണ്ട് നോക്കിയാൽ ഇത് ഏറെ രസകരമായി തോന്നും. ആഴക്കടിലേക്ക് ഡൈവ് ചെയ്തുപോയ ഒരു സംഘമാണ് സമുദ്രത്തിന്റെ അടിത്തട്ടിലെ മണലിൽ വൃത്താകൃതിയിലുള്ള ചില പാറ്റേണുകൾ കണ്ടത്. വൃത്താകൃതിയ്ക്കുള്ളിൽ ചെറിയ ചെറിയ കൂനകളും കുഴികളുമുണ്ട്. അവ കൃത്യമായ അകലത്തിൽ



▶ പിഗ്കാസോയും പിഗ്കാസോ വരച്ച ചിത്രവും.
Image credit: joannelefson.com, pigcasso.org

ആവർത്തിക്കുന്നു. ഏതാണ്ട് രണ്ടു മീറ്റർ വരെ വ്യാസമുള്ള ഈ വൃത്തം വെള്ളത്തിന്റെയോ മണലിന്റെയോ സ്വാഭാവികമായ ചലനത്തിലൂടെ സൃഷ്ടിക്കപ്പെടാവുന്ന ഒന്നല്ല. അത്ര കണിശമായ അടുക്കും ചിട്ടയുമാണവയ്ക്ക്. അങ്ങനെയെങ്കിൽ ആരാവും ഇത് സൃഷ്ടിച്ചത്? 1995 ൽ ആദ്യമായി കണ്ട ഈ രൂപങ്ങളെക്കുറിച്ച് ഇരുപതു വർഷത്തോളം വ്യക്തതയുണ്ടായില്ല. 2011 ലാണ് സയൻസ് ലോകം ഇതൊരു പ്രത്യേക വർഗ്ഗത്തിലെ മത്സ്യമാണ് രൂപപ്പെടുത്തുന്നതെന്നു മനസ്സിലാക്കിയത്.

വളരെ ശ്രമകരവും സമയമെടുക്കുന്നതുമായ ഒന്നാണിതെന്ന് ഈ 'ഇൻസ്റ്റലേഷൻ' കണ്ടാൽ മനസ്സിലാക്കാം. ഏതാണ്ട് ഒൻപതു ദിവസത്തെ തുടർച്ചയായ അധ്വാനമാണ് ആൺമത്സ്യം ചെലവിടുന്നത്. അല്പസമയം കാത്തിരുന്നാൽ ഈ കലാപ്രകടനത്തിന്റെ പൊരുൾ നമുക്ക് പിടികിട്ടും. അതാ ഒരു പെൺമത്സ്യം വരുന്നുണ്ട്. ഇൻസ്റ്റലേഷന്റെ എല്ലാ വശങ്ങളിലുമെത്തി അത് സൂക്ഷ്മപരിശോധന നടത്തുകയാണ്. കൊള്ളാം. മനോഹരമായിരിക്കുന്നു. അവൾ വൃത്താകൃതിയുടെ മധ്യത്തിലെത്തി മുട്ടകൾ നിക്ഷേപിക്കുന്നു. ഈ മുട്ടകളെയാണ് നമ്മുടെ ആൺമത്സ്യം പ്രജനനം ചെയ്തു വിരിയിപ്പിക്കേണ്ടത്. ഈ ആകൃതി ആകർഷകമായില്ലെങ്കിൽ പെൺമത്സ്യം മുട്ടയിടാതെ മടങ്ങിപ്പോകുമെന്നതാണ് ആൺമത്സ്യത്തിന്റെ കഠിനാധ്വാനത്തിന്റെ പ്രേരണ. എത്ര മനോഹരമായ ആചാരങ്ങൾ!

പഫർ മത്സ്യവർഗ്ഗത്തിന്റെ പ്രകടനങ്ങൾ ഒറ്റപ്പെട്ടവയല്ല. 1872ൽ ഇറ്റാലിയൻ സസ്യശാസ്ത്രജ്ഞനായ ഒദാർദോ ബെക്കരി (Odoardo Beccari) ശാന്തസമുദ്രത്തിൽ ഓസ്ട്രേലിയക്കടുത്തുള്ള ന്യൂ ഗ്വിനിയ എന്ന ദ്വീപിലേക്ക് യാത്ര ചെയ്യുകയായിരുന്നു. അവിടെയുള്ള വലിയ പർവതനിരകളിലെ കാടുകളിൽ അലങ്കരിക്കപ്പെട്ട ചില ചെറിയ കുടിലുകൾ അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടു. കമ്പും ചുള്ളികളും കൊണ്ടുണ്ടാക്കിയ കുടിലുകൾക്ക് ചുറ്റും നൂറുകണക്കിന് പഴങ്ങളും പൂക്കളും കുമിളുകളുമൊക്കെ നിരത്തി അലങ്കരിച്ച ഒരു തോട്ടവും. ഉൾക്കാടുകളാണെങ്കിലും അടുത്തുള്ള ഗോത്രമനുഷ്യർ ഉണ്ടാക്കിയതാവുമെന്നേ ആദ്യം അദ്ദേഹം കരുതിയുള്ളൂ. എന്നാൽ സങ്കീർണ്ണവും മനോഹരവുമായ ഈ സൃഷ്ടി അവിടെയുള്ള

**Torquigener puffer-fish വിഭാഗത്തിലെ ആൺ പഫർ ഫിഷാണ് കലാകാരൻ. തന്റെ ചിറകുകൾ ഉപയോഗിച്ച് കടൽത്തട്ടിലെ മണൽ നീക്കി നീക്കി നീന്തിക്കൊണ്ടാണ് ഇത് ചെയ്യുന്നത്. കുന്നും കുഴികളും രൂപപ്പെട്ട് കഴിഞ്ഞ് നേരിയ മണൽകൊണ്ട് അതിന് നിറവും മിഴിവും നൽകും. ഈ കൂനകളെ കടൽച്ചിപ്പികൾകൊണ്ട് അലങ്കരിക്കുന്നതാണ് അവസാനഘട്ടം.**

ബോവർ വർഗ്ഗത്തിൽപ്പെട്ട പക്ഷിയുടേതാണ്. പഫർ മീനുകളെപ്പോലെതന്നെ ആൺപക്ഷിയാണ് കലാകാരൻ! ലക്ഷ്യവും മറ്റൊന്നല്ല. പെൺപക്ഷിയെ ആകർഷിക്കുക എന്നതുതന്നെ! വർഷങ്ങൾക്കു

ബോവർ പക്ഷി പണിതീർത്ത ചെറുകുടിൽ. മുമ്പിൽ കല്ലുകളും പ്ലാസ്റ്റിക് കഷണങ്ങളും കാണാം. Photo: Lobster1 / Wikimedia Commons ▼



ശേഷം പക്ഷി അലങ്കാരങ്ങളിൽ ചെറിയ മാറ്റം കൂടി വരുത്തിയിട്ടുണ്ട്. കാലത്തിനൊത്ത് അപ്ഡേറ്റഡ് ആവേണ്ടേ! അലങ്കാരവസ്തുക്കളുടെ പട്ടികയിൽ പ്ലാസ്റ്റിക്കുകൾ, സ്ട്രോകൾ, കുപ്പികൾ എന്നിവ കൂടി ചേർത്ത് ഇൻസ്റ്റലേഷനെ സമകാലികമാക്കിയിരിക്കുന്നതു കാണാം!

മനുഷ്യസഹജമായ കലാഭിരുചികൾ പ്രൈമേറ്റുകളിൽ ഒളിഞ്ഞിരിക്കുന്നുവോ എന്ന് സംശയം തോന്നുന്ന ചില സന്ദർഭങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. മെങ് എന്ന പേരുള്ള ഗറില്ലയെ പാർപ്പിച്ചിരുന്ന ലണ്ടനിലെ ഒരു മൃഗശാലാ പാർക്കിലാണ് സംഭവം. വളരെ തീവ്രമായ വെളിച്ചമുള്ള ഒരൊറ്റ ബൾബാണ് മെങ്ങോയുടെ കൂടിൽ. തറ പാകിയിരുന്നത് വെളുത്ത ടൈലും. ചില പ്രത്യേക സ്ഥാനങ്ങളിൽ നിൽക്കുമ്പോൾ മെങിന്റെ നിഴൽ ഈ ടൈലുകളിൽ പതിക്കും. ഒന്നര വയസ്സ് പ്രായമുള്ളപ്പോൾ മെങ് തന്റെ ചൂണ്ടുവിരൽ കൊണ്ട് ടൈലിൽ വീണ തന്റെ നിഴലിന്റെ അതിരുകൾ വരയുന്നത് കണ്ടതായി ബ്രിട്ടീഷ് സയന്റിസ്റ്റായ ജൂലിയൻ ഹക്സ്‌ലി സൂചിപ്പിക്കുന്നു. ഒന്നല്ല മൂന്ന് തവണയെങ്കിലും മെങ് ഇത് ആവർത്തിച്ചു. എന്നാൽ വളർന്ന ശേഷം ഇതാവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുമില്ല.

ഗുഹാഭിത്തികളിൽ വീണ നിഴലുകളെ ട്രേസ് ചെയ്യുന്നതിലൂടെയാണ് ആദ്യമായി ആധുനിക മനുഷ്യർക്ക് ചിത്രണതാല്പര്യമുണ്ടായത് എന്ന വാദം ഇപ്പോഴുമുണ്ട്. ചിത്രരചനയുൾപ്പെടെ എല്ലാ കലകൾക്കും പ്രേരണ കരവിരുത് മാത്രമല്ല, വ്യക്തിപരമായ കാരണങ്ങളും സാമൂഹികമായ സ്വാധീനങ്ങളും ഉണ്ടാകും. കല ആത്യന്തികമായി മനുഷ്യന്റെ മസ്തിഷ്കപ്രവർത്തനമായാണ് നാം ഇന്ന് മനസ്സിലാക്കുന്നത്.

മനുഷ്യർ നിർമ്മിക്കുന്ന കലാവസ്തുക്കൾ, അവ നിർമ്മിച്ച് എത്ര നാൾ കഴിഞ്ഞാലും അവയോടുള്ള ആകർഷണം കലാകാർക്കും കാണികൾക്കും അവസാനിക്കില്ല. സ്റ്റുഡിയോയിലും ഗ്യാലറികളിലും മ്യൂസിയങ്ങളിലുമൊക്കെ അവ ഏവരെയും പ്രചോദിപ്പിച്ച് നിലനിൽക്കുന്നു. അതേ സമയം പഫർ ഫിഷിലും ബോവർ പക്ഷിയിലുമെല്ലാം തങ്ങളുടെ ഇണയെ ആകർഷിച്ചുകഴിഞ്ഞാൽ അവ തീർത്ത മണൽക്കൂനയും കൂടുമെല്ലാം ഉപേക്ഷിക്കപ്പെടുന്നു. ഒരു പക്ഷേ, മറ്റു കഴിവുകളും സവിശേഷതകളുംപോലെ കലയുടെ ആദിമമായ വേരുകളും പല ജീവിവർഗ്ഗങ്ങളിലും ശേഷിക്കുന്നുണ്ടാവാം.



പഫർ മത്സ്യം കടലിന്റെ അടിത്തട്ടിൽ സൃഷ്ടിച്ച മനോഹര രൂപം. ◀

വരുകാലപഠനങ്ങളിലൂടെ ഇവയെക്കുറിച്ചുള്ള കൂടുതൽ സൂചനകൾക്ക് സാധ്യതയുണ്ട്. എന്തുതന്നെയായാലും അവയുടെ സൗന്ദര്യാഭിരുചിയും നൈപുണ്യവും ശ്രദ്ധേയവും വിസ്മയാവഹവും തന്നെ.

# പൂത്തുമ്പി

സുഭാഷിണി തങ്കച്ചി



ഊഞ്ഞാൽ വള്ളിയിൽ
മുത്തിയിരിക്കും
ഓണത്തുമ്പീ പൂത്തുമ്പീ
എന്തേ നീ പാടാത്തൂ
ആടാ...ത്തൂ, തുള്ളാ...ത്തൂ.

ഊഞ്ഞാലാടാൻ പോരുന്നോ
ഒരു കുടം രണ്ടു കുടം
മൂന്നുകുടമങ്ങനങ്ങനെ
ആയമിട്ടൂഞ്ഞാലിലാടാല്ലോ.

ഓണപ്പാട്ടുകൾ പാടാല്ലോ
അങ്ങേ തൊടിയിലെ മാവിന്നിലകൾ
കാലോണ്ടൊടിച്ചു പോരാലോ

കുഞ്ഞിച്ചിറകുകൾ തളരാതങ്ങിനെ
തൊണ്ടൽ ചവുട്ടി തൊണ്ടൽ ചവുട്ടി
പറവകൾപോൽ
ആകാശയാത്ര നടത്താല്ലോ


പൂമുറ്റത്തെ പൊന്നത്തത്തിന്
പൂവട നേദിക്കുമ്മുന്നേ
പൊന്നൂഞ്ഞാലാട്ടം നിർത്തീടാം
പൂത്തുമ്പീ തുള്ളാല്ലോ
നിനക്കാവോളം തുള്ളാല്ലോ

പിന്നെ മാമലയ്ക്കപ്പുറം
മടങ്ങിപ്പോകുമ്പോൾ
വാക്കൊന്നു തന്നേ പോകാവൂ

ഓണത്തുമ്പീ പൂത്തുമ്പീ
നീയെല്ലാ വർഷവും വന്നോണേ

നീ വന്നാലേയീ മാമല നാട്ടിൽ
ഓണപ്പൂക്കൾ വിടരുള്ളൂ
ഓർമ്മകൾ നൃത്തം ചെയ്യുള്ളൂ
മലയാളി മനസ്സിൽ ഓണം പുലരുള്ളൂ.

വര: ടി ആർ രാജേഷ്



# ഓണമെന്നും വേണം

ഡോ. എഴുമറ്റൂർ രാജരാജവർമ്മ

ഓണമാണോണമായി
കോടിയുടുത്തു ഞങ്ങൾ
തങ്കക്കതിരവനും
മുങ്ങിക്കുളിച്ചുവന്നു
മാനത്തുഷഃപൂജ
ശംഖു മുഴക്കുന്നുപ്പൻ
കീർത്തനംപാടും കിളി -
ക്കൂട്ടം പറന്നുവന്നു
മുറ്റത്തറവാതിൽക്കൽ
നൽത്തറയൊന്നൊരുക്കി
ചാണകമിട്ടുതേച്ചു
തുമ്പതുളസിപ്പൂക്കൾ
ദീപമടയ്ക്കവെറ്റ
നാണയം കൂട്ടുവന്നു
ആവണിപ്പൂംപലക
കിണ്ടിവെള്ളം നിരന്നു
പൂപ്പൊലിപ്പാട്ടുപാടി
പൂക്കളമൊന്നൊരുക്കി
തുമ്പി തുള്ളിക്കളിച്ചു
മൂളിപ്പാട്ടൊന്നു പാടി
ഓണക്കിളി ചിലച്ചു
കാക്ക നീട്ടി വിളിച്ചു
വായ്ക്കുരവയിടുന്ന
കൂട്ടം കുരുവി വന്നു
മാവേലിത്തമ്പുരാനും
തേവിയമ്മയും വന്നു
തൃക്കാക്കരപ്പൻ വന്നു
പൂക്കളമേറി നിന്നു
പൂവട നേദ്യം വന്നു
കൂട്ടുകാർ പാടിവന്നു
പുള്ളുവപ്പാട്ടുമായി
കാറ്റുചുറ്റിപ്പറന്നു
പൊന്നൂഞ്ഞാലേറി വന്നു
ഓലേഞ്ഞാലിക്കുരുവി
പാടിയൊന്നാംമാന-
മാടിത്തിമിർക്കുന്നു
കാവിലെയുത്സവം പോ-
ലോണമുത്സാഹമാണേ
മാവേലിത്തമ്പുരാനേ
പോകല്ലേ, പാടിയാടി-
യെന്നും കളിച്ചിടേണ-
മോണമെന്നും വേണം.



വര: സുധീർ പി വൈ

കഥ

# പടവുകൾ

## പയ്യന്നൂർ കുഞ്ഞിരാമൻ



വര: ബോബി എം പ്രഭ

അഞ്ചാം ക്ലാസിൽ പഠിക്കുമ്പോഴാണ് ഞങ്ങളുടെ നാട്ടിൽ നെഹ്റു വന്നത്. ഇന്ത്യയുടെ പ്രധാനമന്ത്രിയാണ് ജവഹർലാൽ നെഹ്റു എന്ന് കണ്ണൻമാഷ് പറഞ്ഞുതന്നിരുന്നു. ദേശീയപ്രസ്ഥാനത്തെക്കുറിച്ച് പറഞ്ഞത് കുഞ്ഞമ്പുമാഷാണ്. ഞങ്ങളെ പഠിപ്പിച്ചിരുന്നവർക്കെല്ലാം സ്വാതന്ത്ര്യത്തിന്റെ മണമുണ്ടായിരുന്നു. ഒരിക്കൽ സ്വാതന്ത്ര്യം എന്താണെന്ന് മാഷോട് ചോദിച്ചിരുന്നു. മാഷ് പറഞ്ഞ ഉത്തരം എന്തുകൊണ്ടോ വേണ്ടത്ര തൃപ്തികരമായിരുന്നില്ല.

ഉച്ചയ്ക്കുശേഷം ഒന്നാമത്തെ പിരീയഡ് കഴിഞ്ഞാണ് നെഹ്റുവിനെ കാണാൻ പോയത്. സ്കൂളിലെ കുട്ടികളെല്ലാം വരിവരിയായി നടന്നു പോവുകയായിരുന്നു. റെയിൽവെസ്റ്റേഷന്റെ കിഴക്കുഭാഗത്തായി ഒഴിഞ്ഞുകിടന്ന പ്രദേശത്താണ് സ്വീകരണം ഏർപ്പെടുത്തിയത്. കുട്ടികൾക്കെല്ലാം മുന്നിലിരിക്കാൻ സൗകര്യമൊരുക്കിയിരുന്നു. പൂഴിമണ്ണിൽ ഞങ്ങൾ മുട്ടിമുട്ടിയിരുന്നു.

വെയിലിന്റെ ചൂട് കുറഞ്ഞിരുന്നില്ല. വണ്ടിയുടെ ഒച്ചകേൾക്കുന്നുണ്ടോ എന്ന് ഞങ്ങൾ കാത് കൂർപ്പിച്ചുകൊണ്ടിരുന്നു. ജനം ഒഴുകിയെത്തിക്കൊണ്ടിരുന്നു. തെല്ലിട കഴിഞ്ഞപ്പോൾ തീവണ്ടിയുടെ ഒച്ച കേട്ടു. ആളുകളെല്ലാം റെയിൽവേസ്റ്റേഷനിലേക്കു നോക്കി. ജനങ്ങൾക്കിടയിൽ മുദ്രാവാക്യമുയർന്നു. ഞങ്ങൾ കുട്ടികളിലും ആവേശം അലയടിച്ചു. ഇംഗ്ലീഷിലാണ് നെഹ്റു പ്രസംഗിച്ചത്. ആരോ അത് മലയാളത്തിൽ പറയുന്നുണ്ടായിരുന്നു. ഞങ്ങൾ കുട്ടികൾക്ക് പ്രസംഗം കേൾക്കണമെന്നില്ലായിരുന്നു. നെഹ്റുവിനെ ഒന്നു കാണണം. അത്ര തന്നെ!

നെഹ്റുവിന്റെ വെള്ളത്തൊപ്പിയാണ് എന്നെ ആകർഷിച്ചത്. നെഹ്റുവിന്റെ ചിത്രം വരയ്ക്കുമ്പോഴെല്ലാം വെള്ളത്തൊപ്പിയാണ് ആദ്യം വരയ്ക്കുക.

വൈകുന്നേരം വീട്ടിലെത്തിയപ്പോൾ അമ്മ വിശേഷങ്ങൾ ചോദിച്ചിരുന്നു. നെഹ്റുവിനെ കാണാൻ പോയത് ഞാൻ പറഞ്ഞു. അമ്മയ്ക്ക് പ്രത്യേക

താത്പര്യം തോന്നിയില്ല. സ്വാതന്ത്ര്യം ഞങ്ങളുടെ വീട്ടിലെത്തിയില്ലെന്ന് അമ്മയുടെ മുഖഭാവം വെളിപ്പെടുത്തി.

ആറാം തരം ജയിച്ചതോടെ എന്റെ പഠിപ്പ് നിന്നു. വീട്ടിലെ ബുദ്ധിമുട്ടുതന്നെ കാരണം. എന്തെങ്കിലും പണി പഠിക്കണമെന്ന ചിന്തയുണ്ടായി. എളുപ്പം പഠിക്കാവുന്ന പണി ബീഡി തെറുപ്പായിരുന്നു. അച്ഛൻ എന്നെയും കൂട്ടി ബീഡിക്കമ്പനിയിൽ ചെന്നു. മച്ചിന്റെ മുകളിലായിരുന്നു കമ്പനി. മരത്തിന്റെ പടികൾ അച്ഛൻ ചവിട്ടിക്കയറി. കേറിവാ എന്ന് എന്നോട് പറഞ്ഞുകൊണ്ടിരുന്നു. ഞാൻ അല്പസമയം നിന്നു. എതിർവശത്തുനിന്നു രാമസ്വാമി നടന്നു വന്നുകൊണ്ടിരുന്നു. അടുത്തെത്തിയപ്പോൾ അവനും നിന്നു. അവൻ ഏഴിലേക്ക് പാസായതാണ്. സ്കൂളിൽ വരുന്നില്ലേ എന്ന് അവൻ ചോദിച്ചു. എനിക്ക് ഉത്തരം കിട്ടിയില്ല. രാമസ്വാമി സഹാനുഭൂതിയോടെ എന്നെ നോക്കി. പിന്നെ നടന്നു നീങ്ങി. ഞാൻ ഏണിപ്പടികൾ പതുക്കെ ചവിട്ടിക്കയറി.

ബീഡിക്കമ്പനിയിൽ പുസ്തകങ്ങൾ വായിക്കുമായിരുന്നു. നോവലുകളാണ് കൂടുതലും വായിക്കുക. രാവിലെ പത്രങ്ങളും വായിക്കും. തകഴിയുടെ *രണ്ടിടങ്ങഴി* എന്ന നോവലാണ് ഒരിക്കൽ വായിച്ചത്. ആ നോവൽ വല്ലാതെ സ്വാധീനിച്ചു. തകഴി ഒരു പ്രതിഭാസമായി മനസ്സിൽ വളർന്നുനിന്നു. കാലം കടന്നുപോയ്ക്കൊണ്ടിരുന്നു.

അക്കൊല്ലം ഞങ്ങളുടെ നാട്ടിൽ രണ്ടു ദിനം നീണ്ടുനിൽക്കുന്ന സാഹിത്യസമ്മേളനം നടന്നു. സമ്മേളനത്തിൽ തകഴി വരുന്നുണ്ടെന്നറിഞ്ഞതുമുതൽ എനിക്ക് ആവേശമായിരുന്നു. തകഴിയെ കാണണം. തകഴിയെ തൊടണം. ഒരേയൊരു ചിന്ത. സമ്മേളനം തുടങ്ങുന്ന ദിവസം മുൻകൂട്ടി ഹാളിൽ ചെന്നിരുന്നു. ഉദ്ഘാടകൻ തകഴിയായിരുന്നു. കുട്ടനാടിന്റെ ആ കഥാകാരനെ മനസ്സ് നിറയെ കാണുകയും കേൾക്കുകയും ചെയ്തു. ഇനി ഒന്ന് തൊടണം. ഊഴം കാത്തിരുന്നു.

ഉച്ചസമയത്ത് ഭക്ഷണത്തിനിറങ്ങിയ സമയം മുറിക്കയ്യൻ കുപ്പായിമിട്ട തകഴി ഹാളിനു പുറത്തെ മരത്തണലിൽ നിൽക്കുകയായിരുന്നു. ഞാൻ പതുക്കെ നടന്നുചെന്നു. എന്നെക്കണ്ട് അദ്ദേഹം ചിരിച്ചു. എഴുതാറുണ്ടോ എന്ന് അദ്ദേഹം ചോദിച്ചു. ചെറുതായി എഴുതും. ഞാൻ പറഞ്ഞു. പെട്ടെന്ന് ഞാൻ മുന്നോട്ടു നീങ്ങി അദ്ദേഹത്തിന്റെ വലം കൈപിടിച്ചു.

**തകഴിയെ കാണണം. തകഴിയെ തൊടണം. ഒരേയൊരു ചിന്ത. സമ്മേളനം തുടങ്ങുന്ന ദിവസം മുൻകൂട്ടി ഹാളിൽ ചെന്നിരുന്നു. ഉദ്ഘാടകൻ തകഴിയായിരുന്നു. കുട്ടനാടിന്റെ ആ കഥാകാരനെ മനസ്സ് നിറയെ കാണുകയും കേൾക്കുകയും ചെയ്തു. ഇനി ഒന്ന് തൊടണം. ഊഴം കാത്തിരുന്നു.**

അദ്ദേഹത്തിന്റെ മുഖത്ത് കൗതുകം വിരിഞ്ഞു. ഞാനദ്ദേഹത്തെ തൊഴുതു. പിന്നെ തിരിഞ്ഞു നടന്നു.

കഴിഞ്ഞ ഓണക്കാലത്ത് പേരമക്കൾ വീട്ടിൽ വന്നിരുന്നു. പേരമക്കളെന്നു പറഞ്ഞാൽ സോഫ്റ്റ്‌വെയറും മെഡിസിനും പഠിക്കുന്നവർ. തീർത്തും മാറിയ ജീവിതപരിസരത്ത് അവർ വളരുന്നത് ചിന്തയിലും പെരുമാറ്റത്തിലും എല്ലാം പ്രകടമായിരുന്നു. ഓണദിവസം കുഞ്ഞിത്തെയ്യം വീട്ടിൽ വന്നു. മുമ്പ് ദൂരെനിന്ന് ചെണ്ടകൊട്ട് കേൾക്കുമ്പോൾ ഞാൻ പുറത്തിറങ്ങി നിൽക്കുമായിരുന്നു. മണിമുട്ടി വട്ടംചുറ്റി ആടുന്ന ഓണത്താറെയും കുട്ടിക്കാലത്തെ കൗതുകമായിരുന്നു. ഒരിക്കൽ കുഞ്ഞിത്തെയ്യം കെട്ടിയത് ക്ലാസിൽ ഒന്നിച്ചിരുന്ന ബാലനായിരുന്നു. ഞങ്ങളുടെ വീട്ടുമുറ്റത്തെത്തിയപ്പോഴാണ് ഞാനവനെ കണ്ടത്. എനിക്ക് ആശ്ചര്യം തോന്നി. കൂടെ പഠിക്കുന്നവൻ തെയ്യമായി വന്നിരിക്കുന്നു. എന്നെ കണ്ട് ബാലനും വല്ലായ്മ തോന്നിയിരിക്കണം. ചെണ്ടകൊട്ടി പാടിത്തുടങ്ങിയപ്പോൾ ബാലൻ മണിമുട്ടിക്കൊണ്ട് ആടാൻ തുടങ്ങി. അമ്മ അരിയും ഭക്ഷണവും നൽകി. ഓണാവധി കഴിഞ്ഞ് ക്ലാസിലെത്തിയപ്പോൾ ഞാൻ ബാലനെ കാത്തിരുന്നു. ഒന്നും സംഭവിക്കാത്ത മട്ടിൽ അവൻ അടുത്തു വന്നിരുന്നു. ഞാൻ അവനെത്തന്നെ നോക്കി. എന്താ ഇങ്ങനെ നോക്കുന്നത് എന്ന് അവൻ ചോദിച്ചു. കുഞ്ഞിത്തെയ്യം കെട്ടിയാൽ നീ ബാലനല്ലാതായിത്തീരുമോ? അവൻ ഉത്തരം പറഞ്ഞില്ല.

പേരമക്കളോട് ഞാൻ ഇതെല്ലാം പറഞ്ഞു. ഒടുവിൽ നെഹ്റുവിനെ കണ്ടതും തകഴിയെ തൊട്ടതും പറഞ്ഞു. തകഴിയെ തൊട്ടെന്ന് കേട്ട് അവർ ചിരിച്ചു. ഇതിലെന്താ ഇത്ര പറയാനുള്ളത് എന്നവർ ചോദിച്ചു. ഒരാളെ തൊടുന്നത് അത്ര വലിയ കാര്യമാണോ. *ചെമ്മീൻ* വായിച്ചിട്ടുണ്ടോ എന്ന് ഞാൻ ചോദിച്ചു. അങ്ങനെ ചോദിക്കാനാണ് തോന്നിയത്. ചെമ്മീൻ വായിക്കാനുള്ളതാണോ കറിവെക്കാനുള്ളതല്ലേ?

അവർ ചിരിച്ചു. എനിക്ക് ചിരി വന്നില്ല. മൊബൈലിൽ പകർത്തിയ കുഞ്ഞിത്തെയ്യത്തിന്റെ ചിത്രം അവർ ഷെയർ ചെയ്യുകയായിരുന്നു.

കഥ

# ബഹിരാകാശസഞ്ചാരിയായ ഒരു പൂക്കാലം

**അരുൺ രവി**



വര: രശ്മി രാഘവൻ

## ശ്ശ്... ശ്ശ്...

ങ്ങോട്ടൊന്നു നോക്ക്യേ. ഞാനറിഞ്ഞ ഒരു ഗഡാഗഡിയൻ രഹസ്യം നിങ്ങളോട് പറയട്ടേ? എനിക്ക് കൊറേ നാളായി സംശയമുണ്ടായിരുന്ന കാര്യമായിരുന്നു. ഇപ്പെന്തായാലും സംഗതി മൊത്തം മനസ്സിലായി.

എന്താന്നറിയ്യോ?

ഒരീസം ഞാനെന്റെ പൂന്തോട്ടത്തിൽ, വിരുന്നുവന്ന പൂമ്പാറ്റയോട് ഒരു കാര്യം ചോദിച്ചായിരുന്നു.

'മഞ്ഞുകാലത്തും വേനൽക്കാലത്തും ഈ പൂക്കാലം എങ്ങോട്ടാ പോവ്വാ'ന്ന്.?

പൂമ്പാറ്റയും പൂക്കാലവും ബെസ്റ്റ് ഫ്രണ്ട്സ് ആണല്ലോ. പുള്ളിക്കതറിയാതിരിക്കാൻ വഴിയില്ല എന്നൊരൂഹത്തിലാ ഞാനത് ചോദിച്ചത്.

അങ്ങനെയാണ് കൂട്ടുകാരേ, ഞാനാ ഞെട്ടിക്കുന്ന സത്യമറിഞ്ഞത്.

പൂമ്പാറ്റേടെ സാഹിത്യഭംഗി കൂടിയ ഭാഷേല് തന്നെ പറഞ്ഞു തരാം.

“വസന്തത്തിന്റെ അവസാനത്തെ ഇല കൊഴിയുമ്പോൾ ഈ പൂക്കാലം ഒരു വിനോദയാത്രയ്ക്കിറങ്ങും. എങ്ങോട്ടേക്കാണെന്നറിയാമോ? ബഹിരാകാശത്തേക്ക്!

എന്തിനാണെന്നറിയ്യോ?

നക്ഷത്രങ്ങളോടൊക്കെ വർത്തമാനം പറയാൻ!

അന്യഗ്രഹങ്ങളിലൊക്കെ പൂക്കുന്ന പൂവുകളുടെ നിറങ്ങളും ഡിസൈനുകളുമൊക്കെ കണ്ടു പഠിക്കാൻ.

പിന്നെ ഈ പൂക്കളുടെ മണമൊക്കെയുണ്ടല്ലോ. അവയൊക്കെ ദൂരെദൂരെ ഏതോ ഗാലക്സിയിൽ പോയാണ് വാങ്ങുന്നത്. അവിടെ മണങ്ങളുടെ വലിയ വലിയ ചന്തകളൊക്കെയുണ്ട്. അവിടെപ്പോയി നമ്മുടെ പൂക്കാലം മറ്റു ലോകങ്ങളിൽനിന്നു വരുന്ന അന്യഗ്രഹപ്പൂക്കാലങ്ങളോട് മത്സരിച്ച് ലേലം വിളിച്ചിട്ടാണ് ഇതൊക്കെ കൊണ്ടുവരുന്നത്.

ഓണത്തിരക്കൊക്കെ കഴിഞ്ഞിട്ടാണ് അവളുടെ ഈ യാത്ര തുടങ്ങാറ്. അവളില്ലാത്തപ്പോൾ പൂക്കാനുള്ള പൂവുകളൊക്കെ, ചെടികൾക്കോരോരുത്തർക്കും വിതരണം ചെയ്തിട്ടാണ് ഈ പോക്കു പോവുന്നത്. പോവുന്നതോ, അവളെക്കൊണ്ടുപോകാനായി മാത്രം വന്നെത്തുന്ന ഒരു വാൽനക്ഷത്രത്തിന്റെ മുകളിൽ കേറിയിട്ടും.

ആനപ്പുറത്ത് പാപ്പാൻ കേറുന്നപോലെ, വാൽനക്ഷത്രം അതിന്റെ വാലു ചായ്ച്ചുകൊടുക്കുമ്പോൾ അവളതിൽ

കഷ്ടപ്പെട്ട് വലിഞ്ഞുപിടിച്ചങ്ങ് കേറും. പിന്നെ ഒരൊറ്റപ്പോക്കാണ്.

അതിന്റെ മുകളിൽ ചുമ്മാ പടഞ്ഞിരിക്കുമ്പോൾ പൂക്കാലത്തിനു ബോറടിക്കും. അപ്പോ, അവൾ ആനയ്ക്ക് നെറ്റിപ്പട്ടം കെട്ടുന്നതുപോലെ വാൽനക്ഷത്രത്തിന്റെ നെറ്റിയിൽ കുഞ്ഞു തെച്ചിപ്പൂക്കൾവച്ച് അലങ്കരിച്ചു കൊടുക്കുകയൊക്കെ ചെയ്യും.

എന്നിട്ട് രണ്ടാളും തമാശയൊക്കെ പറഞ്ഞു ചിരിച്ചു കളിച്ച് അങ്ങനെ പോവും."

പൂമ്പാറ്റ ഇത്രേം പറഞ്ഞപ്പോ എന്റെ കുട്ടിത്തലയില് സംശയം വന്നു മുട്ടി.

"ആന ചിന്നംവിളിക്കുന്ന പോലെ നെറ്റിപ്പട്ടമൊക്കെ വയ്ക്കുന്ന വാൽനക്ഷത്രം ചിന്നം വിളിക്കുമോ?"

ഈ സംശയം ഞാനാ പൂമ്പാറ്റയോട് ഒന്ന് ചോദിച്ചപ്പോ ദുഷ്ടത്തി എന്നെ കളിയാക്കി ഒരു ചിരി ചിരിച്ചു. എന്നിട്ട് പറഞ്ഞു.

"ഹേയ്. വാൽനക്ഷത്രങ്ങൾ ചിന്നംവിളിക്കുകയൊന്നുമില്ലെടോ, അവർ പാട്ടുകൾ പാടും. മധുരമുള്ള പാട്ടുകൾ. നമുക്കൊന്നും അവ കേൾക്കാൻ കഴിയില്ല. പക്ഷേ, ഗ്രഹങ്ങളും ഉൽക്കകളുമൊക്കെ അതു കേട്ട് തലയാട്ടുമത്രേ. ഈ പാട്ടൊക്കെ കേട്ടിട്ടാ ഈ ഭൂമിയമ്മ ഇങ്ങനെ നൃത്തംചെയ്യുന്നതെന്നാ പൂക്കാലം എന്നോട് പറഞ്ഞത്."

എനിക്കിതൊന്നും അറിയത്തില്ലല്ലോ. എന്തായാലും ഞാൻ പിന്നേം മിണ്ടാണ്ടിരുന്ന് അവൾ പറയുന്നത് കേട്ടു.

"എന്തായാലും ഇങ്ങനെ പോവുന്ന പൂക്കാലം, ഡിസംബർ മാസമൊക്കെ ആവുമ്പോ ഏതോ നക്ഷത്രത്തിൽ പോയി ക്രിസ്തുമസ്സ് ഒക്കെ ആഘോഷിക്കും. കേക്കൊക്കെ തിന്ന്, വൈനൊക്കെ കഴിച്ച് അവിടെനിന്ന് അവൾ നമുക്ക് കുറേ ഉമ്മയൊക്കെ തന്നുവിടാറുണ്ട്. നമ്മുടെ നാട്ടിലൊക്കെ നിറയെ നക്ഷത്രവിളക്കുകൾ തെളിയുന്നതു കണ്ടിട്ടില്ലേ? അവളയക്കുന്ന ഈ ഉമ്മകളൊക്കെ ഈയാമ്പാറ്റകളെപ്പോലെ ആ വിളക്കുകളിൽ വന്ന് പറ്റിപ്പിടിക്കും. അതുകൊണ്ടാ നമുക്ക് ആ വിളക്കുകൾ കാണുമ്പോ അത്രയും ചന്തം തോന്നാറ്. വിളക്കുകൾക്കടുത്ത് ചെന്നാൽ ആ ഉമ്മകൾ നമ്മുടെ കവിളിൽ പറ്റിപ്പിടിക്കേം ചെയ്യും."

ഹായ് ഹായ്. ഉമ്മകൾ കൂടുവയ്ക്കുന്ന ക്രിസ്തുമസ്സ് വിളക്കുകൾ. എനിക്കതങ്ങ് ക്ഷ പിടിച്ചു.

"നീയെന്താ ആലോചിച്ചതെന്ന് എനിക്ക് മനസ്സിലായി. ഈയാമ്പാറ്റകളെപ്പോലെ ആ ഉമ്മകൾ വിളക്കിനു ചുറ്റും ചത്തുവീഴുകയൊന്നുമില്ല. മെല്ലാം ആകാശത്തേക്ക് കൈ നീട്ടി നിൽക്കുകയായിരിക്കും. അവരെല്ലാം ആ കുഞ്ഞു പൊതികൾ പിടിച്ചെടുത്ത് കാറ്റ് തട്ടിപ്പറിക്കാതെ, ഉള്ളിലെ ച്ചൂടിൽ ചേർത്തുവച്ച മൊട്ടുകൾക്കു കൊടുക്കും. അപ്പോഴേക്കും യാത്രയൊക്കെക്കഴിഞ്ഞ് വാൽനക്ഷത്രത്തിന്റെ മുതുകത്തിരുന്ന് ഉറങ്ങിയുറങ്ങി അവളും തിരിച്ചെത്തും.

'ഉറങ്ങല്ലേ കുട്ടീ... നീ തെറിച്ചു വീഴും' ന്നൊക്കെ വാൽനക്ഷത്രം അവളെ ശകാരിക്കുന്നതൊക്കെ കേട്ട് ചെടികളൊക്കെ ചിരിക്കാറുണ്ട്. എന്നിട്ട് അവളെത്തിച്ചേർന്നതിന്റെ പിറ്റേന്ന് മൊട്ടുകളോരോന്നായി വിടരാൻ തുടങ്ങും.

അങ്ങനെയാണ് നമ്മുടെ നാട്ടിൽ വസന്തം വന്നെത്തുന്നത്."

**നമ്മുടെ പൂക്കാലം അങ്ങ് ദൂരെനിന്നു വാങ്ങിയ മണങ്ങളും നിറങ്ങളും ഒക്കെ ഒരു വലിയ പെട്ടിയിലാക്കി, ആകാശഗംഗ സെൻട്രലിൽനിന്ന് പുറപ്പെടുന്ന ഒരു ഗുഡ്സ് ട്രെയിനിനുള്ളിൽ കയറ്റി, ചന്ദ്രനപ്പൂപ്പന്റെ നാട്ടിലെത്തിക്കും. അവിടെനിന്ന് ചന്ദ്രനപ്പൂപ്പൻ അവയെല്ലാം നിലാവിൽ പൊതിഞ്ഞ് മണ്ണിലേക്ക് ഇങ്ങനെ ചൊരിഞ്ഞുതരും.**

നമ്മുടെ കവിളിലെത്താത്ത ഉമ്മകൾ പിറ്റേന്നുതന്നെ മഞ്ഞുകാലത്ത് മാത്രം വിരിയുന്ന കുഞ്ഞുപൂക്കളായി മാറും."

'ഐശ്ശരി!' എന്ന് ഞാൻ വീണ്ടും അദ്ഭുതപ്പെട്ടു.

"എന്നിട്ട് നമ്മുടെ പൂക്കാലം അങ്ങ് ദൂരെനിന്നു വാങ്ങിയ മണങ്ങളും നിറങ്ങളും ഒക്കെ ഒരു വലിയ പെട്ടിയിലാക്കി, ആകാശഗംഗ സെൻട്രലിൽനിന്ന് പുറപ്പെടുന്ന ഒരു ഗുഡ്സ് ട്രെയിനിനുള്ളിൽ അവയെ കയറ്റി, നമ്മുടെ ചന്ദ്രനപ്പൂപ്പന്റെ നാട്ടിലെത്തിക്കും. അവിടെനിന്ന് ചന്ദ്രനപ്പൂപ്പൻ അവയെല്ലാം നിലാവിൽ പൊതിഞ്ഞ് മണ്ണിലേക്ക് ചൊരിഞ്ഞുതരും. അപ്പോൾ ചെടികളുടെ ഇലകളും വേരുകളു

സത്യം പറഞ്ഞാൽ അദ്ഭുതംകൊണ്ടെന്റെ വായ തുറന്നുപോയി. എന്തൊരു രസമാണാ കഥ. വസന്തം പൊഴിച്ചിടുന്ന നിലാവിന്റെ പൊതികൾ! അതുനുള്ളിയെടുക്കുന്ന ചെടികളും മരങ്ങളും.

ഹായ്. എനിക്കങ്ങ് കൊതിയായെന്നേ. ഞാനാ പൂമ്പാറ്റയോട് ചോദിച്ചു:

"അപ്പോ. ഈ മണങ്ങളും നിറങ്ങളുമൊക്കെ മാറിപ്പോയാലോ? ചെമ്പരത്തിപ്പൂവിന് മന്ദാരത്തിന്റെയും തുമ്പപ്പൂവിന് റോസാച്ചെടിയുടെയും പൊതി കിട്ടിയാലോ?"

പൂമ്പാറ്റ പൊട്ടിപ്പൊട്ടിച്ചിരിച്ചു. എന്നിട്ടു പറഞ്ഞു:

"പൂക്കാലത്തിനറിയാം ഏത് പൂവിലേക്ക് ഏത് നിറ

ങ്ങളും മണങ്ങളും കൊടുക്കണമെന്ന്. അവൾക്കതിനെന്തോ ഗുട്ടൻസുണ്ട്. അതെന്താണെന്ന് മാത്രം അവളെന്നോട് പറഞ്ഞിട്ടില്ല.”

അതെന്താന്നറിയാത്തതിൽ എനിക്കല്പം വിഷമം തോന്നിയെങ്കിലും പൂക്കാലത്തിന്റെയാ രഹസ്യം അറിയാൻ കഴിഞ്ഞതിൽ എനിക്ക് നല്ല സന്തോഷമായി. അവളോട് അത് നേരിട്ടു പറഞ്ഞ് അവളെ ഞെട്ടിക്കണമെന്നുതന്നെ എനിക്കുതോന്നി. എന്നെക്കാണുമ്പോൾ അവൾക്കു നാണം വരാറുള്ളത് ഞാനെന്നും കാണുന്നതാ. എനിക്കും അവളെയിഷ്ടമാണല്ലോ. അപ്പോ അവളോട് കൂട്ടുകൂടാൻ ഇതുതന്നെ തക്കം.

എന്നിട്ട്, പിറ്റേ ദിവസം അവളെക്കാണാൻ കാത്തിരിപ്പായി.

**ദൂരെ ബഹിരാകാശത്തിലേതോ പെരുംവളവിൽ വച്ച് വാൽനക്ഷത്രത്തിന്റെ മുകളിൽനിന്ന് ഏതോ വലിയ കൊക്കയിലേക്ക് അവളും അവൾ കൊണ്ടുവരാൻ തയ്യാറാക്കിയ ആ വലിയ പെട്ടിയും മറിഞ്ഞുപോയത്രേ. നക്ഷത്രപ്പോലീസുകാർ അവിടെയൊക്കെ തിരഞ്ഞിട്ടും അവളെയൊരാൾക്കുപോലും കണ്ടെത്താനായില്ലത്രേ.**

എന്താണെന്നറിയില്ല. പിറ്റേന്ന് അവൾ വന്നതേയില്ല. അതിന്റെ പിറ്റേന്നും വന്നില്ല.

അതിന്റെ പിറ്റേന്ന് പൂന്തോട്ടത്തിനു നടുവിലൂടെ വൃശ്ചികക്കാറ്റിന്റെ ജാഥ കടന്നുപോയി.

അവൾ യാത്രപോയെന്ന് എനിക്കു മനസ്സിലായി.

ചെടികൾ മൂകരായി. പതിയെപ്പതിയെ അവളെന്നോ കൊടുത്തിട്ടുപോയ ചെറിയ പൂവുകൾ മാത്രം തുറന്നുവച്ച് അവർ അവരുടെ നിത്യവൃത്തികൾ കഴിച്ചു. മഞ്ഞുകാലമെത്തി. ക്രിസ്തുമസ് വിളക്കുകളുടെ മുന്നിലെല്ലാം ഞാൻ ചെന്നുനിന്നു, അവൾ കൊടുത്തയച്ച ഉമ്മകളുണ്ടോ എന്നു നോക്കാൻ. ആ വിളക്കുകൾക്ക് ഒരു സന്തോഷവുമില്ലായിരുന്നു. അവയിലൊന്നും ഉമ്മകളുടെ ചന്തം പറ്റിപ്പിടിച്ചു നിന്നിരുന്നില്ല. ആ മഞ്ഞുകാലത്ത് കുഞ്ഞു പൂക്കൾ വിരിഞ്ഞതേയില്ല.

വേനൽക്കാലവും വന്നുപോയി. വെയിൽ പതിവിലുമേറെ ക്രൂരമായി ചെടികളെ നോവിച്ചു. അവരുടെ കൈവശമുള്ള പൂവുകളും മണങ്ങളും ഒക്കെ ആ വേനൽ കരിച്ചുകളഞ്ഞു.

കുറേയേറെക്കഴിഞ്ഞ് മഴ പെയ്തപ്പോൾ ചെടികൾ ഉഷാറായി. ബാക്കിവച്ച ചുരുക്കം ചില പൂവുകൾ മാത്രം എവിടെയൊക്കെയോ വിരിഞ്ഞുനിന്നു. എന്നിട്ടും പൂക്കാലം തിരിച്ചെത്തിയില്ല.

എന്നെ കാണാനെത്തിയ പൂമ്പാറ്റകളോടൊക്കെ ഞാൻ അവളെപ്പറ്റിയന്വേഷിച്ചു. അവർക്കും അവളെപ്പറ്റി വലിയ വിവരങ്ങളൊന്നുമുണ്ടായില്ല. അവരെല്ലാം അവളുടെ സമ്മാനങ്ങളെ കാത്തിരിക്കുകയാണെന്നു മാത്രം പറഞ്ഞു. ഞാൻ അവളെപ്പറ്റിത്തന്നെ ചിന്തിച്ചുകൊണ്ടേയിരുന്നു.

അങ്ങനെയിരിക്കെ, ഒരു ദിവസം കിതച്ചുകൊണ്ട് പറന്നെത്തിയ ഒരു പൂമ്പാറ്റ പൂക്കാലത്തിനെന്തോ അപകടം പറ്റിയെന്ന് എന്നോട് പറഞ്ഞു. ദൂരെ ബഹിരാകാശത്തിലേതോ പെരുംവളവിൽവച്ച് വാൽനക്ഷത്രത്തിന്റെ മുകളിൽനിന്ന് ഏതോ വലിയ കൊക്കയിലേക്ക് അവളും അവൾ കൊണ്ടുവരാൻ തയ്യാറാക്കിയ ആ വലിയ പെട്ടിയും മറിഞ്ഞുപോയത്രേ. നക്ഷത്രപ്പോലീസുകാർ അവിടെയൊക്കെ അവളെത്തിരഞ്ഞിട്ടും അവളെയൊരാൾക്കുപോലും കണ്ടെത്താനായില്ല. ആ വലിയ കൊക്കയിൽനിന്ന് ഇതുവരെ ആരും രക്ഷപ്പെട്ടിട്ടേയില്ലത്രേ.

കാലം നിന്നുപോയെന്ന് എനിക്കു തോന്നി. ചെടികളും മരങ്ങളും പൂമ്പാറ്റകളുമെല്ലാം ഒന്നും മിണ്ടാതെ നിശ്ചലരായി നിന്നു. മഴ മാത്രം നിർത്താതെ കരഞ്ഞു, രാവും പകലുമില്ലാതെ കരഞ്ഞു.

ആ കരച്ചിൽ, ജീവിതത്തിന്റെ തുരുത്തുകൾ ഓരോന്നോരോന്നായി തുടച്ചെടുത്തുകളഞ്ഞു. എല്ലാം, എല്ലാവരും, പതിയെപ്പതിയെ അവൾ തിരിച്ചുവരും എന്ന ആശയുപേക്ഷിച്ച് മണ്ണിൽ തല താഴ്ത്തി നിന്നു.

ഒരു ചെടിയിലും പൂക്കളില്ലായിരുന്നു. ഒരു മരവും ഇനി കായ്ക്കുകയുമില്ല. എനിക്ക് വല്ലാണ്ട് സങ്കടം വന്നു.

ചന്ദ്രനിലേക്കെത്തുന്ന ഗുഡ്സ് തീവണ്ടികൾ കണ്ടുപിടിക്കാൻ ഞാൻ ആകാശത്തേക്കു നോക്കി. എങ്ങാനും അവൾ അതിന്റെ ഗാർഡിന്റെ ക്യാബിനിലുണ്ടാവുമെങ്കിലോ.

ആകാശത്തിൽ തീവണ്ടിപ്പാതകൾ എനിക്ക് കാണാനേ കഴിഞ്ഞില്ല.

എന്നിട്ടുമെന്നിട്ടും എല്ലാ രാത്രികളിലും ഞാനെന്റെ നിറം മങ്ങിയ പൂന്തോട്ടത്തിൽചെന്ന് നക്ഷത്രങ്ങളെ നോക്കിയിരിക്കാൻ തുടങ്ങി. ഏതെങ്കിലും ഒരു രാത്രിയിൽ അവൾ വരുമെന്നുതന്നെ ഞാൻ കരുതി. കാത്തിരിപ്പ് കാലങ്ങളോളം നീണ്ടു.

ഒരു നാൾ മഴ പതിവിലുമേറെ ഉച്ചത്തിൽ കരഞ്ഞു. എന്നെയും എന്റെ പൂന്തോട്ടത്തിനെയും അത് നനച്ചു കുതിർത്തു കളഞ്ഞു.

അവളിനി ഒരിക്കലും തിരിച്ചെത്തില്ലെന്ന് എനിക്കു മനസ്സിലായി.

ഞാൻ ആ മണ്ണിൽ തല പൂഴ്ത്തി കണ്ണുകളടച്ച് കിടന്നു. ഇരുട്ട് പൂർണ്ണമായും എന്റെ മനസ്സിലേക്ക് നുഴഞ്ഞുകയറി. രാത്രിയേറെ വൈകിക്കാണും. മഴ നിന്നു കഴിഞ്ഞിരുന്നു.

മണ്ണിൽ വിടർത്തി വച്ച എന്റെ കൈയിൽ ഒരു നിലാവിന്റെ തുണ്ടു വന്നുവീണു.

അതു വിടർന്ന് എന്റെ നെറുകയിലേക്ക് നിറങ്ങൾ പടർന്നുകയറി. ഏതോ നക്ഷത്രം പൂശിനടന്ന ഒരു സെന്റ് മണം എനിക്കു ചുറ്റും പരന്നു. ഇരുട്ടിൽ ഞാൻ കണ്ണു തുറന്നു നോക്കി. അവിടെയൊന്നുമില്ല.

ഒരു സ്വപ്നത്തിന്റെ ഇടയിലെവിടെയോ ആണെന്നോർത്ത് ഞാൻ വീണ്ടും കണ്ണുകളടച്ചു.

പുലർന്നപ്പോൾ, പൂമ്പാറ്റകളുടെ കലഹം കേട്ടു ഞാൻ കണ്ണു തുറന്നു. എനിക്കു ചുറ്റും അവർ പറന്നുനടക്കുകയായിരുന്നു.

എന്റെ പൂന്തോട്ടത്തിൽ ഓരോ ചെടിയുടെ തുമ്പിലും മൊട്ടുകൾ വന്നെത്തി നോക്കുന്നതു ഞാൻ കണ്ടു. റോസയും മന്ദാരവും ചെമ്പരത്തിയും മുല്ലയും മുക്കുറ്റിയും തുമ്പയും തെച്ചിയും ജമന്തിയുമെല്ലാം ഒട്ടും തെറ്റാതെ അവരവരുടെ നിറങ്ങൾ പുതച്ച്, മണങ്ങളണിഞ്ഞ് വിടരാൻ തുടങ്ങുന്നു. എല്ലായിടത്തും മധുരമുള്ള മന്ദഹാസങ്ങൾ. എല്ലാവരും ചന്തം പുതച്ചവർ!

എങ്കിലും പ്രപഞ്ചം മുഴുവൻ എന്നെ മാത്രം നോക്കി നിൽക്കുന്നതുപോലെ എനിക്കു തോന്നി. എല്ലാ പൂമ്പാറ്റകളും വണ്ടുകളും എനിക്കു ചുറ്റും മാത്രം പറന്നുനടക്കുന്നു. എന്തോ അഭൗമമായ ഒരു സുഗന്ധം എന്റെയുള്ളിൽ നിന്ന് പടരുന്നതുപോലെ.

ഒരു ഇലനാമ്പ് എന്റെയീ അമ്പരപ്പ് കണ്ടുനിൽക്കുകയായിരുന്നു.

ഒരു ചിരിയോടെ, എനിക്കു മുന്നിലേക്ക് അതിന്റെ തുഞ്ചത്ത് ഞാന്നുകിടന്ന മഴത്തുള്ളി അത് നീട്ടിക്കാണിച്ചു. ആ ചെറുകണ്ണാടിയിൽ ഞാൻ സാകൂതം നോക്കി.

ലോകത്തിലെ ഏറ്റവും സൗന്ദര്യമുള്ള ഒരു പൂവായിരുന്നു ഞാൻ.

ഏതോ ഗ്രഹാന്തരഗർത്തത്തിന്റെ ആഴത്തിൽനിന്ന് എനിക്കുവേണ്ടി മാത്രം കൊണ്ടുവന്ന ഒരഴക് അതിനുണ്ടായിരുന്നു.

എനിക്ക് പിന്നിൽ ഉള്ളു നിറഞ്ഞ സ്നേഹത്തോടെ എന്നെ നോക്കി, പൂക്കാലം ചിരിച്ചുകൊണ്ടു നിൽക്കുന്നു.

ഞാൻ നാണിച്ചു പോയി.

അവളും നാണിച്ചു നിന്നു.

●●●

പിന്നെ,

ആ ഗഡാഗഡിയൻ രഹസ്യം എന്താണെന്നല്ലേ നിങ്ങളിപ്പോഴും ആലോചിക്കുന്നത്.

അതിതാണ്.

ആ ഞാനേ, അത് ഇതു വായിക്കുന്ന നീയാ. അത്രേള്ളൂ.



ഓർമ്മ

# അത്തം പത്തോണം

**പള്ളിയറ ശ്രീധരൻ**

മലയാളത്തിലെ ഒരു പ്രസിദ്ധമായ ചൊല്ലാണ് 'അത്തം പത്തോണം.' അത്തം ആയാൽ പത്തു ദിവസംകൊണ്ട് ഓണമാകും എന്ന് ഈ ചൊല്ല് അർത്ഥമാക്കുന്നു. പക്ഷേ ഇപ്പോൾ ഓണമാഘോഷിക്കുന്ന കുട്ടികൾക്ക് അത്തം എന്താണ് എന്നു പരിചയമുണ്ടാവില്ല.

മലയാളികൾക്ക് 27 നക്ഷത്രങ്ങളുണ്ട്. അവയിൽ ഒന്നാണ് അത്തം. നക്ഷത്രങ്ങളുടെ പട്ടിക കാണുമല്ലോ.

ഇതിൽ അത്തം കഴിഞ്ഞാൽ പത്തു ദിവസംകൊണ്ട് തിരുവോണം വരുമല്ലോ. എനിക്ക് ഈ ദിനത്തിന് ഒരു പ്രത്യേകത കൂടിയുണ്ട്. എന്റെ പ്രിയ പിതാവിന്റെ ജന്മദിനം ചിങ്ങമാസത്തെ തിരുവോണമാണ്.

ഒരു മാസത്തിന് 31 അല്ലെങ്കിൽ 30 ദിവസമാണെന്ന് നിങ്ങൾക്കറിയാം. എല്ലാ മാസവും 27 നക്ഷത്രങ്ങളും ഉണ്ടാവും.

കൊല്ലവർഷം ആരംഭിക്കുന്നത് ചിങ്ങത്തിലാണ്, ഗ്രിഗോറിയൻ കലണ്ടർ ജനുവരിയിൽ ആരംഭിക്കുന്നതുപോലെ. കൊല്ലവർഷത്തിലെ മാസങ്ങളാണ് ചിങ്ങം, കന്നി എന്നിവ. 12 മാസങ്ങൾതന്നെയാണ് കൊല്ലവർഷത്തിനുമുള്ളത്. പട്ടിക കാണുമല്ലോ.

ഈ വർഷം 2024 എന്നതുപോലെ കൊല്ലവർഷം ഇപ്പോൾ ആരംഭിക്കുന്നത് 1200-ാം ആണ്ടാണ്. മാസവും തീയതിയുമൊക്കെ കാണാൻ സർക്കാർ കലണ്ടറുകൾ ഉപയോഗിക്കാം.

അശ്വതി
ഭരണി
കാർത്തിക
രോഹിണി
മകയിരം
ആതിര
പുണർതം
പൂയം
ആയില്യം
മകം
പൂരം
ഉത്രം
1 അത്തം
2 ചിത്തിര
3 ചോതി
4 വിശാഖം
5 അനിഴം
6 തൃക്കേട്ട
7 മൂലം
8 പൂരാടം
9 ഉത്രാടം
10 തിരുവോണം
അവിട്ടം
ചതയം
പൂരുരുട്ടാതി
ഉത്രട്ടാതി
രേവതി

ചിങ്ങം
കന്നി
തുലാം
വൃശ്ചികം
ധനു
മകരം
കുംഭം
മീനം
മേടം
ഇടവം
മിഥുനം
കർക്കിടകം

ഓണത്തെപ്പറ്റിയുള്ള മറ്റൊരു പഴഞ്ചൊല്ലാണ് *കാണം വിറ്റും ഓണം ഉണ്ണണം*. എത്ര ദാരിദ്ര്യമുണ്ടായാലും ഓണസദ്യ കേമമാക്കണം എന്ന് ഈ പഴംചൊല്ല് ഓർമ്മിപ്പിക്കുന്നു. ഇന്നത്തെ സമൂഹത്തിൽ ഈ പഴംചൊല്ലിന് വലിയ പ്രസക്തി ഉണ്ടെന്ന് തോന്നുന്നില്ല. പക്ഷേ പണ്ടുകാലത്ത് ഇതിന് വലിയ പ്രസക്തി ഉണ്ടായിരുന്നു.

പണ്ട് എന്റെ ചെറുപ്പകാലത്ത് പൂക്കളമിടാൻ ഓണപ്പൂക്കൾ നേരിട്ട് ചെടിയിൽനിന്നാണു ശേഖരിച്ചിരുന്നത്. തുമ്പപ്പൂ, അരിപ്പൂ, കാക്കപ്പൂ, തെച്ചി തുടങ്ങിയവയാണ് അന്ന് ഞങ്ങൾ ശേഖരിച്ചിരുന്നത്.

ഇവ ശേഖരിക്കാനായി പ്രത്യേകം കൊമ്മകൾ ഉപയോഗിച്ചിരുന്നു. തെങ്ങിന്റെ ഉണങ്ങാത്ത ഓലകൊണ്ട് നിർമ്മിച്ച പൂക്കൂടകളാണ് കൊമ്മകൾ. ഓരോ ഇനം പൂവ് ശേഖരിക്കുന്നതിനും പ്രത്യേകം പ്രത്യേകം കൊമ്മകൾ നിർമ്മിച്ചിരുന്നു. ഇപ്പോൾ വിപണിയിൽ ഇഷ്ടം പോലെ പൂക്കൾ ലഭ്യമാണല്ലോ. പൂക്കൾ ശേഖരിക്കുന്നത് അന്ന് വലിയ ആവേശമായിരുന്നു. ഇന്ന് പൂക്കളുടെ വിപണി സജീവമായതോടെ ഇന്നത്തെ കുട്ടികൾക്ക് അത് അനുഭവിക്കാൻ കഴിയാതെയായി.

അക്കാലത്ത് സമ്പന്നരുടെ വീടുകളിൽ മാത്രമേ നല്ല ഭക്ഷണമുണ്ടായിരുന്നുള്ളൂ. മിക്ക വീടുകളിലും പട്ടിണി ആയിരുന്നു. പ്രത്യേകിച്ച് കർക്കിടക മാസത്തിൽ വലിയ ദാരിദ്ര്യം തന്നെ. ഭൂരിഭാഗം പേരുടെ ജോലിയും കൃഷിയായിരുന്നു. കർക്കിടക മാസത്തിൽ വലിയ മഴ ആയിരുന്നതിനാൽ ജോലി ഒന്നും ഉണ്ടാവില്ല. ശരിക്കും മുഴുപ്പട്ടിണി തന്നെ. ചിങ്ങം വരുന്നതോടെ ഓണം വരുന്നു.

വീടിന്റെയും വീട് നിർമിക്കുന്ന സ്ഥലത്തിന്റെയും ആധാരമാണ് കാണം. അത് വിറ്റിട്ടായാലും ഓണം ആഘോഷിക്കണം എന്നാണ് വിവക്ഷ.

ഇപ്പോൾ കാലം മാറി, കഥ മാറി. മുമ്പുകാലത്ത് അനുഭവപ്പെട്ടിരുന്ന പട്ടിണിയൊന്നും ഇപ്പോൾ നിലവിലില്ല. സർക്കാർ വക ആനുകൂല്യങ്ങളുമുണ്ട്. ഇപ്പോഴത്തെ ജനങ്ങൾ ഭാഗ്യവാന്മാർതന്നെ.



വര: ഈശ്വരൻ നമ്പൂതിരി

# ഛത്രപതി ശിവാജി ടെർമിനസ്

**കെ രമ**

**യുനെസ്കോയുടെ ലോകപൈതൃക പദവിയുള്ള ഒരു റെയിൽവേ സ്റ്റേഷൻ. അതാണ് വിക്ടോറിയ ടെർമിനസ് എന്നു വിളിക്കപ്പെട്ടിരുന്ന, മുംബൈ ഛത്രപതി ശിവാജി ടെർമിനസ്.**

ഔറംഗബാദിൽനിന്നു മുംബൈയിലേക്കുള്ള വണ്ടിയിൽ ഇരിക്കുമ്പോൾ അനു പറഞ്ഞു: “നമ്മൾ ചെന്നിറങ്ങുന്ന ടെർമിനസ് ഏതാണ് എന്ന് അറിയാമോ?”

“ഛത്രപതി ശിവാജി ടെർമിനസ്.”

“അതൊരു ഹെറിറ്റേജ് സൈറ്റ് ആണ്.”

“അതെനിക്കറിയില്ലായിരുന്നു. ടെർമിനസ് എന്നാൽ തീവണ്ടിപ്പാത അവസാനിക്കുന്ന സ്റ്റേഷനാണെന്ന് എനിക്കറിയാം.”

“അതെ. ഇതിന്റെ പേര് ആദ്യം വിക്ടോറിയ ടെർമിനസ് എന്നായിരുന്നു. പിന്നീട് പേര് മാറ്റി.

“അപ്പോൾ നമ്മുടെ മുബൈ വിസിറ്റിന്റെ ഒന്നാം ദിവസംതന്നെ ഹെറിറ്റേജ് സൈറ്റിലേക്ക് ആണല്ലോ!”

തീവണ്ടിയിൽ സഹയാത്രികനായിരുന്ന അലോക് മാമൻ ഞങ്ങളുടെ സംഭാഷണത്തിൽ പങ്കുചേർന്നു. പുള്ളിക്ക് ചരിത്രത്തിലും പുരാവസ്തു ഗവേഷണത്തിലും താത്പര്യമുണ്ടെന്ന് തോന്നിയിരുന്നു.



**ഛത്രപതി ശിവാജി ടെർമിനസ് റെയിൽവേ സ്റ്റേഷന്റെ കവാടം.**

Photo: Rangan Datta Wiki / Wikimedia commons

“ഇന്ത്യൻ, ബ്രിട്ടീഷ്, ഇറ്റാലിയൻ വാസ്തുവിദ്യ ശൈലികൾ ചേർന്ന ഒരു മനോഹരനിർമ്മിതിയാണിത്. 1878ൽ പണി തുടങ്ങി 10 വർഷം കൊണ്ടാണ് പൂർത്തിയായത്.

“ആരാണ് അതിന്റെ ആർക്കിടെക്ട്?”

“ബ്രിട്ടീഷുകാരനായ എഫ് ഡബ്ലിയു സ്റ്റീഫൻസ്. പരമ്പരാഗത ഇന്ത്യൻ ശൈലിയും ഇതിൽ ഉൾച്ചേർന്നിട്ടുണ്ട്. പുറത്തുനിന്നു നോക്കിയാൽ ഒരു ഇന്ത്യൻ കൊട്ടാരമാണെന്ന് തോന്നും. 2.58 ഹെക്ടർ ആണ് ഇതിന്റെ വിസ്തൃതി.”

“ഇതെന്താ ഒരു റെയിൽവേ സ്റ്റേഷൻ ഹെറിറ്റേജ് സൈറ്റ് എന്ന രീതിയിൽ പട്ടികയിൽ ഉൾപ്പെടുത്തിയത്?”

“2004 ലാണ് അതിനെ ലോക ഹെറിറ്റേജ് പട്ടികയിൽ ഉൾപ്പെടുത്തിയത്. ഒന്നാമത് അത് ബ്രിട്ടീഷ്-ഇറ്റാലിയൻ-ഇന്ത്യൻ വാസ്തുവിദ്യാ സംസ്കാരങ്ങളുടെ സമന്വയമാണ്. രണ്ടാമത് അത് നാശത്തിന്റെ ഭീഷണിയിലാണ്, സംരക്ഷിക്കപ്പെടേണ്ടതാണ് എന്ന തോന്നൽ ഉണ്ട്. കടലിൽ നിന്നുള്ള ഉപ്പുകാറ്റ് മുതൽ ഗതാഗതത്തിരക്കും ചുറ്റുപാടും നടക്കുന്ന വീണ്ടുവിചാരം ഇല്ലാത്ത വികസനവും ഈ ടെർമിനസിന് ഭീഷണിയാണ്.”

തീവണ്ടിയിറങ്ങിയപ്പോൾ വല്ലാത്തൊരു ലോകത്തിലെത്തിയപോലെ തോന്നി. 18 പ്ലാറ്റ്ഫോമുകൾ ഉള്ളതിന്റെ ആറാമത്തെ പ്ലാറ്റ്ഫോമിൽനിന്ന് ഞങ്ങൾ ഒരു തിരക്കുമില്ലാതെ നടന്നുതുടങ്ങി. ജനം തീവണ്ടികളിൽ കയറാനായി ധൃതിപിടിച്ച് ഓടുന്നുണ്ടായിരുന്നു. നിരനിരയായി കൊത്തുപണികളാൽ അലങ്കൃതമായ തൂണുകൾ! അവയെ തമ്മിൽ ബന്ധിപ്പിച്ച ആർച്ച് ബീമുകളും ഗോഥിക് ശൈലിയിലുള്ള ജനാലകളും ഒരു രാജകൊട്ടാരത്തിന്റെ പ്രൗഢി നൽകുന്നു. തൂണുകൾക്ക് അറ്റത്തായി നിറയെ വിളക്കുകൾ. അതിനു താഴെ പല മൃഗങ്ങളുടെയും പക്ഷികളുടെയും രൂപങ്ങൾ മനോഹരമായി കൊത്തിവച്ചിരിക്കുന്നു. വാതിലുകളെല്ലാം ഒന്നൊന്നര വാതിലാണ്. എല്ലാം ബർമൻ തേക്കാണ്.

പുറത്തേക്കിറങ്ങി നോക്കിയപ്പോൾ മഞ്ഞക്കല്ലുകൾ കൊണ്ടുണ്ടാക്കിയ ഗോപുരം. അതിലെ പ്രതിമകൾ എല്ലാം എത്ര മനോഹരമാണ്! നടുവിൽ



ഒരു ക്ലോക്കും. ഇരുഭാഗത്തും കമാനങ്ങളും താഴികക്കുടങ്ങളും ഉള്ള എടുപ്പുകൾ ഉണ്ട്.

ആദി എന്ന വിളികേട്ട് തിരിഞ്ഞുനോക്കിയപ്പോൾ കാർത്തിയും മുത്തശ്ശനും. മുംബൈ നഗരത്തിലെ മറൈൻ ഡ്രൈവിലൂടെ കാറിൽ പോകവേ നേരം ഇരുട്ടിത്തുടങ്ങിയിരുന്നു. C ആകൃതിയിലുള്ള ആ പാതയിലെ വിളക്കുകൾ ഒരു മാലയിലെ വജ്രക്കല്ലുകൾ കണക്കെ വെട്ടിത്തിളങ്ങി. വെറുതെയല്ല ഈ റോഡിനെ ക്വീൻസ് നെക്ലെസ് എന്ന് വിശേഷിപ്പിക്കുന്നത്. കാറിൽ ഇരിക്കുമ്പോൾ അല്പം പരിഭവത്തോടെ ഞാൻ പറഞ്ഞു:

"ആ ടെർമിനസ് മുഴുവനും കാണാൻ പറ്റിയില്ല. അതെന്താ എല്ലായിടത്തും നമ്മളെ പ്രവേശിപ്പിക്കാത്തത്?"

"2008 മുതൽ എല്ലാവർക്കും ഉള്ള പ്രവേശനം നിഷേധിച്ചിരിക്കുകയാണ്. കാരണം 2008ൽ ഒരു ഭീകരാക്രമണം ഉണ്ടായല്ലോ."

"അപ്പോൾ നമുക്ക് അതിന്റെ ഉള്ളിൽ കാണാൻ പറ്റില്ലേ?"

"പറ്റും. നാളെ നമുക്ക് അതിന് പ്രത്യേക അനുവാദം വാങ്ങാം. *ദി ക്രൗൺ ജുവൽ ഓഫ് മുംബൈ* എന്ന പേരിൽ ഒരു ഹെറിറ്റേജ് വാക്കുണ്ട് (Heritage walk). നമുക്കതിൽ ടിക്കറ്റ് എടുക്കാം."

"ഇന്ത്യയിൽ ആദ്യം റെയിൽവേ ആരംഭിച്ചത് മുംബൈയിൽ ആണെന്ന് അറിയാമോ? അന്ന് ബോറിബന്തർ മുതൽ താനെ വരെയാണ് പാസഞ്ചർ ഓടിയത്, അതും 1853 ൽ. പിന്നീട് ബോംബെ വളർന്നപ്പോൾ പുതിയ റെയിൽവേ വികസനത്തിന്റെ ഭാഗമായാണ് വിക്ടോറിയ ടെർമിനസ് പണി ആരംഭിച്ചത്."

കാർത്തിയുടെ മുത്തശ്ശൻ പറഞ്ഞു നിറുത്തി.

പിറ്റേന്നു രാവിലെ ടിക്കറ്റ് എടുത്ത് ഞങ്ങൾ കാത്തുനിന്നു. ഏകദേശം 25 പേരോളം ഉള്ള സംഘത്തിന് ഒരു ഗൈഡ് കൂടെയുണ്ടായിരുന്നു. ഞങ്ങൾ നടത്തം ആരംഭിച്ചു. ആദ്യം കണ്ടത് റെയിൽവേയുടെ ഹെറിറ്റേജ് മ്യൂസിയം ആയിരുന്നു. അവിടെയാവട്ടെ ഛത്രപതി ശിവാജി ടെർമിനസിന്റെ ചരിത്രം, പലതരം വിളക്കുകൾ, മണികൾ, ഉപകരണങ്ങൾ, നിർമ്മാണസാമഗ്രികൾ എല്ലാം പ്രദർശിപ്പിച്ചിട്ടുണ്ട്. ഓരോന്നിന്റെ അടുത്തും ഓരോ ക്യു ആർ കോഡ് ഉണ്ട്. അത് സ്കാൻ ചെയ്താൽ അതിന്റെ ചരിത്രം നമുക്കറിയാം. ബോംബെയിലെ സ്റ്റേഷനുകളുടെ പഴയകാല ചിത്രങ്ങൾ ഏറെ രസകരമായി തോന്നി. ബ്രിട്ടീഷുകാർ ഭരിക്കുമ്പോൾ അവർക്ക് ഫസ്റ്റ് ക്ലാസും സാധാരണക്കാർക്ക് തേർഡ് ക്ലാസും ബോഗികളായിരുന്നു. അത്തരം ബോഗികൾ അവിടെ പ്രദർശിപ്പിച്ചിട്ടുണ്ട്. കൊട്ടാരസദൃശ്യമായ ഗോവണിപ്പടിയുള്ള വലിയ ഇടനാഴികളിലൂടെ ഞങ്ങൾ മുന്നോട്ടു നടന്നു. അവിടെനിന്ന് മുകളിലേക്കു നോക്കിയപ്പോൾ 60 മീറ്റർ ഉയരമുള്ള അഷ്ടഭുജാകൃതിയിലുള്ള താഴികക്കുടം! എല്ലാവരും അതുകണ്ട് സ്തബ്ധരായി. അത്രയ്ക്കു മനോഹരമായിരുന്നു അത്.

ഗോവണിപ്പടിയുടെ കവാടത്തിൽ സിംഹത്തിന്റെ പ്രതിമ കൊത്തിവെച്ചിരിക്കുന്നു. കെട്ടിടത്തിന്റെ ഓരോ കോണും മനോഹരമാണ്. സ്റ്റാർ ചേമ്പറിൽനിന്ന് താഴോട്ടു നോക്കിയാൽ

ഛത്രപതി ശിവജി ടെർമിനൽസിന്റെ മുകൾഭാഗം

Photo: Udaykumar PR / Wikimedia commons

▼



ടിക്കറ്റ് കൗണ്ടറുകളിൽ ആളുകൾ നിരനിരയായി നിൽക്കുന്നതു കാണാം. എനിക്ക് ഏറ്റവും അദ്ഭുതമായി തോന്നിയത് വെള്ളം തുപ്പുന്ന ഗർഗോയിലുകളാണ്! ഗർഗോയിൽ, പൈപ്പുകൾ തന്നെ. പക്ഷേ അതിന്റെ തലപ്പത്ത് ഒരു മൃഗത്തിന്റെ രൂപം കൊത്തിവെച്ചിട്ടുണ്ടാവും. മൃഗത്തിന്റെ വായിൽനിന്ന് വെള്ളം വീഴുന്നപോലെ മഴവെള്ളം അതിലൂടെ ഒഴുകി പുറത്തേക്കു വീഴും! മനോഹരമായ ജനാലകൾ പലനിറത്തിലുള്ള ചില്ലുകളാൽ അലങ്കരിച്ചവയാണ്. അവയെല്ലാം ഗോഥിക് ശൈലിയിൽ ഉള്ളതാണെന്ന് ഗൈഡ് പറഞ്ഞു തന്നു.

പിന്നെ ഞങ്ങൾ പിന്നിലൂടെയുള്ള ഗോവണിയിലൂടെ താഴേക്കിറങ്ങി. പുറകിലെ പൂന്തോട്ടത്തിലാണ് ഞങ്ങൾ എത്തിയത്.


“ഇപ്പൊ ആദിയ്ക്ക് തൃപ്തിയായോ?”

കാർത്തിയുടെ മുത്തശ്ശന്റെ ചോദ്യത്തിന് നാണത്തിൽ കുതിർന്ന ഒരു ചിരി ആദി മറുപടിയായി നൽകി.




▲ വിക്ടോറിയ ടെർമിനസ് ഒരു പഴയകാല ചിത്രം.
Photo: Wikimedia Commons

ഛത്രപതി ശിവാജി ടെർമിനൽസിന്റെ മറ്റൊരു കാഴ്ച.
Photo: Francesco Bandarin / UNESCO
▼



ക്ലാസിക് കഥ

# റിക്കി ടിക്കി ടാവി

**റഡ്യാഡ് കിപ്ലിങ്**

**പുനരാഖ്യാനം: രജ്ന കെ ആസാദ്**

ജംഗിൾ ബുക്ക് എന്നു കേൾക്കാത്ത കുട്ടികൾ വിരളമാണ്. അതിലെ മൗഗ്ലി എക്കാലത്തെയും കുട്ടികളുടെ ഹീറോയാണ്. റഡ്യാഡ് കിപ്ലിങ് (Rudyard Kipling) രചിച്ച *ദ ജംഗിൾ ബുക്ക്* എന്ന അതേ കഥാസമാഹാരത്തിലെ മറ്റൊരു കഥയാണ് റിക്കി ടിക്കി ടാവി. 1865ൽ ഇന്ത്യയിലാണ് റഡ്യാഡ് കിപ്ലിങ്ങിന്റെ ജനനം. ആറാം വയസ്സിൽ തിരികെ ഇംഗ്ലണ്ടിലേക്കുപോയ റഡ്യാഡ് കിപ്ലിങ് പിന്നീട് പതിനേഴാമത്തെ വയസ്സിലാണ് ഇന്ത്യയിൽ തിരിച്ചെത്തുന്നത്. സബ് എഡിറ്ററായി ജോലിതുടങ്ങിയ കിപ്ലിങ് പിന്നീട് പല പ്രസിദ്ധീകരണങ്ങളിലും ജോലിചെയ്തു. അക്കാലത്താണ് കഥകളും ചെറുകവിതകളും അദ്ദേഹം രചിക്കുന്നത്. ഇന്ത്യൻ പശ്ചാത്തലം അദ്ദേഹത്തിന്റെ കഥകളിൽ കാണാനുള്ള പ്രധാന കാരണവും മറ്റൊന്നല്ല. 1894ൽ പുറത്തിറക്കിയ *ദ ജംഗിൾ ബുക്ക്* ആണ് അദ്ദേഹത്തെ പ്രശസ്തിയുടെ കൊടുമുടിയിലെത്തിച്ചത്. 1907ൽ  41ാമത്തെ വയസ്സിൽ സാഹിത്യത്തിനുള്ള നൊബേൽ സമ്മാനവും അദ്ദേഹത്തെ തേടിയെത്തി. സാഹിത്യത്തിനുള്ള നൊബേൽ സമ്മാനം ലഭിച്ച ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയും റഡ്യാഡ് കിപ്ലിങ്ങാണ്. 1936ൽ 70ാമത്തെ വയസ്സിൽ ഒരു ശസ്ത്രക്രിയയെത്തുടർന്ന് അദ്ദേഹം അന്തരിച്ചു.



വര: ബാസി മറിയം

റിക്കി ടിക്കി ടാവി എന്നു പേരുള്ള ആ കീരി പതുക്കെ കണ്ണുതുറന്നു നോക്കി. അവ നൊരു പൂന്തോട്ടത്തിലായിരുന്നു. ഒരു മനുഷ്യക്കുട്ടി അവനെ കുനിഞ്ഞുനോക്കുന്നുണ്ട്.

റിക്കി തലേദിവസം ഓർ ത്തെടുക്കാൻ ശ്രമിച്ചു. അന്ന് മുഴുവൻ പെയ്ത ശക്തമായ മഴ യിൽ അവന്റെ മടയിലും പരി സരത്തുമെല്ലാം വെള്ളം നിറ ഞ്ഞിരുന്നു. മട നിറഞ്ഞതു മാത്ര മല്ല, ശക്തമായ ആ മലവെള്ള പ്പാച്ചിലിൽ അവൻ ഒഴുകിപ്പോ വുകയും ചെയ്തു. നിലത്തും മര ങ്ങളിലുമെല്ലാം പിടിക്കാൻ ശ്രമി ച്ചെങ്കിലും ഒരിടത്തും നിൽക്കാ നവനു കഴിഞ്ഞില്ല. ഒടുക്കം അവനൊരു കുഴിയിൽ പോയി വീണു. ഭാഗ്യത്തിന് ഒരു പുല്ലിൽ അവന് പിടുത്തം കിട്ടി. അപ്പോ ഴേക്കും ആകെ തളർന്നിരുന്നു. ബോധം മറയുവോളം അവനാ പുല്ലിൽ മുറുക്കെപ്പിടിച്ചു കിട ന്നതോർമ്മയുണ്ട്.

“ഇതാ ഒരു ചത്ത കീരി. നമുക്കിവന്റെ ശവസംസ്കാരം നടത്തിയാലോ?” ആ കുട്ടി പറ യുന്നു.

അവന്റെ അമ്മ അവനെ തടഞ്ഞു. അവൻ മരിച്ചിട്ടില്ല. നമുക്കിവനെ തോർത്തി നനവ് ഉണക്കിയെടുക്കാം.

അവരവനെ വീട്ടിലേക്ക് കൊണ്ടുപോയി. ഒരു വലിയ മനുഷ്യനാണ് അവന്റെ ശരീര ത്തിലെ നനവെല്ലാം ഒരു പഞ്ഞി കൊണ്ട് തുടച്ചുണക്കിയത്.

ബംഗ്ലാവിലെ വലിയ മനുഷ്യ നായ ഇംഗ്ലീഷുകാരൻ പറഞ്ഞു:

“ടെഡീ, ഒച്ചവെച്ച് അവനെ ഭയപ്പെടുത്തരുത്. ഉണർന്നാൽ അവനെന്തു ചെയ്യുമെന്ന് നമുക്ക് നോക്കാം.”

റിക്കി ടിക്കി ഉണർന്നപ്പോൾ ആ വീടിനോട് ഒട്ടും അപരിചി തത്വം കാണിച്ചില്ല. വീട്ടിനകത്ത് അവിടെയുമിവിടെയും ഓടി നടന്നും അവിടത്തെ കുട്ടിയുടെ തോളിലേക്ക് ചാടിക്കയറിയും ഉല്ലസിച്ചു.

“ടെഡീ, പേടിക്കേണ്ട. അവൻ നിന്നോട് ചങ്ങാത്തം കൂടുക യാണ്.” അച്ഛൻ പറഞ്ഞു.

“അതൊരു വന്യജീവിയാണ്. അതിങ്ങനെ മനുഷ്യരോട് ഇണങ്ങുമോ?” അവന്റെ അമ്മ യുടെ വേവലാതി തീർന്നില്ല. അവർക്ക് ഇത്തരം ജീവികളെ ഭയമാണ്.

കീരികൾ പെട്ടെന്ന് ഇണ ങ്ങുമെന്ന് അച്ഛൻ പറഞ്ഞു.

അവരവന് ഒരു കഷ്ണം പച്ച മാംസം കൊടുത്തു. ഇഷ്ടത്തോ ടെ അവനത് കഴിച്ചുതീർത്തു. പിന്നെ പുറത്തുപോയി വെയിൽ കാഞ്ഞിരുന്നു.

വീട്ടിലെല്ലായിടത്തും കറങ്ങി നടന്നും അച്ഛന്റെ മടിയിൽ കയറിയിരുന്നും ടെഡിയോടൊ പ്പം ഉറങ്ങാൻ കിടന്നും ക്രമേണ റിക്കി ടിക്കി ആ വീട്ടിലെ ഓമ നയായി.

അതിരാവിലെ പ്രാതലിന് ടെഡിയുടെ തോളിൽ കയറി യാണ് റിക്കി എത്തിയത്. അവ രവന് വാഴപ്പഴവും പുഴുങ്ങിയ മുട്ടയും നൽകി.

പ്രാതലിനുശേഷം റിക്കി പൂന്തോട്ടം സന്ദർശിച്ചു. റോസാ ച്ചെടികളും നാരകങ്ങളും മറ്റു ചെടികളുമുള്ള പൂന്തോട്ടമാ യിരുന്നു അത്. അരികുകളിൽ നട്ടുപിടിപ്പിച്ച മുളങ്കൂട്ടം മാനം മുട്ടെ വളർന്നുനിൽക്കുന്നു.

“നല്ലൊരു വേട്ടയാടലിന് ചാൻസുണ്ടല്ലോ ഇവിടെ...”

അവനങ്ങനെ ചിന്തിച്ചു നിൽക്കേ മുൾപ്പടർപ്പിൽ നിന്നൊരു കരച്ചിൽ കേട്ടു.

തുന്നൽക്കിളിയായ ഡാർ സിയും ഭാര്യയുമായിരുന്നു അത്. അവരവിടെ ഉയരത്തിൽ ഇലകളും നാരുകളും തുന്നി ച്ചേർത്തൊരു കൂടുണ്ടാക്കിയി രുന്നു. അകത്ത് പഞ്ഞിവിരിച്ചു മനോഹരമാക്കിയിരുന്നു അത്.

ഇളംകാറ്റിൽ തൊട്ടിൽപോ ലെ ആടുന്ന ഒരു കൂട്. അതിന കത്തായിരുന്നു അവൾ മുട്ടയി ട്ടതും അവരുടെ കുഞ്ഞുങ്ങൾ വിരിഞ്ഞതും.

അവരുടെ സങ്കടം എന്താ ണെന്ന് റിക്കി ചോദിച്ചറിഞ്ഞു. അവരുടെ കുഞ്ഞുങ്ങളിലൊ രാൾ അബദ്ധത്തിൽ താഴോട്ടു വീണു. അന്നേരം നാഗ് എന്ന ദുഷ്ടനായ പാമ്പ് അതിനെ തിന്നുകളഞ്ഞു.

“ആരാണ് ഈ നാഗ്?”

**അവരുടെ കുഞ്ഞുങ്ങളിലൊരാൾ അബദ്ധത്തിൽ താഴോട്ടുവീണു. അന്നേരം നാഗ് എന്ന ദുഷ്ടനായ പാമ്പ് അതിനെ തിന്നുകളഞ്ഞു. “ആരാണ് ഈ നാഗ്?” ഡാർസിയോ ഭാര്യയോ റിക്കിയുടെ ചോദ്യത്തിനുത്തരം പറഞ്ഞില്ല. പകരം ആ കുറ്റിക്കാട്ടിൽനിന്ന് ശബ്ദം കുറഞ്ഞതെങ്കിലും ഭയപ്പെടുത്തുന്ന ഒരു ചീറ്റൽ കേട്ടു.**

അതീവസങ്കടത്തിലായതി നാലാവാം, ഡാർസിയോ ഭാര്യ യോ റിക്കിയുടെ ചോദ്യത്തിനു ത്തരം പറഞ്ഞില്ല. പകരം ആ കുറ്റിക്കാട്ടിൽനിന്ന് ശബ്ദം കുറ ഞ്ഞതെങ്കിലും ഭയപ്പെടുത്തുന്ന ഒരു ചീറ്റൽ കേട്ടു.

റിക്കി ടിക്കി കരുതലോടെ പിന്നോട്ടു മാറി. അപ്പോൾ ഭീകരനായ ഒരു മൂർഖൻപാമ്പ് തന്റെ ഉടലിൽ ഉയർന്നുനിന്ന് നാവുനീട്ടി ചീറി. അവന് അഞ്ച ടിയിലധികം നീളമുണ്ടായിരുന്നു. അങ്ങനെനിന്ന് അവൻ ഇരുവ ശത്തേക്കും ഭീകരമായി ആടി.

ഞാനാണ് നാഗ്.

അവൻ പത്തി പൂർണ്ണ മായി വിരിച്ചപ്പോൾ റിക്കി അവിടെ കണ്ണടപോലൊരു അടയാളം കണ്ടു. ആരേയും

ഭയപ്പെടുത്താൻ പോന്നതായിരുന്നു അവന്റെ ആ നിൽപ്പ്.

റിക്കി അതിനു മുമ്പ് മൂർഖനെ കണ്ടിരുന്നില്ല. എന്നാലും കീരിയെന്ന നിലയിൽ പാമ്പിനെ അവനൊട്ടും ഭയപ്പെട്ടിരുന്നില്ല.

"നീ ആ കുരുവിക്കുഞ്ഞിനെ തിന്നത് ശരിയാണെന്നു തോന്നുന്നുണ്ടോ?" റിക്കി ടിക്കി ചോദിച്ചു.

"വരൂ, പറയാം. അതിലെന്താണു തെറ്റ്?" നാഗ് പറഞ്ഞു.

റിക്കി മുന്നോട്ടുനീങ്ങി.

അവർ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഡാർസി ഉറക്കെ വിളിച്ചു പറഞ്ഞു:

"അതാ പിന്നിൽ നോക്കൂ."

പെട്ടെന്ന് ആപത്സൂചന കിട്ടിയ റിക്കി ടിക്കി ചാടിക്കുതിച്ചു. പിന്നിൽ നിന്നിരുന്ന നാഗിനയെ കഴുത്തിനുപിടിച്ചു കുടഞ്ഞു വലിച്ചെറിഞ്ഞു. നാഗിന്റെ ഭാര്യയായിരുന്നു അത്. അവർ സംസാരിച്ചുനിൽക്കുമ്പോൾ റിക്കിയെ പിന്നിൽ നിന്ന് ആക്രമിച്ചു കൊല്ലാനായിരുന്നു അവളുടെ പദ്ധതി.

"ദുഷ്ടനായ ഡാർസി! നിന്നെ ഞാനെടുത്തോളാം." നാഗ് വാൽ നിലത്തുകുത്തി കുരുവിക്കൂടിനു നേർക്കുയർന്നു.

പക്ഷേ അതേറ്റില്ല. അത്രയും ഉയരത്തിൽ, പാമ്പുകൾക്ക് കയറാൻ പറ്റാത്ത വിധത്തിലായിരുന്നു ഡാർസി തന്റെ കൂടുണ്ടാക്കിയിരുന്നത്.

റിക്കിക്ക് നന്നായി ദേഷ്യം വന്നു. കണ്ണുകൾ ചുവന്നു. അവൻ പിൻകാലിലുയർന്നു നിന്നു. എന്നാൽ തന്ത്രത്തിൽ രണ്ടു പാമ്പുകളും പതുക്കെ അവിടെനിന്ന് രക്ഷപ്പെട്ടുകളഞ്ഞു. അവർ രണ്ടുപേരുണ്ടായിരുന്നതിനാൽ ഇപ്പോൾ അവരെ പിന്തുടരുന്നത് ബുദ്ധിയല്ലെന്ന് റിക്കിക്ക് തോന്നി.

ഒരു കീരി പാമ്പിനോട് തോറ്റാൽ, ഏതോ രഹസ്യച്ചെടിയുടെ ഇല കഴിച്ച് ആരോഗ്യം വീണ്ടെടുത്ത് ശക്തനായി തിരികെവരുമെന്ന് പഴയ മുത്തശ്ശിക്കഥകൾ നിങ്ങളോട് പറഞ്ഞിരിക്കും. എന്നാൽ സത്യമതല്ല കേട്ടോ! കീരികൾ സ്വന്തം ബുദ്ധികൊണ്ടും തന്ത്രപരമമായ അഭ്യാസങ്ങൾ കൊണ്ടുമാണ് പാമ്പിനെ വധിക്കുന്നത്.

എന്തായാലും ആശ്വാസത്തോടെ നമ്മുടെ റിക്കി ടിക്കി തിരിച്ചുനടക്കുമ്പോൾ അതാ ടെഡി നടന്നുവരുന്നു. അവൻ മുഖം ടെഡിയുടെ കാലിലുരച്ചു സ്നേഹം പ്രകടിപ്പിച്ചു.

**റിക്കിക്ക് നന്നായി ദേഷ്യം വന്നു. കണ്ണുകൾ ചുവന്നു. അവൻ പിൻകാലിലുയർന്നു നിന്നു. എന്നാൽ തന്ത്രത്തിൽ രണ്ടു പാമ്പുകളും പതുക്കെ അവിടെനിന്ന് രക്ഷപ്പെട്ടുകളഞ്ഞു. അവർ രണ്ടുപേരുണ്ടായിരുന്നതിനാൽ അവരെ പിന്തുടരുന്നത് ബുദ്ധിയല്ലെന്ന് റിക്കിക്ക് തോന്നി.**

അന്നേരം തൊട്ടരികിൽ നിന്ന് ഒരു ശബ്ദം കേട്ടു. കരേറ്റ് എന്ന നീളം കുറഞ്ഞ പാമ്പായിരുന്നു അത്. നീളം കുറവാണെങ്കിലും അവന് മൂർഖനോളം തന്നെ വിഷമുണ്ട്.

റിക്കി ചാടി അവനരികിലെത്തി. കരേറ്റിനെ ഒന്നു വലംവെച്ചു. അവന്റെ കണ്ണും മനസ്സും ജാഗ്രത്തായി. പെട്ടെന്ന് കരേറ്റിനെ അവൻ കടിച്ചു കുടഞ്ഞു കളച്ചു.

ഇതിനിടെ ടെഡി ഉച്ചത്തിൽ വിളിച്ച് വീട്ടുകാരുടെ ശ്രദ്ധ അങ്ങോട്ടു തിരിച്ചിരുന്നു. അമ്മ പേടിച്ചു വിറച്ചുപോയി. അച്ഛൻ ഒരു വടിയുമായി ഇറങ്ങി വരുമ്പോഴേക്കും കരേറ്റ് അവിടെ നിന്ന് രക്ഷപ്പെട്ടു പാഞ്ഞുകഴിഞ്ഞു. എന്നാൽ റിക്കി പിൻതുടർന്ന് അവനെ കടിച്ചു. പിന്നീട് ടെഡിയുടെ അച്ഛൻ വടികൊണ്ട് അടിക്കുമ്പോഴേക്കും കരേറ്റ് ചത്തുപോയിരുന്നു.

ടെഡിയെ രക്ഷിച്ചതിന്റെ സന്തോഷത്തിൽ അവന്റെയമ്മ റിക്കിയെ കെട്ടിപ്പിടിച്ചു. അതിനിടയിലും അവൻ രക്ഷപ്പെട്ടുപോയ നാഗിനെക്കുറിച്ചാണോർത്തത്.

അന്ന് രാത്രി ടെഡി അവനെ കെട്ടിപ്പിടിച്ചുറങ്ങി. എന്നാൽ റിക്കിക്ക് അങ്ങനെ ഉറങ്ങാനാവുമായിരുന്നില്ല.

ടെഡി ഉറങ്ങിയയുടനെ റിക്കി ടിക്കി എഴുന്നേറ്റ് തോട്ടത്തിലേക്കു പോയി. അവിടെ ചുറ്റിയടിക്കുന്നതിനിടയിൽ അവൻ ചുചുന്ദ്രയെന്ന എലിയെ കണ്ടു. അവൻ അതിനു നേരേ കുതിച്ചു.

"ഞാനൊരു പാവം എലിയാണ്. എന്നെ കൊല്ലരുത്." ചുചുന്ദ്ര കരഞ്ഞു.

"എനിക്ക് എലിയെ വേണ്ട. പാമ്പുകളെ തിന്നാനാണിഷ്ടം."

"പാമ്പുകളെ കൊല്ലാനിറങ്ങുന്നവർ പാമ്പ് കടിച്ചു മരിക്കാനും സാദ്ധ്യതയുണ്ട്." എലി സങ്കടത്തോടെ പറഞ്ഞു.

"നാഗ് എല്ലായിടത്തുമുണ്ടെന്നാണ് എന്റെ കസിൻ ചുവ പറഞ്ഞത്." ചുചുന്ദ്ര അവനെ അറിയിച്ചു.

രാത്രിയുടെ നിശ്ശബ്ദതയിൽ ചുവരിൽ എന്തോ ഉരയുന്ന പോലൊരു ശബ്ദം കേട്ടു. നാഗ് വീടിന്റെ കുളിമുറിയിലേക്കിറങ്ങുന്നതായിരുന്നു അത്.

റിക്കി ഒച്ചയുണ്ടാക്കാതെ കുളിമുറിയിലേക്കു നടന്നു. അപ്പോൾ നാഗിന ഭർത്താവിനോട് സ്വകാര്യമായി പറയുന്നതവൻ കേട്ടു,

"റിക്കിയെ പറഞ്ഞയക്കണം. എന്നാലേ സ്വസ്ഥമായി നമുക്കീ തോട്ടത്തിൽ കഴിയാനാവൂ.

ബംഗ്ലാവിലുള്ളവരും പോകണം. അപ്പോൾ പഴയ പോലെ നമുക്ക് തോട്ടത്തിലെ രാജാവും റാണിയുമാവാം. നമുക്ക് വീട്ടുകാരനെയും ഭാര്യയെയും പിന്നെ കുട്ടിയെയും കൊല്ലാം. പിന്നെ കീരിയൊക്കെ എന്ത്! അവനും പോകും. മുട്ട വിരിഞ്ഞ് നമ്മുടെ മക്കൾ വരുമ്പോഴേക്ക് എല്ലാം ശരിയാവണം. പിന്നെ അവർക്ക് സ്വസ്ഥമായി ജീവിക്കാം."

നാഗ് ആ കുളിത്തൊട്ടിയിലിറങ്ങി വെള്ളം കുടിച്ചു. റിക്കിടിക്കി ദേഷ്യംകൊണ്ടു വിറച്ചു. എങ്കിലും അവനാലോചിച്ചു, 'നാഗ് ഭയങ്കരനായ മൂർഖനാണെന്ന് മുമ്പേ കണ്ടതാണ്. ശ്രദ്ധിച്ചില്ലെങ്കിൽ പണികിട്ടും. ഇനി നാഗിനെ മാത്രം കൊന്നാലോ. നാഗിന വെറുതെയിരിക്കുമോ?'

നാഗ് കുളിമുറിയിൽ ഒളിച്ചിരിക്കുകയാണ്. വീട്ടുകാരൻ വരുമ്പോൾ കടിച്ചു കൊല്ലാനാണ് പരിപാടിയെന്ന് ഭാര്യയോട് പറയുന്നതു കേട്ടു. പക്ഷേ മറുപടി വരാത്തതുകാരണം നാഗിന പുറത്തുപോയെന്ന് റിക്കി ഊഹിച്ചു.

അവൻ കാത്തിരുന്നു. നാഗ് ഉറങ്ങിയെന്ന് മനസ്സിലായപ്പോൾ അവന്റെ ഒത്ത മദ്ധ്യഭാഗം നോക്കി ഒരു കടി. പിന്നെ ഉയർത്തി രണ്ടു കുടയൽ. പിന്നെ നിലത്തോടു ചേർത്ത് രണ്ടടി. കുളിക്കാനുള്ള മഗ്ഗും സോപ്പുപെട്ടിയും തെറിച്ചുവീണു. രണ്ടുപേരും കുളിത്തൊട്ടിയിലിടിച്ചു. ഇടയ്ക്കിടെ നാഗ് പിടഞ്ഞെണീക്കാൻ ശ്രമിച്ചു.

പെട്ടെന്ന് തന്റെ മുതുകിലൊരു ചൂട് പരക്കുന്നത് റിക്കിയറിഞ്ഞു. വിഷക്കാറ്റിന്റെ ഉച്ഛ്വാസം. അവൻ നാഗിനെ എറിയാൻ തുടങ്ങുമ്പോഴേക്കും കുളിമുറിയിലെ ബഹളം കേട്ട് ടെഡിയുടെ അച്ഛൻ അവിടെയെത്തി. അദ്ദേഹം ഒരു ബാരലെടുത്ത് നാഗിനെ എറിഞ്ഞു. എന്നാൽ അതിന് മുമ്പേ നാഗിന്റെ കണ്ണ് എന്നെന്നേക്കുമായി അടയുന്നത് റിക്കി കണ്ടിരുന്നു.

ടെഡിയുടെ അച്ഛൻ ഉറക്കെ വീട്ടിനകത്തേക്ക് വിളിച്ചു പറഞ്ഞു:

"നമ്മുടെ കീരിക്കുട്ടൻ ആളൊരു ധീരനാണ് കേട്ടോ. ദാ ഒരിക്കൽക്കൂടി അവൻ നമ്മളെ രക്ഷിച്ചിരിക്കുന്നു."

ശരീരം മുഴുവൻ നുറുങ്ങുന്ന വേദനയോടെയാണ് റിക്കിടിക്കി മുറിയിലേക്കു പോയത്. നാഗിനെ നേരിട്ടതിന്റെ ക്ഷീണവുമുണ്ട്.





എങ്കിലും അവന് അതിരാവിലെ ഉണരേണ്ടതുണ്ട്. ജാഗ്രതയോടെയിരിക്കേണ്ടതുണ്ട്. നാഗ് മാത്രമേ മരിച്ചിട്ടുള്ളൂ. കൂടുതൽ ശക്തയായ നാഗിന ജീവിച്ചിരിപ്പുണ്ട്, പിന്നെ പിറക്കാനിരിക്കുന്ന കുഞ്ഞുങ്ങളും.

തൂപ്പുകാരൻ വീടിനടുത്തുള്ള മാലിന്യക്കൂമ്പാരത്തിലേക്ക് വലിച്ചെറിഞ്ഞ നാഗിന്റെ ശവം രണ്ടു കഷണങ്ങളായി മുറിഞ്ഞിരുന്നു. അത് നോക്കി ടാർസി ആഹ്ലാദത്തോടെ പാടി,

"നാഗ് ചത്തേ.
ദുഷ്ടനായ നാഗ് ചത്തേ...
വീരനായ റിക്കിടിക്കി
നാഗിനെ അടിച്ചു കൊന്നേ."

എന്നായിരുന്നു പാട്ട്. എന്നാൽ റിക്കിക്ക് അതിൽ അഹങ്കാരമൊന്നും തോന്നിയില്ല.

"പാട്ടൊക്കെ അവിടെ നിൽക്കട്ടെ. നാഗിനയെവിടെ?" റിക്കി ചോദിച്ചു.

"തൊഴുത്തിനടുത്തുള്ള മാലിന്യക്കൂമ്പാരത്തിലിരുന്ന് നാഗിനെ നോക്കി കരയുന്നു അവൾ." ഡാർസി അറിയിച്ചു.

"അവളുടെ മുട്ടകളോ?"

"തണ്ണിമത്തൻ ഇലകൾ മെത്തയാക്കിയല്ലേ അവൾ മുട്ടയിട്ടത്. ദാ ആ മതിലിനടുത്ത് നോക്കിയാൽ കാണാം. അല്ല റിക്കീ, നിങ്ങളത് തിന്നുമോ?"

"അതവിടെ നിൽക്കട്ടെ ഡാർസീ, എനിക്കിപ്പോൾ നിന്റെയൊരു സഹായം വേണം. ചിറകൊടിഞ്ഞപോലെ നടിച്ച് നീ നാഗിനയുടെ മുമ്പിലൂടെ നടക്കണം. അവളെ ദൂരേക്ക് കൊണ്ടുപോകണം. അപ്പോൾ ഞാൻ ആ മുട്ടയെടുക്കും."

ഡാർസി ഒരു നിഷ്കളങ്കനായ കുരുവിയായിരുന്നു ഒട്ടും ദീർഘവീക്ഷണമില്ലാത്തവനും. ചില കാര്യങ്ങൾ അത്രയെളുപ്പത്തിൽ അവന്റെ തലയിൽ കയറില്ല. നാഗിനയുടെ മുട്ടകളിൽ അവൻ സ്വന്തം കുഞ്ഞുങ്ങളെ കണ്ടു. അത് പൊട്ടിച്ചുകളയാൻ അവന് ഒട്ടും മനസ്സ് വന്നില്ല.

എന്നാൽ ഡാർസിയുടെ ഭാര്യ കർശനമായി പറഞ്ഞു:

"ആ മുട്ടകൾ വിരിഞ്ഞാൽ പുറത്തുവരിക മൂർഖൻ പാമ്പുകളാണ്. അവ പിന്നീട് വലുതാകും. അവയ്ക്ക് വിഷമുണ്ടാകും. നമുക്കും കുഞ്ഞുങ്ങൾക്കും ഇവിടെത്തന്നെ ജീവിക്കണ്ടേ?"

അതും പറഞ്ഞ് ഭർത്താവിന്റെ മറുപടിക്ക് കാത്തുനിൽക്കാതെ ആ പെൺകുരുവി ചിറകുകൾ ഒടിഞ്ഞപോലെ നാഗിനയുടെ മുമ്പിലൂടെ പറന്നു.

നാഗിന അവളെ പിടിക്കാൻ പോയ തക്കത്തിന് റിക്കി ടിക്കി നാഗിനയുടെ മുട്ടകളിലൊന്നെടുത്ത് വീട്ടുവരാന്തയിലൊരു മൂലയിൽ വെച്ചു. ഒപ്പം മറ്റുള്ള മുട്ടകൾ പൊട്ടിച്ചുകളഞ്ഞു. പിന്നീട് നാഗിനയുടെ ശ്രദ്ധ തന്നിലേക്കു തിരിച്ചുകൊണ്ട് റിക്കി വിളിച്ചുചോദിച്ചു,

"പാമ്പിൻമുട്ട വേണോ പാമ്പിൻമുട്ട?"

നാഗിന മുട്ടയെടുക്കാനായി പത്തിയുയർത്തി ഒന്നുവട്ടം കറങ്ങി. നാഗിന അടുത്തുവരുമ്പോൾ റിക്കി തന്ത്രപൂർവം മാറിക്കളഞ്ഞു.

"പറ്റിച്ചേ, പറ്റിച്ചേ..." അവൻ പരിഹസിച്ചു.

"ഒരു കാര്യമറിയാമോ, നിന്റെ നാഗിനെ കൊന്നത് ഞാനാണ്. ഈ വീട്ടിലെ അച്ഛനെ രക്ഷിക്കാൻ."

നാഗിന ഒന്നു നടുങ്ങി. തങ്ങളുടെ ഗൂഢാലോചന പുറത്തായതിനാൽ ഇനി ടെഡിയെ കൊല്ലുന്നതും പ്രയാസമാണെന്ന് നാഗിന മനസ്സിലാക്കി.

അവൾ വീറോടെ റിക്കിയെ ആക്രമിക്കാൻ വന്നു. മുട്ടയുപേക്ഷിച്ച് അവനവളെ ശക്തമായി അടിച്ചു. കടിച്ചുയർത്തി കുടഞ്ഞു നിലത്തടിച്ചു. എന്നിട്ട് മാറിനിന്ന് ശ്വാസമെടുത്തു.

അത്രയും മതിയായിരുന്നു. നാഗിന മുട്ട കരസ്ഥമാക്കി കുതിച്ചുപാഞ്ഞു. റിക്കിയും അവളെ പിന്തുടർന്നു. പുളയുന്നൊരു ചാട്ടവാർപോലെയായിരുന്നു അവളുടെ ഓട്ടം!

അപ്പോഴും ഡാർസി 'നാഗ് ചത്തേ...' എന്ന പാട്ടും പാടിയിരിക്കയായിരുന്നു. എന്നാൽ ബുദ്ധിമതിയായ അവന്റെ ഇണക്കിളി താഴ്ന്നുപറന്ന് നാഗിനയുടെ തലയിൽ കൊത്തി. ഇത്തവണ നാഗിന തലതാഴ്ത്തി ഇഴഞ്ഞുപോയതേയുള്ളൂ. മുട്ടയുമായി സ്വന്തം മാളത്തിലേക്ക് പിൻവലിയുക മാത്രമായിരുന്നു അവളുടെ ലക്ഷ്യം!

അവൾ ആ എലിമാളത്തിലേക്ക് പാഞ്ഞുകയറി. കൂടുതൽ ആലോചിക്കാതെ റിക്കിയും അവളെ പിന്തുടർന്ന് ആ മാളത്തിലേക്കു കയറി.

അതൊരു അബദ്ധമായില്ലേയെന്ന് ഡാർസിയെപ്പോലെ നമുക്കും തോന്നാം, ചിന്താശേഷിയില്ലാത്ത ചില കീരികൾക്ക് സംഭവിക്കുന്നതുപോലെ. പോരാട്ടം മുറുകുമ്പോൾ സ്വയം മറന്നുവോ നമ്മുടെ റിക്കിയും?

മാളത്തിൽ വലിയ സംഘട്ടനം നടക്കുന്നത് പുല്ലുകൾ നോക്കിയാൽ അറിയാം. അവ നിരന്തരം വിറച്ചുകൊണ്ടിരുന്നു.

**ആ മുട്ടകൾ വിരിഞ്ഞാൽ പുറത്തുവരിക മൂർഖൻ പാമ്പുകളാണ്. അവ പിന്നീട് വലുതാകും. അവയ്ക്ക് വിഷമുണ്ടാകും. നമുക്കും കുഞ്ഞുങ്ങൾക്കും ഇവിടെത്തന്നെ ജീവിക്കണ്ടേ?" അതും പറഞ്ഞ് ഭർത്താവിന്റെ മറുപടിക്ക് കാത്തുനിൽക്കാതെ ആ പെൺകുരുവി ചിറകുകൾ ഒടിഞ്ഞപോലെ നാഗിനയുടെ മുമ്പിലൂടെ പറന്നു.**

എന്നാൽ കുറച്ചുനേരം കഴിഞ്ഞ് എല്ലാം നിശ്ചലമായി.

“അവൻ മരിച്ചു കാണും. നല്ലവനായ റിക്കി ടിക്കി മരിച്ചു. അവനെ നാഗിന കൊന്നു.” ഡാർസി ദുഃഖത്തോടെ കരഞ്ഞു. അതൊരു ചരമഗീതംപോലെയായിരുന്നു.

എന്നാൽ പാട്ട് പകുതി കഴിയുമ്പോഴേക്ക് മാളത്തിൽനിന്ന് റിക്കി പുറത്തേക്കു തെറിച്ചു. അവനാകെ പരവശനായിരുന്നു. പൊടിമണ്ണ് മേലാകെ മൂടിയിരുന്നു. വലിയ ശബ്ദത്തിലവൻ തുമ്മി. എണീറ്റ് കിതപ്പടക്കിക്കൊണ്ട് റിക്കി ടിക്കി പറഞ്ഞു:

“കഴിഞ്ഞു. എല്ലാം കഴിഞ്ഞു. നാഗിന്റെ വിധവ ഇനിയില്ല.”

മരണത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ അറിയാനായി മാളത്തിനു പുറത്തെ ചുവന്ന ഉറുമ്പുകൾ കൂട്ടമായി അകത്തേക്കു കയറി.

ദിവസം മുഴുവൻ കഠിനമായ് ജോലിചെയ്തു തളർന്നതിനാലാവണം നമ്മുടെ റിക്കി ഉച്ചയാകുന്നതുവരെ പുല്ലിൽ ചുരുണ്ടു കൂടി ഉറങ്ങി.

റിക്കി പറഞ്ഞതനുസരിച്ച് ചെമ്പോട്ടിക്കിളി നാഗിനയുടെ മരണവിവരം എല്ലാവരെയും അറിയിച്ചു, ചെമ്പിൽ അടിക്കുമ്പോലെയുള്ള അവളുടെ ശബ്ദം പൂന്തോട്ടമാകെ മുഴങ്ങി.

“നാഗിന ചത്തേ.
നാഗിന ചത്തേ.
ധീരൻ റിക്കി കൊന്നേ.”

വീട്ടിൽ തിരിച്ചെത്തിയപ്പോൾ എല്ലാവരും അദ്ഭുതത്തോടെ അവനെ നോക്കി. അമ്മ മാത്രം ഭയത്താൽ വിളറി വെളുത്തിരുന്നു. കുറച്ചുമുമ്പ് അവർ ബോധം കെട്ടു വീണുപോയിരുന്നത്രേ.

“ഞാനുള്ളപ്പോൾ എന്തിന് പേടിക്കണം അമ്മേ, പിന്നെ തോട്ടത്തിലെ പാമ്പുകളെല്ലാം ചത്തില്ലേ?” റിക്കി ചോദിച്ചു.

“നീയാണ് ഞങ്ങളുടെ ജീവൻ കാത്തത്. ഞങ്ങടെ ഓമനയായ ടെഡിയുടേയും.” അവരവനെ തലോടി. ഇപ്പോൾ അമ്മയ്ക്ക് കീരികളെ ഒട്ടും ഭയമില്ല. പണ്ടായിരുന്നെങ്കിൽ അവർക്ക് വന്യജീവികളെ ഇഷ്ടമേയല്ലായിരുന്നു.

റിക്കിക്ക് അഭിമാനിക്കാൻ ധാരാളമുണ്ടായിരുന്നു. എന്നാൽ അവൻ ഒരിക്കലും അഹങ്കരിച്ചില്ല. അവന്റെ ജീവിതകാലം മുഴുവൻ ആ പൂന്തോട്ടത്തിലേക്ക് എത്തിനോക്കാൻ ഒരു പാമ്പിനുപോലും ധൈര്യമുണ്ടായതുമില്ല.

പൂന്തോട്ടത്തിലെന്നും റിക്കി ടിക്കി ടാവിയെക്കുറിച്ചുള്ള സ്തുതിഗീതങ്ങൾ ഉയരുമായിരുന്നു.

“ധീരനായ റിക്കി.
ദയാലുവായ റിക്കി
നാഗനെ കൊന്ന റിക്കി
നാഗിനയെ തകർത്ത റിക്കി.”

ഇങ്ങനെ പോകുന്നു ആ പാട്ടുകൾ.

അത് മറ്റാരുമായിരുന്നില്ല. നമ്മുടെ ഡാർസിയെന്ന തുന്നൽക്കാരൻ കുരുവി തന്നെ.

---

കവിത

# ഓണനിലാവ്

ജാസ്മിൻ കാക്കനാട്ട്

ആവണിപ്പൂക്കൾ വിരിഞ്ഞുവല്ലോ
ആമോദമെങ്ങും നിറഞ്ഞുവല്ലോ
ഓണക്കിനാക്കൾ ഉണർന്നുവല്ലോ
പുതുചിങ്ങപ്പുലരികൾ പുഞ്ചിരിപ്പൂ

ഓണപ്പുടവ ഉടുത്തൊരുങ്ങി
മലനാടാകെ പൂമണം പെയ്തിറങ്ങി
തുമ്പകൾ വെൺപട്ടുടുത്തു നിൽപ്പൂ
നെയ്യാമ്പൽ താലങ്ങളേന്തുകയായ്.

ഊഞ്ഞാലിലാടിത്തിമിർത്തിടേണം
പുത്തൻ പുടവയണിഞ്ഞിടേണം
പൂപ്പൊലിപ്പാട്ടുകൾ പാടിടേണം
നല്ല പൂക്കളമൊക്കെയൊരുക്കിടേണം.
പാലട പപ്പടം, മധുരക്കറി
രസമൊക്കെയും കൂട്ടിയ സദ്യ വേണം
ഓണക്കളികൾ രസിച്ചു കളിക്കണം
മാലോകരൊന്നെന്നു ചൊല്ല വേണം

ഓലക്കുട ചൂടി ആഗതനാകുന്ന
മാബലിമന്നനെ ഓർത്തിടേണം.
കള്ളങ്ങൾ തെല്ലുമില്ലാത്തൊരു
സുന്ദരഗേഹം പണിയുന്നോരാകവേണം



വര: സചീന്ദ്രൻ കാറഡ്ക്ക

# ഹസെ ഹിമെ രാജകുമാരിയുടെ കഥ

## (ഒരു ജാപ്പനീസ് നാടോടിക്കഥ)

പുനരാഖ്യാനം: ഇ പി പവിത്രൻ

കാലമേറെ മുമ്പ് ജപ്പാന്റെ തലസ്ഥാനവും രാജനഗരിയുമായിരുന്ന 'നാര'യിലെ ബുദ്ധിമാനും പ്രഗൽഭനുമായ മന്ത്രിയായിരുന്നു ടോയോനാരി ഫുജിവാര രാജകുമാരൻ. സുന്ദരിയും സൽഗുണസമ്പന്നയുമായിരുന്നു അദ്ദേഹത്തിന്റെ പത്നിയായ മുറസാക്കി രാജകുമാരി. അവരുടെ വിവാഹം ചെറുപ്പത്തിലേ കഴിഞ്ഞു. പക്ഷേ കൊല്ലങ്ങളേറെയായിട്ടും കുഞ്ഞുങ്ങളുണ്ടായില്ല. പ്രായമാകുമ്പോൾ താങ്ങാകുവാനും കുടുംബമഹിമ നിലനിർത്തുവാനും ഒരു സന്തതിയില്ലെന്ന സത്യം അവരെ വല്ലാതെ ദുഃഖത്തിലാഴ്ത്തി.

ഒരുപാടാലോചനകൾക്കും പലരുമായുള്ള കൂടിയാലോചനകൾക്കും ശേഷം അവർ തീരുമാനിച്ചു, ഹസെ നോ ക്വാനൻ (ഹസെയിലെ കാരുണ്യദേവത) ക്ഷേത്രത്തിലേക്ക് ഒരു തീർത്ഥാടനത്തിനിറങ്ങാം. ഉള്ളുരുകി പ്രാർത്ഥിച്ചാൽ ഏതഭിലാഷവും സാധിച്ചുതരുന്ന ദേവിയാണ് ഹസെയിലെ കാരുണ്യദേവത.

അങ്ങനെ ടോയോനാരി ഫുജിവാര രാജകുമാരനും മുറസാക്കി രാജകുമാരിയും ഹസെയിലെ ക്വാനൻ ദേവിയുടെ ക്ഷേത്രത്തിലെത്തി. പൂജകളും പ്രാർത്ഥനകളുമായി അവിടെ ഏറെനാൾ കഴിഞ്ഞുകൂടിയതിനൊടുവിൽ അവരുടെ ആഗ്രഹം സഫലമായി. മുറസാക്കി രാജകുമാരിക്ക് ഒരു പെൺകുഞ്ഞ് പിറന്നു. ഹസെ ഹിമെ (ഹസെ രാജകുമാരി) എന്നവൾക്ക് പേരുമിട്ടു. ആറ്റുനോറ്റുണ്ടായ കുഞ്ഞിനെ അവർ പൊന്നുപോലെ വളർത്തി. അവളുടെ ബുദ്ധിശക്തിയും സൗന്ദര്യവും നാൾക്കുനാൾ വർദ്ധിച്ചുവന്നു.



വര: ടി ആർ രാജേഷ്

ഹസെ ഹിമെയ്ക്ക് അഞ്ചു വയസ്സായപ്പോൾ അമ്മ മുറസാക്കി ഗുരുതരമായ രോഗം ബാധിച്ച് കിടപ്പിലായി. പ്രഗത്ഭരായ വൈദ്യരുടെ ചികിത്സയോ അവരുടെ വിശേഷപ്പെട്ട മരുന്നുകളോ ഒന്നും ഫലിച്ചില്ല. മരണമെടുത്തെത്തിയെന്ന് തിരിച്ചറിഞ്ഞ വേളയിൽ മുറസാക്കി മകളെ അരികിൽ വിളിച്ച്

മുടിയിൽ തലോടി ഇങ്ങനെ പറഞ്ഞു.

"മോളേ, ഹസെ ഹിമേ, അമ്മയ്ക്കിനി അധികകാലമില്ല. എപ്പോഴും നല്ല കുട്ടിയായിരിക്കണം. ആർക്കും ഒരു ബുദ്ധിമുട്ടുമുണ്ടാക്കരുത്. എനിക്കുശേഷം അച്ഛൻ മറ്റൊരാളെ വിവാഹം ചെയ്തേക്കാം. അവരെയും മോൾ അമ്മയായിത്തന്നെ കാണണം. എല്ലാവരും ഇഷ്ടപ്പെടുന്നവളായി നീ വളർന്നുവരുമെന്ന പ്രതീക്ഷയോടെയാണ് അമ്മ കണ്ണടയ്ക്കുന്നത്."

കൊച്ചുകുഞ്ഞാണെങ്കിലും അതൊക്കെ ജീവിതത്തിൽ പാലിച്ചുകൊള്ളാമെന്നവൾ വാക്കുകൊടുത്തു. ഏറെ നാൾ കഴിഞ്ഞില്ല, മുറസാക്കി മരിച്ചു.

എല്ലാവരും ഇഷ്ടപ്പെടുന്ന നല്ല കുട്ടിയായി ഹസെ ഹിമെ വളർന്നുവന്നു. അമ്മയുടെ വേർപാടിന്റെ നഷ്ടം അവളെ അറിയിക്കാതിരിക്കാൻ വീട്ടിലെല്ലാവരും ശ്രദ്ധിച്ചു.

ഭാര്യ മരിച്ച് അധികകാലം കഴിയുംമുമ്പേ ടോയോനാരി രാജകുമാരൻ ഒരു പ്രഭു കുടുംബത്തിൽനിന്നുള്ള തെരൂത്തെ രാജകുമാരിയെ വിവാഹം കഴിച്ചു.

പക്ഷേ മുറസാക്കിയുടെ നേരെ വിപരീത സ്വഭാവക്കാരിയായിരുന്നു തെരൂത്തെ. വാക്കുകളിലും പ്രവർത്തികളിലും ദുഷ്ടത നിറഞ്ഞതായിരുന്നു അവരുടെ രീതികൾ. ഹസെ ഹിമെയോട് അവർക്ക് തീരെ ഇഷ്ടമുണ്ടായിരുന്നില്ല. മാത്രമല്ല അവളോട് പലപ്പോഴും വളരെ മോശമായാണ് പെരുമാറിയത്.

'ഇതെന്റെ കുട്ടിയല്ല, ഇതെന്റെ കുട്ടിയല്ല...' എന്നവർ സദാ പിറുപിറുത്തുകൊണ്ടിരുന്നു.

രണ്ടാനമ്മയുടെ ദുഷ്ടത നിറഞ്ഞ പെരുമാറ്റരീതികളൊക്കെ ഹസെ ഹിമെ ക്ഷമയോടെ സഹിച്ചു. തന്റെ ഭാഗത്തുനിന്ന് പ്രശ്നങ്ങളൊന്നും ഉണ്ടാകാതിരിക്കാൻ അവൾ ശ്രദ്ധിച്ചു. മരിച്ചുപോയ അമ്മ അവളെ അങ്ങനെയാണ് പരിശീലിപ്പിച്ചിരുന്നത്. അതിനാൽ തെരൂത്തെ രാജകുമാരിക്ക് അവളെപ്പറ്റി പരാതി പറയാൻ കാരണങ്ങളൊന്നുമുണ്ടായിരുന്നില്ല.

മിടുമിടുക്കിയായിരുന്നു കൊച്ചുരാജകുമാരി. സംഗീതവും കവിതയുമായിരുന്നു അവൾക്കേറ്റവുമിഷ്ടം. ദിവസവും മണിക്കൂറുകൾ അവൾ പരിശീലനം തുടർന്നു. കോട്ടോ (ജാപ്പനീസ് തന്ത്രിവാദ്യം) വാദനത്തിലും ജാപ്പനീസ് കലിഗ്രഫിയിലും കവിതരചനയിലും ആലാപനത്തിലുമൊക്കെ അവളെ പരിശീലിപ്പിക്കാൻ ഏറ്റവും മികച്ച കലാകാരരെയാണ് ടോയോനാരി ഏർപ്പാടു ചെയ്തിരുന്നത്. എല്ലാവരെയും അതിശയിപ്പിക്കുന്ന തരത്തിലായിരുന്നു ആ വിഷയങ്ങളിലൊക്കെ അവളുടെ വളർച്ച.

ഹസെ ഹിമെയെപ്പറ്റിയുള്ള വിവരങ്ങൾ ചക്രവർത്തിയുടെ കാതിലുമെത്തി.

പന്ത്രണ്ട് വയസ്സ് തികഞ്ഞ ദിവസം, കൊട്ടാരത്തിൽ ചക്രവർത്തിയ്ക്കു മുമ്പിൽ പരിപാടി അവതരിപ്പിക്കാൻ ഹസെ ഹിമെയ്ക്ക് ക്ഷണം കിട്ടി. ഓടക്കുഴലുമായി തെരൂത്തെയും ഒപ്പമുണ്ടാവണമെന്നും നിർദേശമുണ്ടായിരുന്നു.

ജപ്പാനിലപ്പോൾ ചെറിപുഷ്പോത്സവത്തിന്റെ നാളുകളായിരുന്നു. 'സാക്കുറ' എന്നാണ് ഉത്സവത്തിന്റെ പേര്. അത് വസന്തകാലത്തിന്റെ ആഗമനം കൂടിയാണ്. നാടൊട്ടുക്കും ചെറി മരങ്ങൾ പൂത്തുലഞ്ഞു നിൽക്കുന്ന കാലം. ഉള്ളവരും ഇല്ലാത്തവരുമെന്നോ ശക്തരും ദുർബലരുമെന്നോ വ്യത്യാസമില്ലാതെ ആളുകൾ പുത്തനുടുപ്പുകളണിഞ്ഞ് ക്ഷേത്രങ്ങളിലേക്കും ബന്ധുഗൃഹങ്ങളിലേക്കും നഗരക്കാഴ്ചകളിലേക്കുമൊക്കെ എത്തിച്ചേരും.

സാക്കുറ ഉത്സവത്തിന്റെ അലയൊലികൾ കൊട്ടാരത്തിലുമുണ്ടായിരുന്നു.

സദസ്സിനു മുമ്പിൽ ഉയർന്ന മണ്ഡപത്തിൽ ചക്രവർത്തി ഇരുന്നു. മണ്ഡപത്തിനു ചുറ്റും നേർത്ത മുളച്ചീന്തുകളിൽ പട്ടിന്റെയും കസവിന്റെയും അലുക്കുകൾ കൊണ്ട് കമനീയമാക്കിയ മറ തൂക്കിയിട്ടിരുന്നു.

**സദസ്സിനു മുമ്പിൽ ഉയർന്ന മണ്ഡപത്തിൽ ചക്രവർത്തി ഇരുന്നു. മണ്ഡപത്തിനു ചുറ്റും നേർത്ത മുളച്ചീന്തുകളിൽ പട്ടിന്റെയും കസവിന്റെയും അലുക്കുകൾ കൊണ്ട് കമനീയമാക്കിയ മറ തൂക്കിയിട്ടിരുന്നു. അതിലൂടെ ചക്രവർത്തിക്ക് എല്ലാം വ്യക്തമായി കാണാം. പക്ഷേ അദ്ദേഹത്തെ ആർക്കും കാണാനാവില്ല. സാധാരണ പ്രജകൾക്ക് ചക്രവർത്തിയുടെ മുഖം കാണാൻ അനുവാദമില്ല.**

അതിലൂടെ ചക്രവർത്തിക്ക് എല്ലാം വ്യക്തമായി കാണാം. പക്ഷേ അദ്ദേഹത്തെ ആർക്കും കാണാനാവില്ല. സാധാരണ പ്രജകൾക്ക് ചക്രവർത്തിയുടെ മുഖം കാണാൻ അനുവാദമില്ല.

ആ ദിവസം രാജസദസ്സിനു മുമ്പിൽ എല്ലാവരെയും അതിശയിപ്പിക്കുമാറ് ഹസെ ഹിമെ കോട്ടോയിൽ സംഗീതമഴ പെയ്യിച്ചു. പക്ഷേ തെരൂത്തെ രാജകുമാരിക്ക് ഓടക്കുഴൽ വായനയിൽ ഇടയ്ക്കിടെ പിഴവുകൾ പറ്റി. അതിലൊരദ്ഭുതവുമില്ല. ഓടക്കുഴലിൽ കൃത്യമായി പരിശീലനം നേടുന്ന രീതി അവർക്കില്ല. പലപ്പോഴും അപസ്വരങ്ങൾ വീണപ്പോൾ ഓടക്കുഴൽ വായിക്കാൻ തെരൂത്തെയ്ക്കു

പകരം മറ്റൊരാളെ വെക്കാൻ ചക്രവർത്തി നിർദ്ദേശിച്ചു. അതിൽപ്പരം അപമാനം വേറെ എന്തുണ്ട് ?

വിലപിടിപ്പുള്ള നിരവധി സമ്മാനങ്ങളാണ് ചക്രവർത്തി ഹസെ ഹിമെയ്ക്ക് കൊടുത്തുവിട്ടത്.

സ്വന്തം മകളായി കരുതേണ്ട ഹസെ ഹിമെയോട് കടുത്ത അസൂയ തെരൂത്തെയുടെ മനസ്സിൽ മുളച്ചുപൊന്തി. അസൂയ ക്രമേണ വെറുപ്പിലേക്ക് നീങ്ങി. അതിന് കാരണവുമുണ്ടായി. തെരൂത്തെയ്ക്ക് ഒരാൺകുഞ്ഞു പിറന്നു. ടോയോനാരി കുടുംബത്തിലാകെ ആ വാർത്ത സന്തോഷം പടർത്തി. തനിക്കൊരനുജൻ പിറന്നതിൽ അതിരറ്റ ആഹ്ലാദത്തിലായിരുന്നു ഹസെ ഹിമെ. പക്ഷേ തെരൂത്തെ ചിന്തിച്ചത് മറിച്ചാണ്.

'ഇതെന്റെ സ്വന്തം വയറ്റിൽ പിറന്ന മകൻ. ഹസെ ഹിമെ ഇല്ലായിരുന്നെങ്കിൽ അച്ഛന്റെ എല്ലാ സ്നേഹവും ഇവനു കിട്ടുമായിരുന്നു.'

കടുത്ത അസൂയയും വെറുപ്പും പെരുകി ഹസെ ഹിമെ രാജകുമാരിയുടെ ജീവനെടുക്കണമെന്ന ദുഷ്ടചിന്തയിലേക്കാണ് ഒടുവിൽ അവരെത്തിച്ചേർന്നത്.

തെരൂത്തെ രഹസ്യമായി കുറച്ചു വിഷം സംഘടിപ്പിച്ചു, അത് മധുരമുള്ള വീഞ്ഞിൽ കലക്കി ഒരു കുപ്പിയിലാക്കി. അതുപോലെയുള്ള മറ്റൊരു കുപ്പിയിൽ നല്ല വീഞ്ഞുമൊഴിച്ചു.

അന്ന് 'കോദോമോ നൊഹി' (മെയ് 5, ജപ്പാനിൽ കുട്ടികൾക്കുള്ള ആഘോഷദിനം) ഉത്സവനാളായിരുന്നു. അനുജനോടൊപ്പം കളിക്കുകയായിരുന്നു ഹസെ ഹിമെ. പോരാളികളുടെയും ഗുസ്തിക്കാരുടെയും വീരനായകരുടെയുമൊക്കെ മരത്തിലും തുകലിലും തീർത്ത കുറെ പാവകൾ നിരത്തിവെച്ചിട്ടുണ്ട്. ഓരോന്നിനെക്കുറിച്ചുമുള്ള വീരസാഹസകഥകൾ അനുജന് വിവരിച്ചു കൊടുക്കുകയാണവൾ. ആ സമയത്ത് രണ്ട് കുപ്പികളിൽ വീഞ്ഞും കുറച്ച് കേക്ക് കഷണങ്ങളുമായി തെരൂത്തെ അവിടേക്ക് കടന്നുവന്നു.

"മക്കളേ, ഇന്ന് നിങ്ങളുടെ ഉത്സവദിവസമല്ലേ. അമ്മ നല്ല വീഞ്ഞും കേക്കുമൊക്കെ കൊണ്ടുവന്നിട്ടുണ്ട്." അവർ രണ്ട് കപ്പുകളിലേക്ക് വീഞ്ഞൊഴിച്ചു.

തെരുത്തേയുടെ ചതിപ്രയോഗത്തെക്കുറിച്ച് ഒന്നുമറിയാത്ത പാവം ഹസെ ഹിമെ അവൾക്ക് നീട്ടിയ കപ്പ് കൈയിൽ വാങ്ങുകയും മറ്റേതെടുത്ത് അനിയന് കൊടുക്കുകയും ചെയ്തു.

വിഷം കലർത്തിയ വീഞ്ഞുള്ള കുപ്പിയിൽ കൃത്യമായ അടയാളമിട്ടിരുന്നു തെരൂത്തെ. പക്ഷേ പരിഭ്രാന്തിയും നെഞ്ചിടിപ്പും തിരക്കുകൂട്ടലും കാരണം അവർക്ക് വലിയ പിഴവു പറ്റി. മകന്റെ കൈയിലെത്തിയത് വിഷവീഞ്ഞിന്റെ കപ്പായിപ്പോയി. അവരതറിഞ്ഞതേയില്ല.

വീഞ്ഞു കുടിച്ച് വിഷബാധയേറ്റ് ഹസെ ഹിമെ വീണു പിടഞ്ഞുമരിക്കുന്നത് കാണാൻ കണ്ണുംനട്ടിരുന്ന തെരൂത്തെ കണ്ടത് മറ്റൊരു കാഴ്ചയാണ്. തന്റെ മകനതാ അലറിക്കരയുന്നു. നിലത്തുവീണ് വേദനകൊണ്ട് വളഞ്ഞുപുളഞ്ഞ് പിടയുന്നു.

തെരൂത്തെ മകനെ വാരിയെടുത്തു. അതിനിടയിൽ വീഞ്ഞു കുപ്പികൾ തട്ടിമറിച്ചിടാൻ അവർ മറന്നില്ല. തെളിവ് നശിപ്പിക്കാനാണങ്ങനെ ചെയ്തത്.

കൊട്ടാരം വൈദ്യന്മാർ ആവുംവിധം ശ്രമിച്ചിട്ടും കുട്ടിയെ രക്ഷിക്കാനായില്ല. അവൻ അമ്മയുടെ കൈയിൽക്കിടന്നുതന്നെ മരിച്ചു.

ചില കുഞ്ഞുശരീരങ്ങൾക്ക് വീഞ്ഞ് അപകടകാരിയാകാമെന്ന് വൈദ്യന്മാർ വിധിയെഴുതി. അതിനു പിന്നിലെ ചതിപ്രയോഗങ്ങൾ ആരുമറിഞ്ഞില്ല.

താൻമൂലം മകൻ മരിച്ചുപോയതിലുള്ള കുറ്റബോധമോ പശ്ചാത്താപമോ തെരൂത്തെയുടെ മനസ്സിലുണ്ടായില്ല. അവർക്ക് ഹസെ ഹിമെയോടുള്ള പക നാൾക്കുനാൾ കൂടിവരികയാണ് ചെയ്തത്.

ഹസെ ഹിമെയ്ക്ക് പതിമൂന്നു വയസ്സ് തികഞ്ഞു. അതിനകം തന്നെ യുവകവി എന്ന നിലയിൽ അവൾ അറിയപ്പെട്ടു തുടങ്ങിയിരുന്നു. കവിതയെഴുതാനറിയുന്ന പെൺകുട്ടികൾക്ക് വലിയ ആദരവായിരുന്നു ജപ്പാനിൽ ലഭിച്ചിരുന്നത്.

മഴക്കാലം വന്നു. നാരാ നഗരത്തിൽ പലയിടത്തും വെള്ളപ്പൊക്കക്കെടുതികളുണ്ടായി. രാജകൊട്ടാരത്തിന്റെ അതിരുകളിൽനിന്നേറെ അകലെയല്ലാതൊഴുകുന്ന തത് സുതാ നദി കരകവിഞ്ഞു. കുത്തിയൊലിച്ചൊഴുകുന്ന മലവെള്ളപ്പാച്ചിലിന്റെ ചെകിടടപ്പിക്കുന്ന ശബ്ദം ചക്രവർത്തിക്ക് വലിയ അലോസരമുണ്ടാക്കി. രാത്രികളിൽ അദ്ദേഹത്തിനുറക്കമില്ലാതെയായി. ഉടനെ എല്ലാ ക്ഷേത്രങ്ങളിലേക്കും

**സദസ്സിനു മുമ്പിൽ ഉയർന്ന മണ്ഡപത്തിൽ ചക്രവർത്തി ഇരുന്നു. മണ്ഡപത്തിനു ചുറ്റും നേർത്ത മുളച്ചീന്തുകളിൽ പട്ടിന്റെയും കസവിന്റെയും അലുക്കുകൾ കൊണ്ട് കമനീയമാക്കിയ മറ തൂക്കിയിട്ടിരുന്നു. അതിലൂടെ ചക്രവർത്തിക്ക് എല്ലാം വ്യക്തമായി കാണാം. പക്ഷേ അദ്ദേഹത്തെ ആർക്കും കാണാനാവില്ല. സാധാരണ പ്രജകൾക്ക് ചക്രവർത്തിയുടെ മുഖം കാണാൻ അനുവാദമില്ല.**

ബുദ്ധസന്യാസിമാങ്ങളിലേക്കും രാജകൽപ്പനയെത്തി. മലവെള്ളപ്പാച്ചിലിന്റെ കർണ്ണകഠോര ശബ്ദകോലാഹലം നിലയ്ക്കുന്നതുവരെ പ്രാർത്ഥനകളുരുവിട്ടുകൊണ്ടേയിരിക്കുക. പക്ഷേ കലിതുള്ളിയ കാലവർഷം അതുകൊണ്ടൊന്നും നിശ്ശബ്ദമായില്ല.

അതിനിടെ കൊട്ടാരവൃത്തങ്ങളിൽനിന്ന് ചില അടക്കംപറച്ചിലുകളുത്ഭവിച്ചു. ചെവിയോടു ചെവി പകർന്ന് അതെങ്ങും പ്രചരിച്ചു. മന്ത്രി ടോയോനാരി രാജകുമാരന്റെ മകൾ ഹസെ രാജകുമാരി പ്രഗത്ഭയായ യുവ കവിയാണ്. വളരെക്കാലം മുമ്പ് ഒനാമോ കൊമാച്ചി എന്ന ഒരു യുവ കവി പ്രാർത്ഥനാഗാനമെഴുതി ദേവതമാർക്കു സമർപ്പിച്ചപ്പോൾ ഏറെക്കാലം വരണ്ടുണങ്ങിയ ഒരു പ്രദേശത്ത് മഴപെയ്ത കാര്യം ജീവചരിത്രമെഴുതിയവർ രേഖപ്പെടുത്തിയിട്ടുണ്ട്. അപ്രകാരം ഹസെ രാജകുമാരി ഒരു പ്രാർത്ഥനാഗീതമെഴുതി ഭക്തിപൂർവം ദേവതമാർക്ക് സമർപ്പിച്ചാൽ ഒരുപക്ഷേ തത് സുതാ നദിയിലെ ഘോര കോലാഹലങ്ങൾ നിലച്ച് ചക്രവർത്തിയുടെ മനസ്സ് ശാന്തമാവില്ലേ.

ഈ അടക്കംപറച്ചിലുകൾ രാജസദസ്സിൽ ചർച്ചയായപ്പോൾ അപ്രകാരം തന്നെയാവട്ടെ എന്ന് ചക്രവർത്തി കൽപ്പന പുറപ്പെടുവിച്ചു. ഉടനെത്തന്നെ വേണ്ട ഏർപ്പാടുകൾ ചെയ്യാൻ ടോയോനാരിക്ക് നിർദേശം കിട്ടി.

വിവരങ്ങളറിഞ്ഞ് ഹസെ രാജകുമാരിയുടെ മനസ്സിൽ അദ്ഭുതവും അതിലേറെ ഭയവും ജനിച്ചു. ക്ഷേത്രങ്ങളിലെയും സന്ന്യാസിമാങ്ങളിലെയും പ്രാർത്ഥനകളൊന്നും ഫലിക്കാത്തിടത്താണ് ആ ചുമതല തന്നെ ഏൽപ്പിച്ചിരിക്കുന്നത്. കവിതയെഴുതി പ്രകൃതിയെ ശാന്തമാക്കണം, അതുവഴി ചക്രവർത്തിയുടെ മനസ്സിന്റെ അസ്വാസ്ഥ്യങ്ങളും.

ഏറെ ശ്രദ്ധയോടെ ഹസെ ഹിമെ ഒരു പ്രാർത്ഥനാഗീതം രചിച്ചു. അരികുകളിൽ സ്വർണ്ണത്തരികൾ പൂശിയ കടലാസിലാണതെഴുതിയത്.

അച്ഛനും രാജപ്രമുഖർക്കും പരിചാരകർക്കുമൊപ്പം അലറിക്കുതിച്ചൊഴുകുന്ന തത് സുതാ നദിക്കരയിലെത്തി ഇരുകൈകളും ചേർത്ത് അത് ആകാശത്തേക്കുയർത്തിക്കാണിച്ച് അതിലെ വരികൾ ഹൃദയമുരുകി അവളുറക്കെയാലപിച്ചു. അവിടെ കൂടിയ ജനാവലിയെ മുഴുവൻ അദ്ഭുതസ്തബ്ധരാക്കിക്കൊണ്ട് മലവെള്ളപ്പാച്ചിലിന്റെ അലറിവിളിച്ചുള്ള കുത്തിയൊഴുക്ക് അടങ്ങുകയും തത് സുതാ



നദി മുമ്പേപോലെ ശാന്തയാവുകയും ചെയ്തു. ചക്രവർത്തിയുടെ മനസ്സും അതുപോലെ ശാന്തമായി.

അതീവസന്തുഷ്ടനായ ചക്രവർത്തി ഹസെ ഹിമെയെ കൊട്ടാരത്തിലേക്ക് വിളിപ്പിച്ചു. 'ചിഞ്ചോ' എന്ന വിശിഷ്ട ബഹുമതി ചാർത്തിക്കൊടുത്തു. സൈനിക ഉപമേധാവിയുടെ സ്ഥാനത്തിന് തുല്യമായ പദവിയാണ്. അന്നുമുതൽ ഹസെ ഹിമെ, ചിഞ്ചോ ഹിമെ എന്നറിയപ്പെട്ടു.

ഹസെ ഹിമെയ്ക്ക് കിട്ടിയ ആദരവിലും അംഗീകാരത്തിലും സന്തോഷിക്കാത്ത ഒരേയൊരാളേ ഉണ്ടായിരുന്നുള്ളൂ. അവളുടെ രണ്ടാനമ്മ തെരൂത്തെ മാത്രം. ഹസെയ്ക്കു കൈവന്ന പേരും പെരുമയും രാജപ്രീതിയും അവരുടെ മനസ്സിൽ അസൂയയുടെയും പകയുടെയും എരിയുന്ന കനൽക്കൂമ്പാരമായി. മകളെക്കുറിച്ച് ഇല്ലാക്കഥകൾ പറഞ്ഞ് തെറ്റിദ്ധരിപ്പിക്കാൻ പല ശ്രമങ്ങളും നടത്തി. അതെല്ലാം ടോയോനാരി പുച്ഛിച്ചുതള്ളി.

**ഹസെ ഹിമെയ്ക്ക് കിട്ടിയ ആദരവിലും അംഗീകാരത്തിലും സന്തോഷിക്കാത്ത ഒരേയൊരാളേ ഉണ്ടായിരുന്നുള്ളൂ. അവളുടെ രണ്ടാനമ്മ തെരൂത്തെ മാത്രം. ഹസെയ്ക്കു കൈവന്ന പേരും പെരുമയും രാജപ്രീതിയും അവരുടെ മനസ്സിൽ അസൂയയുടെയും പകയുടെയും എരിയുന്ന കനൽക്കൂമ്പാരമായി.**

ചക്രവർത്തി ഏൽപ്പിച്ച ദൗത്യവുമായി മന്ത്രി ടോയോനാരിക്ക് ഏതാനും ആഴ്ചകൾ ദൂരയാത്ര ചെയ്യേണ്ടതായി വന്നു. ആ അവസരം മുതലാക്കി തെരൂത്തെ ഒരു കഥ മെനഞ്ഞെടുത്തു. ഹസെ ഹിമെ പൊറുക്കാനാവാത്ത ഒരു തെറ്റു ചെയ്തിട്ടുണ്ടെന്നും കുടുംബത്തിനാകെ ചീത്തപ്പേര് വരാൻ പോവുകയാണെന്നും ടോയോനാരിയുടെ മന്ത്രിസ്ഥാനംപോലും നഷ്ടപ്പെടാൻ സാധ്യതയുണ്ടെന്നും അവർ തന്റെ വിശ്വസ്തപരിചാരകനെ ബോധ്യപ്പെടുത്താൻ ശ്രമിച്ചു.

അയാൾക്ക് കിട്ടിയ ആജ്ഞ നിസ്സാരമായിരുന്നില്ല. ഹസെ ഹിമെയെ ഘോര വനപ്രദേശമായ ഹിബാരി മലനിരകളിൽ കൊണ്ടുചെന്നു വിടണം. അവിടെയെത്തിയാൽ ഏതെങ്കിലും കാട്ടുമൃഗങ്ങൾക്കിരയായി അവളുടെ കഥ തീർന്നുകൊള്ളുമെന്ന് തെരൂത്തെ കരുതി.

ടോയോനാരിയുടെ അഭാവത്തിൽ ഹസെ ഹിമെയെ നാടുകടത്തുന്നതിൽ കറ്റോഡ എന്ന പരിചാരകന് അമർഷമുണ്ടായിരുന്നെങ്കിലും അയാൾക്ക് ആജ്ഞ അനുസരിച്ചേ പറ്റൂ.

കറ്റോഡ ഒരു പല്ലക്കൊരുക്കി. ഹിബാരി മലഞ്ചെരുവിലെ പ്രകൃതിസുന്ദരമായ താഴ്‌വരയിൽ ഏകാന്തമായ ഒരിടത്ത് അവളെക്കൊണ്ടുചെന്നാക്കാൻ അയാൾ പദ്ധതി തയ്യാറാക്കി.

എതിർപ്പുയർത്തിയതുകൊണ്ട് കാര്യമില്ലെന്ന് ഹസെ ഹിമെയ്ക്കു തോന്നി. കറ്റോഡെയ്ക്കൊപ്പം പോകാൻ അവൾ തയ്യാറായി.

കറ്റോഡെയ്ക്കറിയാമായിരുന്നു ഹസെ ഹിമെ ഒരു തെറ്റും ചെയ്തിട്ടില്ലെന്ന്. സുന്ദരമെങ്കിലും വിജനമായ ആ പ്രദേശത്ത് അവളെ അങ്ങനെ ഉപേക്ഷിച്ചു പോരാൻ അയാൾക്ക് മനസ്സു വന്നില്ല. ഏതുവിധേനെയും അവളുടെ ജീവൻ രക്ഷിച്ചേ മതിയാകൂ. പക്ഷേ ആജ്ഞ അനുസരിക്കാതെ തെരൂത്തെയുടെ അടുത്തേക്ക് തിരിച്ചു ചെല്ലാനും വയ്യ.

ചില കർഷകരുടെ സഹായത്തോടെ അയാൾ അവിടെയൊരു കുടിൽ കെട്ടി. രഹസ്യമായി തന്റെ ഭാര്യയെയും അങ്ങോട്ടു വരുത്തി. രാജകുമാരിയുടെ സംരക്ഷണം കറ്റോഡെയും ഭാര്യയും ഏറ്റെടുത്തു.

തന്റെ നിരപരാധിത്വം അച്ഛൻ തിരിച്ചറിയുമെന്ന് അവൾക്കുറപ്പുണ്ടായിരുന്നു, കൊട്ടാരത്തിൽ തിരിച്ചെത്തിയാൽ തന്നെ അന്വേഷിച്ചു കണ്ടുപിടിക്കുമെന്നും.

ഏതാനും ആഴ്ചകൾ കഴിഞ്ഞ് ടോയോനാരി കൊട്ടാരത്തിൽ മടങ്ങിയെത്തി. പൊറുക്കാനാവാത്ത കുറ്റം ചെയ്തതിൽ ശിക്ഷിക്കപ്പെടുമെന്ന ഭയത്താൽ ഹസെ ഹിമെ എങ്ങോട്ടോ ഒളിച്ചോടിപ്പോയതാണെന്ന് തെരൂത്തെ അയാളോടു പറഞ്ഞു.

ടോയോനാരി ആകെ ആശങ്കയിലായി. എല്ലാവരും അതുതന്നെ പറയുന്നു. ഹസെ ഹിമെ ഒരു ദിവസം പെട്ടെന്ന് അപ്രത്യക്ഷയായെന്ന്.

എന്തുകൊണ്ടെന്നോ എവിടേയ്ക്കെന്നോ ആർക്കുമറിയില്ല. അപഖ്യാതി ഭയന്ന് അയാൾ സാഹസത്തിനൊന്നും മുതിർന്നില്ല. പക്ഷേ രഹസ്യമായി നഗരങ്ങളിലും ഗ്രാമങ്ങളിലുമൊക്കെ അന്വേഷിക്കുന്നുണ്ടായിരുന്നു. ഒന്നും ഫലം കണ്ടില്ലെന്നുമാത്രം.

ഒടുവിലൊരുനാൾ ടോയോനാരി തീരുമാനിച്ചു. മകൾ എവിടെയുണ്ടെങ്കിലും കണ്ടെത്തുക തന്നെ ചെയ്യും. തന്റെ വിശ്വസ്തരെയും കുറച്ചു പടയാളികളെയും അയാൾ തയ്യാറാക്കി. ഹിബാരി മലനിരകളും ചുറ്റുമുള്ള കൊടുങ്കാടും അരിച്ചുപെറുക്കുകതന്നെ.

എല്ലാവർക്കും മുമ്പിലായി ടോയോനാരിയുടെ കുതിര കുതിച്ചു. അകലെയാണ് ഹിബാരി മേഖല. സത്രങ്ങളിലും ഇടത്താവളങ്ങളിലും തങ്ങിയും അന്തിയുറങ്ങിയും പല ദിവസങ്ങളെടുത്താണ് യാത്ര.

മലഞ്ചെരുവിലെ മനോഹരമായൊരു താഴ്‌വരയിലാണ് ടോയോനാരി എത്തിച്ചേർന്നത്.

പുൽമേടും പൂമരങ്ങളും വള്ളിപ്പടർപ്പുകളും പൊയ്കയുമൊക്കെയായി ഹൃദയം കവരുന്ന പ്രകൃതിഭംഗി.

ആ ദൃശ്യഭംഗി ആസ്വദിച്ചു നിൽക്കേ അധികം അകലെയല്ലാതെയായി ഒരു കൊച്ചുകുടിൽ ടോയോനാരിയുടെ കണ്ണിൽപ്പെട്ടു. അവിടെനിന്ന് മാധുര്യമാർന്ന സ്വരത്തിൽ ബുദ്ധസൂക്തങ്ങൾ ഉയരുന്നുണ്ടായിരുന്നു. അയാൾ കുതിരപ്പുറത്തുനിന്നിറങ്ങി ആ കുടിൽ ലക്ഷ്യമാക്കി നടന്നു. സൂക്തങ്ങളുരുവിടുന്നത് സുന്ദരിയായ ഒരു പെൺകുട്ടിയാണ്. താഴ്‌വരയുടെ സുകൃതഭംഗികളിലേക്ക് കണ്ണയച്ചാണ് അവളിരുന്നത്. ഭക്തിപൂർവമായിരുന്നു അവളുടെ ആലാപനം. പൂർണമായും ബൗദ്ധദർശനങ്ങളിൽ മുഴുകി ഏകാഗ്രതയോടെ.

കുടിലിന്റെ പടിക്കെട്ട് കടന്ന് അടുത്തെത്തിയപ്പോൾ അയാൾ തിരിച്ചറിഞ്ഞു, തന്റെ മകൾ!

"ഹസെ ഹിമേ..., മോളേ."

അയാളുടെ സ്വരം വിറയാർന്ന് വിതുമ്പി.

അവൾ തിരിഞ്ഞുനോക്കി.

"അച്ഛൻ, എന്റെ അച്ഛൻ." അവളുടെ ശബ്ദമിടറി.

ഓടിച്ചെന്ന് കെട്ടിപ്പിടിച്ചതും ഹസെ ഹിമെയുടെ കണ്ണുകൾ നിറഞ്ഞൊഴുകി.

ടോയോനാരി മകളുടെ മുടിച്ചുരുളുകളിൽ സ്നേഹപൂർവം തഴുകി. എന്തൊക്കെയാണ് സംഭവിച്ചതെന്ന അയാളുടെ ആവർത്തിച്ചുള്ള ചോദ്യങ്ങൾക്ക് അവളുടെ നിലയ്ക്കാതുതിരുന്ന കണ്ണുനീർത്തുള്ളികൾ മാത്രമായിരുന്ന മറുപടി.

അപ്പോഴേക്കും കറ്റോഡെ കടന്നുവന്നു. ഉണ്ടായ സംഭവങ്ങളെല്ലാം അയാൾ വിശദമായി ടോയോനാരി രാജകുമാരനെ ധരിപ്പിച്ചു. തെരൂത്തെയുടെ ചതിപ്രയോഗങ്ങൾ അപ്പോഴാണ് അയാൾക്ക് ബോധ്യമായത്.

ടോയോനാരി മകൾക്കൊപ്പം നാരായിലേക്കുള്ള മടക്കയാത്ര തുടങ്ങി. അന്വേഷണ സംഘത്തിലെ ഒരു സൈനികൻ മുമ്പിൽ കുതിച്ചുപാഞ്ഞ് സംഭവിച്ചതൊക്കെയും കൊട്ടാരവൃത്തങ്ങളിൽ അറിയിച്ചു.

തന്റെ ചതിപ്രയോഗങ്ങളൊക്കെയും വെളിവാക്കപ്പെട്ടു എന്നറിഞ്ഞതോടെ കിട്ടിയതെന്തൊക്കെയോ വാരി സഞ്ചിയിലാക്കി തെരൂത്തെ തന്റെ അച്ഛന്റെ വീട്ടിലേക്ക് രക്ഷപ്പെട്ടു.

അവരെപ്പറ്റി പിന്നീടാർക്കും ഒരു വിവരവും കിട്ടിയതേയില്ല.

കറ്റോഡെയ്ക്ക് വിലപിടിപ്പുള്ള നിരവധി സമ്മാനങ്ങളും സ്ഥാനക്കയറ്റവുമൊക്കെ കിട്ടി. മരണം വരെ ഹസെ ഹിമെ രാജകുമാരിയുടെ വിശ്വസ്ത പരിചാരകനായി തുടരാനാണ് അയാളാഗ്രഹിച്ചത്.

സമയമെത്തിയതോടെ അത്യാഡംബരപൂർവം ഹസെ ഹിമെയുടെ വിവാഹം നടന്നു. അതിന്റെ ആഘോഷങ്ങൾ നാരാ നഗരത്തിൽ ദിവസങ്ങളോളം നീണ്ടുനിന്നു.

കാലമെത്ര കടന്നുപോയിട്ടും നാരായിലെ ബൗദ്ധസന്ന്യാസിമഠങ്ങളിൽ ഹസെ ഹിമെ രചിച്ച പ്രാർത്ഥനാഗീതങ്ങൾ ഇപ്പോഴും ആലപിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ക്യോട്ടോയിലെ പ്രസിദ്ധമായ ബുദ്ധക്ഷേത്രങ്ങളിലൊന്നിന്റെ ചുമരിൽ ഇപ്പോഴും തൂങ്ങുന്നുണ്ട്, താമരത്തണ്ടിന്റെ നൂലിഴകളാൽ പട്ടുവസ്ത്രത്തിൽ തുന്നിച്ചേർത്ത ഒരു ബുദ്ധരൂപം.

അത് ഹസെ ഹിമെ രാജകുമാരി ചെയ്തതാണെന്ന് നാരായിലെ പഴമക്കാർ പറയാറുണ്ട്.

## പ്രൊഫ. തുമ്പമൺ തോമസിന്റെ പത്താം ചരമവാർഷികം






ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുൻ ഡയറക്ടറും സാഹിത്യകാരനുമായ പ്രൊഫ. തുമ്പമൺ തോമസിന്റെ പത്താം ചരമവാർഷികത്തോട് അനുബന്ധിച്ച് അനുസ്മരണസമ്മേളനവും പുസ്തകപ്രകാശനവും നടന്നു. അടൂർ ഗോപാലകൃഷ്ണൻ പുസ്തകപ്രകാശനം നടത്തി. ഇൻസ്റ്റിറ്റ്യൂട്ട് മുൻ ഡയറക്ടർ പോൾ മണലിലും മറ്റു പ്രമുഖരും പങ്കെടുത്തു.

# പ്രതീക്ഷയുടെ ഓസോൺ കവചം

സീമ ശ്രീലയം


ഓസോൺ പാളിയെ സംരക്ഷിക്കുന്നതിനായി ലോകരാജ്യങ്ങളെ ഒന്നിച്ചണിനിരത്തിയ മോൺട്രിയൽ പ്രോട്ടോകോൾ വലിയ വിജയത്തിലേക്ക് അടുക്കുകയാണ്. മനുഷ്യരൊരുമിച്ച് ഭൂമിയെ സംരക്ഷിക്കാനുള്ള ഈ യജ്ഞത്തിന്റെ പശ്ചാത്തലത്തിലാണ് ഇത്തവണത്തെ ഓസോൺദിനാചരണം. 'Montreal Protocol, advancing climate action' എന്ന സന്ദേശവുമായാണ് ഇത്തവണ ഓസോൺ ദിനം കടന്നുവരുന്നത്. 1987 സെപ്റ്റംബർ 16 ന് മോൺട്രിയലിൽ വച്ചാണ് ഓസോൺ പാളിയെ രക്ഷിക്കാനുള്ള ഉടമ്പടിയിൽ ലോകരാഷ്ട്രങ്ങൾ ഒപ്പുവച്ചത്. 1994ൽ ഈ ദിനം ലോക ഓസോൺദിനമായി യു എൻ പ്രഖ്യാപിക്കുകയും ചെയ്തു. മോൺട്രിയൽ ഉടമ്പടിയുടെ 2016 ലെ കിഗാലി ഭേദഗതിയിൽ ഹരിതഗൃഹ വാതകമായ ഹൈഡ്രോഫ്ലൂറോ കാർബണുകൾ (HFC) ഘട്ടംഘട്ടമായി ഒഴിവാക്കാനായിരുന്നു തീരുമാനം. ഇതു വിജയിച്ചാൽ അടുത്ത നൂറ്റാണ്ടോടെ ആഗോള താപനിലയിൽ 0.5 ഡിഗ്രി സെൽഷ്യസ് വർദ്ധന എന്ന ഭീഷണി ഒഴിവായിക്കിട്ടുമെന്നാണു പ്രതീക്ഷ.






ബ്രിട്ടീഷ് അന്റാർട്ടിക് സർവേയിലെ ഗവേഷകരായ ജോയ് ഫാർമാൻ, ബ്രിയാൻ ഗാർഡിനർ, ജൊനാതൻ ഷാങ്ക്‌ലിൻ എന്നീ ശാസ്ത്രജ്ഞർ 1985ൽ നേച്ചർ ജേണലിൽ ഒരു പഠനറിപ്പോർട്ട് പ്രസിദ്ധീകരിച്ചു.

ലോകത്തെ മുഴുവൻ ഞെട്ടിച്ച ഒരു റിപ്പോർട്ട്. അന്റാർട്ടിക്കയ്ക്കു മുകളിലുള്ള ഓസോൺ പാളി വലിയ തോതിൽ ശോഷിച്ചിരിക്കുന്നു! വലിയ കോളിളക്കമാണ് ആ റിപ്പോർട്ട് സൃഷ്ടിച്ചത്. ഓസോൺ പാളി ക്ഷയിക്കുന്നത് അപകടകരമാണ് എന്ന ബോധ്യം വന്നെങ്കിലും അതിന്റെ കൃത്യമായ കാരണം ആരും തിരിച്ചറിഞ്ഞിരുന്നില്ല. പിന്നീട് ഓസോൺപാളിയുടെ അന്തകരാസവസ്തുവിനെ



ആഗസ്റ്റ് 1980 ആഗസ്റ്റ് 2000

നീലനിറം ഓസോൺ ഇല്ലാതാകുന്നതിനെ സൂചിപ്പിക്കുന്നു.


തിരിച്ചറിഞ്ഞപ്പോൾ ശാസ്ത്രലോകം വീണ്ടും ഞെട്ടി. മിറക്കിൾ കെമിക്കൽ എന്നു വാഴ്ത്തപ്പെട്ട CFC കൾ (ക്ലോറോ ഫ്ളൂറോ കാർബണുകൾ) ആയിരുന്നു അത്. ജനറൽ മോട്ടോഴ്സിലെ ഗവേഷകനായ തോമസ് മിഡ്ഗ്ലേ കണ്ടുപിടിച്ച നിറവും മണവുമില്ലാത്ത, സ്ഥിരതയുള്ള നിരുപദ്രവകാരിയെന്നു കരുതപ്പെട്ട ഈ രാസവസ്തു ഓസോൺ പാളിക്കു ചരമഗീതം രചിക്കുന്നുവെന്നു തെളിഞ്ഞതോടെ പ്രശസ്തിയുടെ വെള്ളിവെളിച്ചത്തിൽനിന്ന ആ ശാസ്ത്രജ്ഞനെ മാധ്യമങ്ങൾ നിർഭാഗ്യവാനായ ശാസ്ത്രജ്ഞൻ എന്നു വിശേഷിപ്പിച്ചു.

റഫ്രിജറേറ്ററുകളിലും എയർകണ്ടീഷണറുകളിലും ശീതീകാരി എന്ന നിലയിൽ കൂടുതലായി ഉപയോഗിക്കപ്പെട്ട സി എഫ് സികൾക്ക് മറ്റ് അനേകം ഉപയോഗങ്ങളും ഉണ്ടായിരുന്നു.

രാസവസ്തു നിർമ്മാണത്തിൽ നല്ലൊരു ലായകം എന്ന നിലയിൽ മുതൽ അഗ്നിശമനി, പ്ലാസ്റ്റിക്ക് നിർമ്മാണം, സ്പ്രേ പെയിന്റ് നിർമ്മാണം തുടങ്ങി നിരവധി മേഖലകളിൽ ഈ രാസവസ്തു പ്രയോജനകരമായി. ഇങ്ങനെ നിരവധി പ്രയോജനങ്ങൾ ഉള്ളതിനാൽത്തന്നെ വളരെപ്പെട്ടെന്നാണ് സി എഫ് സികൾ ലോകവ്യാപകമായി ഉപയോഗിക്കപ്പെട്ടത്.

### ഓസോൺ നശിക്കുന്നതെങ്ങനെ?

പോൾ ജെ. ക്രൂറ്റ്സൺ, മാരിയോ ജെ. മോളിന, എഫ്. ഷെർവുഡ് റൗളണ്ട് എന്നീ ശാസ്ത്രജ്ഞരാണ് സി എഫ് സി കളുടെ നാശനതന്ത്രം കണ്ടെത്തിയത്. സ്ട്രാറ്റോസ്ഫിയറിൽ എത്തിച്ചേരുന്ന സി എഫ് സി കളിൽനിന്ന് സ്വതന്ത്രമാവുന്ന ആക്റ്റീവ് ക്ലോറിൻ റാഡിക്കലുകളാണ് ഓസോണിനെ വിഘടിപ്പിക്കുന്നത്. ഇവ വർഷങ്ങളോളം സ്ട്രാറ്റോസ്ഫിയറിൽ നാശമില്ലാതെ ചുറ്റിത്തിരിയും. ഒരു ക്ലോറിൻ റാഡിക്കൽ ഒരു ലക്ഷം ഓസോൺ തന്മാത്രകളെ വരെ വിഘടിപ്പിക്കും! ആക്റ്റീവ് ക്ലോറിൻ റാഡിക്കലുകൾ ഇല്ലാതാകുന്നതുവരെ നാശനം തുടരും. ആക്റ്റീവ് ബ്രോമിൻ റാഡിക്കലുകളും ഓസോൺ നാശനത്തിനു കാരണമാവുന്നുണ്ട്.



### സാധ്യതകൾ, പ്രതീക്ഷകൾ

ഗ്രീൻ ഫ്രീസ് ഹൈഡ്രോ കാർബൺ ടെക്നോളജി, ഓസോൺ പാളിയിൽ അറ്റകുറ്റപ്പണി നടത്തുന്ന നാനോ റോബോട്ടുകൾ, ഓസോൺ നാശക രാസവസ്തുക്കളെ അരിച്ചുനീക്കാൻ കഴിയുന്ന നാനോ ഫിൽറ്ററുകൾ, അവയെ ആഗിരണംചെയ്തു നീക്കുന്ന സിന്തറ്റിക് സൂക്ഷ്മജീവികൾ, ജനിതകമാറ്റം വരുത്തിയ സൂക്ഷ്മജീവികൾ എന്നിവയൊക്കെ പ്രതീക്ഷയുടെ പച്ചത്തുരുത്തുകളാണ്. സ്ട്രാറ്റോസ്ഫെറിക് എയ്റോസോൾ ഇഞ്ചക്ഷന്റെ സാധ്യതയെക്കുറിച്ചും ചർച്ചകൾ നടക്കുന്നു. ഓസോൺ നാശക രാസവസ്തുക്കൾ ഇല്ലാത്ത ഉല്പന്നങ്ങൾ ഉപയോഗിക്കുന്നതിലൂടെ നമുക്കും ഓസോൺ പാളിയുടെ സംരക്ഷണത്തിൽ പങ്കാളികളാവാം.

**2024 ആഗസ്റ്റ് മാസത്തെ ഓസോണിന്റെ അളവ്. ഇപ്പോഴും പൂർണ്ണമായും ഓസോൺ പാളിയുടെ വിടവ് അടഞ്ഞിട്ടില്ല എന്നാണ് ഇതു സൂചിപ്പിക്കുന്നത്.**

## ഓസോൺ നാശനവസ്തുക്കൾ (ODS)

ODS എന്നാൽ Ozone depleting substances. മോൺ ട്രിയൽ പ്രോട്ടോകോളിൽ ഓസോൺ നാശകരാസ വസ്തുക്കളെ ക്ലാസ്സ് 1 ODS, ക്ലാസ്സ് 2 ODS എന്നി ങ്ങനെ തരംതിരിച്ചിട്ടുണ്ട്. ക്ലാസ്സ് 1 ൽ ക്ലോറോ ഫ്ളൂറോ കാർബണുകളും(CFC) ക്ലാസ്സ് 2 ൽ ഹൈഡ്രോ ക്ലോറോ ഫ്ളൂറോ കാർബണുകളും (HCFC) ആണു വരുന്നത്. ഇതുകൂടാതെ VSLS (very short lived substances) എന്നറിയപ്പെടുന്ന ചില രാസവസ്തുക്കളും ഓസോൺ പാളിക്ക് പുതിയ ഭീഷണിയുയർത്തുന്നുണ്ട്. ഇതിനൊക്കെ ബദ ലായി റഫ്രിജറേറ്ററുകളിലും എയർ കണ്ടീഷ ണറുകളിലും ഫോമിലും എയ്റോസോളിലു മൊക്കെ HFC കൾ ഉപയോഗിക്കാൻ തുടങ്ങിയ പ്പോഴതാ മറ്റൊരു പൊല്ലാപ്പ്. ഓസോൺ പാളിക്ക് ഇവ ഹാനികരമല്ലെങ്കിലും ആഗോളതാപനത്തിനു കാരണമാവുന്ന ഹരിതഗൃഹവാതകങ്ങളാണിവ.

## അന്റാർട്ടിക്കയിലെ മേഘങ്ങളും ഓസോൺ ശോഷണവും

ആർട്ടിക്കിനെ അപേക്ഷിച്ച് അന്റാർട്ടിക്കയ്ക്കു മുക ളിൽ വൻതോതിൽ ഓസോൺ ശോഷണം സംഭ വിക്കുന്നതിനൊരു കാരണമുണ്ട്. ഇവിടെ സെപ്റ്റം ബർ-ഒക്റ്റോബർ മാസങ്ങളിൽ വളരെ താഴ്ന്ന താപനിലയും നല്ല സൂര്യപ്രകാശവും പോളാർ സ്ട്രാറ്റോസ്ഫറിക് മേഘങ്ങളുടെ രൂപീകരണം ത്വരിതപ്പെടുത്തും. ഈ തണുത്തുറഞ്ഞ മേഘ ങ്ങളിൽ ക്ലോറിന്റെ ഓസോൺ നാശനം ത്വരിത ഗതിയിലാവും സംഭവിക്കുക.

## തിരിച്ചുവരവിന്റെ പാതയിൽ

ഓസോൺ പാളിക്ക് സംഭവിക്കുന്ന ശോഷണ ത്തെയാണ് ഓസോൺ സുഷിരം എന്നു വിളി ക്കുന്നത്. അന്റാർട്ടിക്കയ്ക്കു മുകളിൽ ഓസോൺ പാളിയുടെ പരിക്കുകൾ ഭേദമായിക്കൊണ്ടിരി ക്കുന്നു എന്നാണ് ശുഭവാർത്ത. 2000 ൽ അന്റാർ ട്ടിക്കയ്ക്കു മുകളിൽ കാണപ്പെട്ട ഓസോൺ സുഷി രത്തെക്കാൾ 40 ലക്ഷം ചതുരശ്ര കിലോമീറ്റർ വിസ്തൃതി കുറവായിരുന്നു 2015 ലെ ഓസോൺ സുഷിരത്തിന്! ഓസോണിന്റെ അന്തകരായ രാസവസ്തുക്കളെ ഒഴിവാക്കുന്നതിലും അവയുടെ ഉപയോഗം നിയന്ത്രിക്കുന്നതിലും മോൺട്രിയൽ പ്രോട്ടോക്കോൾ അനുസരിച്ച് ലോകരാഷ്ട്രങ്ങൾ ഒത്തൊരുമിച്ചു പ്രവർത്തിച്ചതിന്റെ ഫലമാണിത്. ടോട്ടൽ ഓസോൺ മാപ്പിങ് സ്പെക്ട്രോമീറ്റർ, കാലാ വസ്ഥാ ബലൂണുകൾ, ഉപഗ്രഹങ്ങൾ, കമ്പ്യൂട്ടർ മോഡലുകൾ എന്നിവയുടെ സഹായത്തോടെ നടന്ന പഠനത്തിൽനിന്ന് ഓസോൺ ശോഷണം കുറഞ്ഞതിന്റെ കാരണങ്ങളിൽ പ്രധാനപ്പെട്ടത് അന്തരീക്ഷത്തിൽ ക്ലോറിന്റെ സാന്നിധ്യം കുറഞ്ഞ താണെന്നു തെളിഞ്ഞു. ഇങ്ങനെ തുടർന്നാൽ 2066-ഓടെ അന്റാർട്ടിക്കിലെ ഓസോൺ പാളിയും 2045-ഓടെ ആർട്ടിക്കിലെ ഓസോൺ പാളിയും 1980-ലെ അവസ്ഥയിലേക്ക് മടങ്ങുമെന്നാണ് യു എൻ ഇ പി റിപ്പോർട്ട് പറയുന്നത്.

## അല്പം ആശങ്കയും

എന്നാൽ കഴിഞ്ഞ വർഷം സെപ്റ്റംബർ 21 ന് അന്റാർട്ടിക്കിലെ ഓസോൺ സുഷിരം 26 മില്ല്യൻ ചതുരശ്ര കിലോമീറ്റർ ആയത് ആശങ്കയായി. ഹംഗ ടോംഗ-ഹംഗ ഹാപായ് അഗ്നിപർവത സ്ഫോ ടനഫലമായി ധാരാളം ജലബാഷ്പം അന്തരീക്ഷ ത്തിൽ എത്തിയത് പോളാർ സ്ട്രാറ്റോസ്ഫെറിക് മേഘങ്ങളുടെ രൂപീകരണം ത്വരിതപ്പെടുത്തിയ താവാം ഇതിനു കാരണം എന്നു ഗവേഷകർ പറയുന്നു. 2015 സെപ്റ്റംബറിൽ ഓസോൺ പാളിക്ക് സംഭവിച്ച വൻശോഷണത്തിനു വഴി യൊരുക്കിയത് ചിലിയിലെ കാൽബുകോ അഗ്നിപർവത സ്ഫോടനമായിരുന്നു.

## രക്ഷാകവചം ശോഷിക്കുമ്പോൾ

നമ്മുടെ രക്ഷാകവചമായ ഓസോൺ പാളി ശോഷിക്കുമ്പോൾ സൂര്യനിൽനിന്നുള്ള മാരകമായ അൾട്രാവയലറ്റ് കിരണങ്ങൾ കൂടുതലായി ഭൂമി യിലെത്തും. കെട്ടിടങ്ങളിൽ പതിക്കുന്ന അൾട്രാ വയലറ്റ് വികിരണങ്ങൾ പെയിന്റിന്റെ നിറം മങ്ങാൻ കാരണമാകുന്നത് നിങ്ങൾ ശ്രദ്ധിച്ചിരിക്കും.

ഉയർന്ന തോതിൽ അൾട്രാവയലറ്റ് എത്തിയാൽ ചർമ്മാർബുദം, നേത്രരോഗങ്ങൾ, രോഗപ്രതിരോധ ശേഷിക്കുറവ് എന്നിവയ്ക്കൊക്കെ കാരണമാവും. സസ്യപ്ലവകങ്ങളെയും സസ്യവളർച്ചയെയും ഇത് ദോഷകരമായി ബാധിക്കും. വിവിധ ആവാസ വ്യവസ്ഥകൾക്കും ഭക്ഷ്യശൃംഖലകൾക്കും ഇത് ദോഷകരമാണ്.

## സ്ട്രാറ്റോസ്ഫിയറിൽ രക്ഷ, പക്ഷേ...

സ്ട്രാറ്റോസ്ഫിയറിൽ രക്ഷാകവചമാവുന്ന ഓസോൺ ഭൂമിയുടെ സമീപ അന്തരീക്ഷപാളിയായ ട്രോപ്പോ സ്ഫിയറിൽ മലിനീകാരിയും താപവർദ്ധനവിനു കാരണമാവുന്ന ഹരിതഗൃഹവാതകവുമാണെന്ന റിയാമോ? ഭൂമിയുടെ സമീപ അന്തരീക്ഷത്തിൽ ഇതിന്റെ തോതു കൂടിയാൽ മനുഷ്യനും മറ്റ് ജീവി കൾക്കും ശ്വാസകോശപ്രശ്നങ്ങൾ, കാർഷികവിള കളുടെയും സസ്യങ്ങളുടെയും വളർച്ച മുരടിക്കൽ തുടങ്ങി പ്രശ്നങ്ങൾ ചില്ലറയല്ല. പുകയും മൂടൽ മഞ്ഞുമൊക്കെ ചേർന്നുണ്ടാവുന്ന, കടുത്ത മലിനീ കരണപ്രതിഭാസമായ സ്മോഗിലെ ഒരു പ്രധാന ഘടകവുമാണ് ഓസോൺ.

# ഇളം തളിര്

ഇളംതളിരിലേക്ക് കൂട്ടുകാരുടെ സൃഷ്ടികൾ അയക്കൂ. രചനകൾ ചെറുതായിരിക്കണം. കുഞ്ഞുകഥയോ കവിതയോ ലേഖനമോ ആകാം. തളിരിനെക്കുറിച്ചുള്ള അഭിപ്രായങ്ങളും അയക്കാം.

# കുഞ്ഞിക്കിളിക്കൊപ്പം

കുഞ്ഞിക്കിളിയേ ഓടിവാ
കുഞ്ഞിക്കൂട് ഞാൻ നൽകാം
കുഞ്ഞിക്കിളിയേ ഓടിവാ
എന്നുടെ കൂടെ കൂടാമോ
നിന്നെ കൂടെ കൂട്ടാം ഞാൻ
നിനക്കു വേണ്ടതു ഞാൻ നൽകാം
നിന്നുടെ ആശ നടത്തീടാം
കുഞ്ഞിക്കിളിയേ ഓടിവാ
എന്നുടെയരികേ ഓടിവാ
മഴനനയാതെ കാത്തോളാം ഞാൻ
വെയിൽ കൊള്ളാതേം കാത്തോളാം

**ലക്ഷ്മി ബി**
ക്ലാസ് 4
മണ്ണാറശ്ശാല യു പി സ്കൂൾ
ഹരിപ്പാട്, ആലപ്പുഴ



( വരയും എഴുത്തും ലക്ഷ്മിയുടെതാണ്. )

---



# വര

**വേദിക സി വിനേഷ്**
ക്ലാസ് 6
സരസ്വതി വിദ്യാനികേതൻ
സെൻട്രൽ സ്കൂൾ, കൊടകര,
തൃശ്ശൂർ

**അമൃതവർഷിണി**
ക്ലാസ് 7, വാല്യക്കോട് എ യു പി സ്കൂൾ പേരാമ്പ്ര, കോഴിക്കോട്

# ഓണം



വര: സചീന്ദ്രൻ കാറഡ്ക്ക

പൂക്കൾ
മായാജാലം
തീർക്കുകയാണ്.
ഉത്സവകാലം
ഒരുക്കുകയാണ്.

ജീവിതം
സന്തോഷത്താൽ
പൂക്കളമിടുകയാണ്.

പൂക്കാലമില്ലാത്ത
ഒരു കുട്ടി
കാത്തിരിപ്പാണ്.
മണ്ണിലേക്ക്
ആഴ്ന്നിറങ്ങിപ്പോയ
ആരെയോ കാത്ത്.



# മഴയാത്ര

**ആരഭി കൃഷ്ണ**
ക്ലാസ് 4
മണ്ണാറശ്ശാല യു പി സ്കൂൾ
ഹരിപ്പാട്, ആലപ്പുഴ

വെള്ളച്ചേലയണിഞ്ഞൊരു മേഘം
പാട്ടുംപാടിപ്പോകുന്നു
കാകൻ തന്നുടെ ചേലയണിഞ്ഞൊരു
കാർമുകിലവിടേക്കെത്തുന്നു
മാരുതി തന്നുടെ മേനി തണുക്കാൻ
ഭൂമിയിലൂടെ പാറുന്നു
മാനത്തുള്ളൊരു മഴവെള്ളം
മുത്തുകൾപോലെ പൊഴിയുന്നു
പുതുമഴ കിട്ടിയ ഭൂമിതൻ മടിയിൽ
പുതുനാമ്പുകൾ മുളയ്ക്കുന്നു
പുതുജീവൻ ഉദിക്കുന്നു.



വര: സചീന്ദ്രൻ കാറഡ്ക്ക

# 'മാലിന്യനിർമാർജനം ശീലമാക്കാം' ചിത്രരചനാമത്സരം – വിജയികളെ പ്രഖ്യാപിച്ചു

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് സ്കൂൾകുട്ടികൾക്കായി നടത്തിയ ചിത്രരചനാ മത്സരത്തിന്റെ വിജയികളെ പ്രഖ്യാപിച്ചു.

'മാലിന്യനിർമാർജനം ശീലമാക്കാം' എന്ന വിഷയത്തിലായിരുന്നു മത്സരം. സമ്മാനവും സർട്ടിഫിക്കറ്റും പിന്നീട് വിതരണം ചെയ്യും. ഓഗസ്റ്റ് 18നു തിരുവനന്തപുരം എസ്എം വി സ്കൂളിൽ നടന്ന മത്സരത്തിൽ നൂറോളം കുട്ടികൾ പങ്കെടുത്തു.



## യു പി വിഭാഗം

### ഒന്നാം സ്ഥാനം

**ആഷിഷ ആർ എസ്**
ക്ലാസ് 5
(കോട്ടൺഹിൽ
ഗവ. ഗേൾസ് ഹൈസ്കൂൾ,
തിരുവനന്തപുരം)




## എച്ച് എസ് വിഭാഗം

### ഒന്നാം സ്ഥാനം

**സഞ്ജയ് വി എസ്**
ക്ലാസ് 10
സെയിന്റ് ജോസഫ്സ്
ഹൈസ്കൂൾ,
തിരുവനന്തപുരം

THALIRU
September 2024, Volume 31, Issue No. 9, 48 Pages
Printed and Published by Palliyara Sreedharan on behalf of Kerala State Institute of Children's Literature, Thiruvananthapuram. Printed at St. Joseph's Press, Thiruvananthapuram, Kerala and Published at Kerala State Institute of Children's Literature, Sanskrit College campus, Palayam, Thiruvananthapuram -34
Editor: Palliyara Sreedharan



## യു പി വിഭാഗം
## രണ്ടാം സ്ഥാനം

**ശ്രീവിശാഖ് വി എസ്**
ക്ലാസ് 7
സെയിന്റ് റാഫേൽസ് എച്ച് എസ് എസ്,
എഴുപുന്ന, ആലപ്പുഴ



## യു പി വിഭാഗം
## മൂന്നാം സ്ഥാനം

**മുഹമ്മദ് ഷഹബാസ്**
ക്ലാസ് 7
ദർശന എച്ച് എസ് എസ്, നെടുമങ്ങാട്,
തിരുവനന്തപുരം





## എച്ച് എസ് വിഭാഗം
## രണ്ടാം സ്ഥാനം

**അശ്വിൻ ബി**
ക്ലാസ് 9
വിശ്വഭാരതി പബ്ലിക് സ്കൂൾ,
നെയ്യാറ്റിൻകര, തിരുവനന്തപുരം



## എച്ച് എസ് വിഭാഗം
## മൂന്നാം സ്ഥാനം

**നീഹാര എ ആർ**
ക്ലാസ് 8
കാർമൽ സ്കൂൾ പേയാട്,
തിരുവനന്തപുരം

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL/TV (N)/ WPP/11/2024-26
RNI No. 20076/1970
Regd KL/TV (N)/399/2024-2026
September 2024
Published on 01-09-2024 Vol:31, Issue: 9, ₹25

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന **തളിര് സ്കോളർഷിപ്പ്** 2024 ന് ഇപ്പോൾ രജിസ്റ്റർ ചെയ്യാം.

**250 രൂപ** അടച്ച് രജിസ്റ്റർ ചെയ്യുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് പരീക്ഷയിൽ പങ്കെടുക്കാം.

രജിസ്റ്റർ ചെയ്യുന്നവർക്ക് **2025 ജനുവരി** മുതൽ **ഡിസംബർ** വരെയുള്ള തളിര് തപാലിൽ ലഭ്യമാവും.


വര: രശ്മി രാഘവൻ

https://scholarship.ksicl.kerala.gov.in/

THALIRU

# തളിര് സ്കോളർഷിപ്പ് 2024

## 14 ലക്ഷം

**രൂപയുടെ സ്കോളർഷിപ്പ്**

**https://scholarship.ksicl.kerala.gov.in/**
**എന്ന സൈറ്റിൽ രജിസ്റ്റർ ചെയ്യാം**

**ജില്ലാതലം**
യു.പി, ഹൈസ്കൂൾ വിഭാഗങ്ങളിലായി **ഓരോ ജില്ലയിലും** ചുരുങ്ങിയത് **100 പേർക്ക്** സ്കോളർഷിപ്പും സർട്ടിഫിക്കറ്റും.

**സംസ്ഥാനതലം**
ഇരു വിഭാഗത്തിലും ആദ്യ മൂന്നു റാങ്കുകാർക്ക് **10000, 5000, 3000 രൂപ** എന്നിങ്ങനെ സ്കോളർഷിപ്പും സർട്ടിഫിക്കറ്റും.

100കുട്ടികളിൽ കൂടുതൽ തളിര് സ്കോളർഷിപ്പിനു ചേരുന്ന സ്കൂളുകൾക്ക് 1000രൂപയുടെ പുസ്തകങ്ങൾ